# ചോരപ്പാടു (ഡു) കൾ

# ക്യാംപസ് പെൺകഥകൾ

---

**കഥാസമാഹാരം**

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ
പുഴമുടി പോസ്റ്റ്, വയനാട് – 673121

**Chorappadukal - Campus Penkadhakal**
Collection of Selected Stories

Rights Reserved

First Published
March 2016

Editor
Dr. K. Rameshan

Editorial Board
Mr. P.C. Ashraff, Dr. Saji. R. Kurup, Dr. Basheer Poolakkal

Cover Design
Muhammed Suharabi

Layout
Noble Offset Press, Kalpetta

Publishers
Sahithyavedi, NMSM Govt. College, Puzhamudi P.O., Vellaramkunnu,
Kalpetta - 673121

Finance Assistance
PTA, NMSM Govt. College, Kalpetta

Printed at
Geethanjali, Kozhikode

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

**Price ₹ 75/-**

# മുഖവുര

വർത്തനമാനകാല സമൂഹത്തിന്റെ കുറുമുറി തന്നെയാണ് കലാലയങ്ങൾ. സർഗ്ഗാത്മകത കെട്ടുപോകുന്ന വെറും ആഘോഷത്തിന്റെ ബലൂണുകൾ മാത്രമുള്ള ഇടങ്ങളായി ക്യാംപസിനെ രേഖപ്പെടുത്തികൊണ്ടിരിക്കുന്ന വർത്തമാനകാലം. ഈ 'കഥയില്ലാ' കാലത്തിൽ നിന്നാണ് കഥകളുടെ ഷെഹർ സാദമാരുടെ വരവ്. കലുഷിതകാലത്തിലെ നിരാർദ്രമായ ലോകത്തിൽ പൊരുതിത്തന്നെ നിൽക്കാനാണ് കൽപ്പറ്റ ഗവ. കോളേജിലെ കഥാകാരികളുടെ ശ്രമം. പെൺകനവും കനിവും മാത്രമല്ല; പുരുഷകോയ്മയുടെ കൊത്തളങ്ങൾ തകർക്കാനുള്ള ഊർജ്ജവും ഈ കഥകൾക്കുണ്ട്. ജീവിതത്തിലെ വിശാല സ്ഥലികളെ വിചാരണ ചെയ്യുന്ന ഒരു പിടി കഥകൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

എഡിറ്റർ

## ഉള്ളടക്കം


1. കഥകളുടെ കൈകൾ ............................................ 7
2. യാത്രപോയ ദൈവങ്ങൾ ...................................... 11
3. ഘർവാപസി ............................................................ 14
4. സ്നേഹമാപിനി ....................................................... 6
5. ഹിജാബ് .................................................................... 20
6. പ്രണയത്തിന്റെ ഉടലറിവുകൾ ............................ 24
7. ബിനാമി .................................................................... 28
8. മഞ്ഞ ഇലകൾ .......................................................... 29
9. പോത്ത് ..................................................................... 33
10. യുദ്ധവും സമാധാനവും .................................... 35
11. കീറിപ്പറിച്ച ചിത്രങ്ങൾ ........................................ 36
12. മഴയിലേക്ക് തുറക്കുന്ന ജാലകങ്ങൾ ............... 39
13. മക്കൊണ്ട ................................................................ 42
14. ചാവുകുളി ............................................................ 48
15. ചോരപ്പാടു(ഡു)കൾ .............................................. 55
16. ഭ്രാന്തൻ കുമിളകൾ ............................................. 57
17. ഇരകൾ ..................................................................... 59
18. കണ്ണുകൾ ................................................................. 63
19. മഴയിൽ നനയുന്ന ചിത്രങ്ങൾ ............................ 68
20. അടിവേരുകൾ ......................................................... 71

## കഥകളുടെ കൈകൾ

"I become a free women when I decided to stop dreaming, freedom that is waiting for nothing… and anticipation is a state of slavery."

-Ahlam Mosteghanemi (Algerian Writer born in 1953)

സ്ത്രീകൾ കൂടുതൽ സ്വാതന്ത്ര്യത്തോടെ ജീവിക്കുന്ന പടിഞ്ഞാറൻ നാഗരികതകളിൽ ഉള്ളതിനേക്കാൾ പലഹാരങ്ങൾ ഇന്ത്യൻ ഗ്രാമങ്ങളിൽ ഉണ്ട്. പലഹാരങ്ങൾക്ക് മിക്കപ്പോഴും അമ്മമാരേയുള്ളു-അച്ഛന്മാരില്ല, ഒട്ടും. എത്രയെത്ര പലഹാരങ്ങളാണ് നമ്മുടെ പരാമ്പരാഗതയടുക്കളകൾ പെറ്റുകൂട്ടിയത്. പലരുചികൾ, ആകൃതികൾ,നിറങ്ങൾ. അവയ്ക്കായി പലതരം ചേരുവകൾ, സാധനങ്ങൾ .ഒരിനം പലഹാരത്തിനു തന്നെ പലതരം പ്രകൃതങ്ങൾ – പ്രാദേശിക ഭേദങ്ങൾ. പലഹാരങ്ങളെപറ്റി സാമൂഹ്യശാസ്ത്ര/ ചിഹ്നശാസ്ത്ര പഠനങ്ങൾ നടക്കാത്തത് ആണധികാരികൾ അതൊന്നും വേണ്ടെന്ന് വെച്ചതുകൊണ്ടുമാത്രമാണ്. ആണധികാരമല്ലാതെ മറ്റെന്താണ് അറിവിനെ, അക്കാദമിയെ, അവാർഡിനെ നിർണ്ണയിക്കുന്നത്? അതിനാൽ പലഹാരങ്ങളുടെ ചരിത്രം മൂകമായിപ്പോയി. പലഹാരങ്ങൾ തീൻപണ്ടങ്ങൾ മാത്രമല്ല. അവ ആവിഷ്ക്കാരങ്ങളാണ്. ആണധികാരാധികൃത്തിൽ, കവിതയും കഥയുമൊക്കെയായി സ്വയം പ്രകാശിപ്പിക്കാൻ ഇടവും നേരവും കിട്ടാത്ത പെണ്ണുങ്ങൾ സ്വയമറിയാതെ നടത്തിയ ആവിഷ്ക്കാരശ്രമങ്ങളാണ് പലഹാരങ്ങൾ. ലോകത്തെ പല ആകൃതികളിലും രുചികളിലും നിറങ്ങളിലും ആവിഷ്ക്കരിക്കുകയായിരുന്നു, പലഹാരങ്ങളിലൂടെ അവർ. പെട്ടെന്ന് കിട്ടുന്ന വസ്തുക്കളെ വെച്ച് ചിലർ രുചിയുള്ള പലഹാരങ്ങൾ ചമച്ചു. ചില പലഹാരങ്ങൾക്കായി ചിലർ സങ്കീർണ്ണമായ സാധന ശേഖരണങ്ങളിലേക്കും പാചക പ്രക്രിയയിലേയ്ക്കും പോയി. കൈകൾ പലതരത്തിൽ ചലിച്ചു. ലിംഗരൂപങ്ങളെയടക്കം പെൺകൈകൾ പലഹാരങ്ങളിൽ നിർമ്മിച്ചുവെച്ചു. പലഹാരങ്ങളിലൂടെ ഏതോ ഒരു തരം സ്വാതന്ത്ര്യം അനുഭവിക്കുകയായിരുന്നു അവയുടെ അമ്മമാർ. പലഹാരങ്ങൾ പണിതത് ആൺവായകളെ രസിപ്പിയ്ക്കാനും സുഖിപ്പി

യ്ക്കാനുമായിരുന്നില്ല. ആണുങ്ങൾ അങ്ങനെ കരുതിപ്പോരുന്നെങ്കിൽ അത് അവരുടെ കുഴപ്പമെന്നേ കരുതാനാകു.

കേരളത്തിൽ സ്വാതന്ത്ര്യം ഏറ്റവും കുറവുണ്ടായിരുന്ന പെൺകൂട്ടങ്ങളിൽനിന്നാണ് ഏറ്റവും വൈവിധ്യമുള്ള പലഹാരകൂട്ടം ഉണ്ടായത്. മുസ്ലീം അടുക്കളകൾ ഇത് സാക്ഷ്യപ്പെടുത്തിത്തരും. മറ്റൊരു കൂട്ടം 'അന്തർ'ജ്ജനങ്ങളായിരുന്ന നമ്പൂതിരി സ്ത്രീകളുടെ പലഹാരാവിഷ്ക്കാരകഥയും ഏതാണ്ട് സമാനമാണ്. കൊങ്കിണി ബ്രാഹ്മണമഠങ്ങളിലെ സ്ത്രീകൾ എത്ര കുറച്ച് സ്വാതന്ത്ര്യം അനുഭവിച്ചോ അത്ര കൂടുതൽ പലഹാരപലമ സാധിച്ചെടുത്തു. ഈ പലമയെ ആദ്യം ആൺപാചകക്കാരും പിന്നീട് കമ്പോളവും ഏറ്റെടുക്കുകയായിരുന്നു. അത് കീഴ്പ്പെടുത്തലിന്റെ മറ്റൊരു ചരിത്രം.

പല കഥകളിൽ സ്വത്വപ്രതിഷ്ഠ സാധിക്കുന്ന ചെറുപ്പക്കാരികളുടെ കൂടെയാണ് ഞാൻ ഇപ്പോൾ മനസ്സുകൊണ്ട്. കൽപ്പറ്റ ഗവൺമെന്റ് കോളേജിലെ മൃദുലയും കൃഷ്ണേന്ദുവും അനഘയും രജ്നയും ഷഹാനയും ദിൽഷയും എഴുതിയ കഥകൾ ആരെയും രസിപ്പിയ്ക്കാനല്ല. യശസ്സിനായുള്ള പണികളുമല്ല ആ കഥകൾ. 'ഏറ്റവും സ്വന്തമായ' (intimate എന്നയർത്ഥത്തിൽ) ആശങ്കകളെയും, ആശയങ്ങളെയും തീർച്ചയായും ആശകളെയും ചേരുവകളാക്കിയെടുത്തുകൊണ്ടുള്ള ഭാഷാപലഹാരങ്ങൾ നിർമ്മിക്കുന്ന സാംസ്ക്കാരികയടുക്കളകളാണ് മൃദുല തൊട്ടുള്ളവരുടെ മനസ്സുകൾ.

കൈവീശി, കാലുകൾ തന്നിഷ്ടം പോലെയനക്കി ഇഷ്ടമുള്ളപ്പോൾ നിന്ന്, പിന്നെ നടന്ന്, പായണമെന്നു തോന്നുമ്പോൾ പാഞ്ഞ് ജീവിക്കുന്ന ഉടലിന്റെ ക്രമത്തെ (ആക്രമത്തെ) ഈ കഥാഭാഷ സ്വപ്നം കാണുന്നു. ചിലപ്പോൾ കഥകൾ ധ്യാനാത്മകമാവുന്നുണ്ട്. അനങ്ങാതെയിരുന്നുള്ള ലോകവിചാരം (വിചാരണയും) നടത്തുന്നുണ്ട്. എന്നാൽ അതിനേക്കാൾ ചലനത്തിന്റെയും ചടുലതയുടെയും അനുഷ്ഠാനങ്ങളാണ് ഈ കഥകളിലുള്ളത്. തുറന്നെഴുത്തിന്റെ തിരുവാതിരകൾ, ഊർജ്ജപ്രസരണത്തിന്റെ ഒപ്പനകൾ, സ്വന്തം വഴിയ്ക്കുള്ള മാർഗ്ഗംകളികൾ അടക്കം, ഒതുക്കം എന്നിവയെ (ചരിത്രപരമായ കാരണങ്ങളാൽ) ഈ കഥകൾ വർജ്ജിച്ചിരിക്കുന്നു. ഇത് സ്വാതന്ത്ര്യത്തിന്റെ കൊണ്ടാടൽ, സ്വത്വത്തിന്റെ പതാകവീശൽ, സ്ത്രീയുടലിന്റെ ദ്രുതചലനങ്ങൾ തുടരുന്ന അരങ്ങാണ് ഈ സമാഹാരം. ഉപചാരദീക്ഷയില്ലാത്ത

ഉന്മാദസ്പർശമുള്ള ഭാഷയുടെ ആഖ്യാനത്തിന്റെ ഉശിര്. ഇവിടെ ചിലപ്പോൾ സങ്കടത്തിന്റെ സന്ദർഭങ്ങൾ ഉണ്ട്. എന്നാൽ അതുപോലും കാൽപ്പനികമല്ല– കീഴടങ്ങലിന്റെ ആമുഖമല്ല. സങ്കടത്തെ സ്വന്തമായി സകാരണം പരിശോധിക്കാൻ തയ്യാറായ പുതിയ മനസ്സിനെയാണ് ഈ കഥകൾ ഹാജരാക്കുന്നത്.

ധൈഷണികമായ ഉള്ളടക്കം ചില കഥകളിൽ പ്രകട മായുണ്ട്. മൃദുലയുടെ'യാത്ര പോയ ദൈവങ്ങൾ', 'മഴയിലേയ്ക്കു തുറക്കുന്ന ജാലകങ്ങൾ' എന്നീ കഥകളിലെ ഒന്നാം ഖണ്ഡികകളിൽ യഥാക്രമം ജലാശയം, യാത്ര എന്നിവയെ കുറിച്ചുള്ള ആശയ ചർച്ച കാണാം. അനഘയുടെ 'സ്നേഹമാപിനി'യിൽ വഴികൾ ധൈഷണിക വത്കരിക്കപ്പെടുന്നു. 'കീറിപ്പറിഞ്ഞ ചിത്രങ്ങളിൽ' ഓർമ്മയും. കഥകൾ മൊത്തത്തിൽ സരളമായി എഴുതപ്പെട്ടവയാണെങ്കിലും അവ കാൽപ്പനികമല്ല, ധൈഷണികമാണ്. ധൈഷണികത ഇവിടെ ദുർഗ്രഹമാനങ്ങളിലല്ല വരുന്നത്. സ്ത്രീ ചിന്തിക്കുന്നു, ഭാവന ചെയ്യുന്നു എന്നതിന്റെ തെളിവായിട്ടാണ് അതിനെ കാണേണ്ടത്. കഥകളിലെ ബിംബങ്ങളും രൂപങ്ങളും പദക്കൂട്ടുകളുമെല്ലാം ഈ അടിസ്ഥാന വസ്തുക്കളുമായി ചേർന്നുപോകുന്നു.

കേരളത്തിന്റെ സ്ത്രീസമൂഹം സമീപകാലത്ത് നേടിയ സാമ്പത്തികയുയർച്ച ശ്രദ്ധേയമാണ്. ഈ ഉയർച്ച സ്വാതന്ത്ര്യ മായി മാറിയാലേ അതിന് അർത്ഥവും ചരിത്രപ്രാധാന്യവും ഉണ്ടാ വുകയുള്ളൂ. അത് ആണധികാരസ്ഥാപനങ്ങൾ ഇഷ്ടപ്പെടുന്നില്ല. അതിനാൽ പുതിയ സ്ത്രീകളെ മാളുകളിലേക്കും (മാളു ആന്റ് അമ്മാളു റ്റു മാൾ) ഭക്തിമഠങ്ങളിലേക്കും കുടുബജാതി ശ്രേഷ്ഠതാ ശിബിരങ്ങളിലേക്കും ശരീരാലങ്കരണത്വരയിലേക്കും കയറ്റിയി രുത്താൻ ആൺകോയ്മക്കാർ തുടരെ തിടുക്കപ്പെടുന്നുണ്ട്. സാറാ ജോസഫിനു തന്നെയും ഈ കെണിയിൽ വീണുപോകുന്ന സ്ത്രീകളെ കുറിച്ച് എതിരുപറയേണ്ടിവന്നു. ജാതി, ജുവൽറി, ജ്യോതിഷം എന്നിവയിൽ ആണുങ്ങളേക്കാൾ നിഷ്കർഷ പെണ്ണുങ്ങൾക്കാണെന്ന് ഒരു ഇൻർവ്യുവിൽ സാറാടീച്ചർ തുറന്നു പറഞ്ഞു. ഈ ഉത്കണ്ഠ കൽപ്പറ്റപെൺകഥകളിലും പലമാന ങ്ങളിൽ നിൽക്കുന്നതായി കാണുന്നു. സ്ത്രീയെ നിരുപാധികം നന്മ മാലാഖ യും പീഢിതയുമായി കാണുകയല്ല, സ്വാതന്ത്ര്യവും സന്ദർഭവും തമ്മിലുള്ള ബന്ധം ശരിക്കുമറിയലാണ് ഈ കഥകളിൽ പൊതുവെ സ്വീകരിച്ചിരിക്കുന്ന സമീപനം. അതിനാൽ ഈ കഥകൾ യാഥാർത്ഥ്യത്തിന്റെ രേഖകളായി മാറിയിരിക്കുന്നു.

ഈ കഥകളിൽ ഏറ്റവും കൂടുതലായി വരുന്ന വാക്ക് ഏതാണ്? കണ്ടുപിടിക്കുക. എന്തുകൊണ്ടാണ് ഈ പെരുക്കം? അത് നിങ്ങളെ മടുപ്പിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? 'ഇന്ദുലേഖ'യിൽ സൂരി ആ വാക്ക് ഒരു പെണ്ണ് പറയുന്നത് കേട്ട് ഞെട്ടിപോയിട്ടുണ്ട്. അന്നത് ഭാഷാബോംബായിരുന്നു. ഇന്ന് ആ വാക്കിന്റെ ആവൃത്തി ഉളവാക്കുന്ന അർത്ഥപ്രകൃതമെന്താണ്? കണ്ടെത്തിയാലും.

ഫെബ്രുവരി 2016 ഇ.പി രാജഗോപാലൻ

# യാത്രപോയ ദൈവങ്ങൾ

മൃദുല പി

കുളം വീണ്ടും അതിർത്തികളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. എല്ലാ അഴുക്കുകളും വലിച്ചെറിയപ്പെട്ട വെള്ളത്തെ കുറച്ചുസമയ മെങ്കിലും അതിങ്ങനെ അതിർത്തികൾക്കുള്ളിൽ തളച്ചിടാറുണ്ട്. നനഞ്ഞ മണ്ണിൽ നിന്നും വരുന്ന ഉറവകളെ വീണ്ടും ആ അതിർ ത്തിയിൽ ചുറ്റിവളയ്ക്കുമ്പോൾ അഴുക്കുവെള്ളം അപ്പുറത്തെ പാടത്തെക്കോ, പറമ്പിലേക്കോ തെന്നിവീഴും. എന്നാൽ കടല ങ്ങനെയല്ല. അവിടെയെല്ലാം വേർതിരിച്ചറിയാൻ കഴിയാത്ത വിധം ഇഴുകിചേരുകയാണ്. പുതിയ ഉറവകളുടെ കുത്തൊഴുക്കും തെന്നിവീഴലുമൊന്നും ആരും അറിയുന്നില്ല. അതുകൊണ്ടാ യിരുക്കാം ഒറ്റനോട്ടത്തിൽ കടൽ ശാന്തമാണെന്ന് തെറ്റിദ്ധരിക്കുന്നത് ഇന്നലെ രാത്രിയും കടലും കുളവുമായിരുന്നു എന്റെ ഉറക്കത്തിൽ.

നാലുപാടും പായലു പിടിച്ചു കിടക്കുന്ന ഈ കുളത്തിൽ കുളിക്കുമ്പോൾ ഇവിടൊരു കടലില്ലല്ലോ എന്നു ചിന്തിച്ചിട്ടുണ്ട്. പക്ഷെ ഭൂമിക്കടിയിൽ ജലമുണ്ടെങ്കിൽ കടൽ എല്ലായിടത്തുമുണ്ട്. ആഴങ്ങളിൽ ആത്മാവുറപ്പിച്ച് അത് മൗനമായി ഉറങ്ങുകയാ യിരിക്കും.

‘‘എങ്ങനെയുണ്ടായിരുന്ന മുട്യാണ്, ഇപ്പോ കോഴിവാലു പോലെയായി. പെണ്ണൊറ്റയ്ക്ക് മുടീം തടീം നോക്കാൻ തുടങ്ങ്യപ്പോ രണ്ടും കോലം കെട്ടു.’’

ഞാൻ കടലിനെയും കുളത്തിനെയും വിശകലനം ചെയ്യു ന്നതിനിടയിൽ അമ്മ സംസാരം തുടങ്ങി. ഇതിനു പുറമേ ഞാൻ പിച്ചും പേയും പറയുന്നുണ്ടെന്നാണ് അമ്മയുടെ പരാതി. എന്റെ മുടിയിൽ എണ്ണ തേച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അമ്മ ഓരോന്ന് പറഞ്ഞുകൊണ്ടിരിക്കും. അതേറ്റ് പിടിക്കാൻ കുറച്ച് വിദൂഷികളു മുണ്ട് കുളക്കടവിൽ.

ഈ ഉപദേശങ്ങൾക്ക് അധികനേരം പിടികൊടുക്കാതെ ഞാൻ മുങ്ങികുളിച്ച് ഈറൻ മാറ്റി അമ്പലത്തിലേക്കോടി. ആൽത്തറയിൽ വിളക്ക് വെച്ചിരുന്നു. ഈ ആൽത്തറയും അമ്പലവുമാണ് ഈ നാടിന്റെ ഐശ്വര്യം എന്നാണ് ഇവിടുത്തുകാർ പറയുന്നത്. ഞങ്ങൾ

കൂട്ടുകാരികളെല്ലാം കുളി കഴിഞ്ഞ് ഇവിടെ വന്ന് വിളക്കുവെയ്ക്കും. ഇന്ന് ഞാൻ എത്തുന്നതിനു മുമ്പേ തന്നെ എല്ലാവരും എത്തിയിരുന്നു. ഞാൻ വരുന്നതിനു മുമ്പേ അവരെത്തിയാൽ കാവിലെ കാരപ്പഴോം, പേരക്കേം എല്ലാം അവരൊറ്റയ്ക്ക് തീർക്കോന്നാ എന്റെ പേടി.

ഞാൻ എത്തിയപ്പോൾ തന്നെ എല്ലാവരും കളിയാക്കി ചോദിച്ചു:

"ഇന്നെന്ത് സ്വപ്നം കണ്ടിട്ടാണാവോ നേരം വൈകിയത്?"

"പിന്നേ... ഇന്നു പരീക്ഷയാണല്ലോ എന്നോർത്ത് രാവിലെ കുറച്ചിരുന്ന് പഠിച്ചതാണ്."

റിലേറ്റിവിറ്റിയാണ് എന്നെ കുഴക്കികൊണ്ടിരിക്കുന്നത്. എല്ലാത്തിലേക്കും പടർന്ന് പന്തലിച്ച് ഒന്നുമില്ലായ്മയിലേക്ക് ചുരുങ്ങുന്ന റിലേറ്റിവിറ്റി. പക്ഷെ ബയോളജി എന്നിൽ കൗതുകമുണർത്തികൊണ്ടിരിക്കുന്നു. നമ്മളീ അറിഞ്ഞതുമൊന്നുമല്ല, ഈ ലോകത്തിനിയും എത്രയോ സസ്യങ്ങളെയും ജീവികളെയും കണ്ടെത്താനുണ്ടെന്ന് മാഷെപ്പോഴും പറയുമായിരുന്നു. ഇതെന്റെ സംശയങ്ങൾ കൂട്ടി. ഈ ലോകത്തിൽ ഏകദേശം 800 കോടി മനുഷ്യരേ ഉള്ളു. എന്നിട്ടും നമുക്ക് വേണ്ടവരെ അതിൽ നിന്നും കണ്ടെത്താൻ സാധിക്കുന്നില്ല. അതുകൊണ്ടാണല്ലോ എന്റെയച്ഛൻ എവിടെയാണെന്ന് ആർക്കും കണ്ടെത്താൻ സാധിക്കാതിരിക്കുന്നത്.

ഒരു ദിവസം കൈനിറയെ മധുരമിഠായി തന്നിറങ്ങിപ്പോയ അച്ഛൻ എവിടേക്ക് പോയെന്ന് എനിക്കിതുവരെ അറിയില്ല. അമ്മ ഇടയ്ക്ക് പറയും അച്ഛന് ദൈവവിളി കിട്ടിയതാണെന്ന്. ദൈവം എന്തേ ചിലരെ മാത്രം വിളിക്കുന്നതെന്നു ചോദിച്ചാൽ ആർക്കും ഉത്തരമില്ല.

അല്ലെങ്കിലും ഇവിടെ ദേവിയുള്ളപ്പോൾ അച്ഛനെന്തിനാ വേറെ ദൈവങ്ങളെ തേടിപോകുന്നത്...? ശരിക്കും ഈ ലോകത്ത് എത്ര ദൈവങ്ങളുണ്ട്...? അവരെല്ലാം എവിടെയായിരിക്കും...?

പരീക്ഷയാണെന്നുള്ള ചിന്ത സംശയങ്ങളെ തടഞ്ഞുനിർത്തിയെങ്കിലും സ്ക്കൂൾ വിട്ടുവരുമ്പോൾ മനസ്സിൽ വീണ്ടും ഇതേ ചോദ്യങ്ങൾ ഉണർന്നു.ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ വള്ളിച്ചെടികൾക്കിടയിലൂടെ തുമ്പിയെ പിടിക്കുമ്പോൾ കാലിലൊരു മുള്ളു കുത്തി മുറിവായി. കാലിൽ നിന്ന് ചോര വരുന്നത് കണ്ടതോടെ ഞാൻ ഭയങ്കര കരച്ചിലു തുടങ്ങി. അന്ന് അച്ഛൻ എന്നെ ചിരിപ്പിക്കാൻ വേണ്ടി പെട്ടിയിൽ നിന്ന് ഒരു കുടവയറന്റെ പ്രതിമ കാണിച്ചുതന്നു. പിന്നീടച്ഛൻ എന്നോട് പറഞ്ഞിരുന്നു അത് ലാഫിങ് ബുദ്ധയാണെന്നും, ചില സ്ഥലങ്ങളിൽ ലാഫിങ് ബുദ്ധ ദൈവത്തെ

പോലെയാണെന്നും. എന്നാൽ ഞാൻ കണ്ട ബുദ്ധൻ ധ്യാനബുദ്ധ നായിരുന്നു. സ്ഥലങ്ങൾക്കനുസരിച്ച് ബുദ്ധനും മാറിയോ..? എന്നാൽ ഇപ്പോഴെനിക്കു തോന്നുന്നു കാതും കണ്ണും കൊട്ടിയടച്ച ഈ ലോകത്ത് ബുദ്ധന് മനസ്സു തുറന്ന് ചിരിക്കാനോ ഏകാഗ്രമായി ധ്യാനം ചെയ്യാനോ സാധിക്കുന്നുണ്ടായിരിക്കില്ല.

എന്നും സംശയങ്ങൾ കൂടിയതേ ഉള്ളു. ഇത്രയധികം ദൈവ ങ്ങളുണ്ടായിട്ടും അച്ചനെന്തിനാ ദൈവത്തെ തേടി യാത്ര പോയത്. അതോ ദൈവങ്ങളെല്ലാം ഒരിടത്തിരിക്കാതെ സഞ്ചരിച്ചുകൊണ്ടി രിക്കുകയാണോ?

മലകളുടെ ഉയരങ്ങളിൽ നിന്നും കടലിലേക്ക് ഊളിയിട്ടിറങ്ങുന്ന സൂര്യനുമുമ്പിൽ നാണിച്ചുനിൽക്കുന്ന സൂര്യകാന്തിപൂക്കൾ. മഞ്ഞ യും ചുവപ്പും പടർന്നു കിടക്കുന്ന ആകാശത്തിന്റെ വെളിച്ചത്തിലും എനിക്കെന്റെ അച്ഛന്റെ മുഖം കാണാൻ സാധിക്കുന്നു.

"മോളെ നീയും ചലനമില്ലാതെ അവസാനിക്കേണ്ടിവരുന്ന ഒരു വിഡ്ഢിയാവരുത്. അവിടെ കൽപ്രതിമകളിലിരിക്കുന്ന തലച്ചോറില്ലാ ത്ത ശരീരമല്ല ദൈവം. എല്ലാ ദൈവങ്ങളും യാത്രയിലാണ്. കാലചക്ര ത്തിന്റെ അടയാളപ്പെടുത്തലുകൾക്ക് നാം അവർക്കൊപ്പം സഞ്ചരിച്ചേ മതിയാവൂ... വരൂ... നമുക്കും യാത്ര തുടങ്ങാം."

അച്ഛൻ എന്നെ കൈനീട്ടി വിളിച്ചു.

ഞാൻ വിളി കേട്ട് ഞെട്ടി എഴുന്നേറ്റപ്പോൾ ചുറ്റും കനത്ത ഇരു ട്ടാണ്. പാതയുടെ ആഴവും നീളവും മനസ്സിലാക്കാൻ സാധിക്കാത്ത ഇരുട്ട്.

– മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2014 നവംബർ 23

# ഘർവാപസി

കൃഷ്ണേന്ദു. വി

രക്ഷപ്പെടാനാണ് വാലുകൾ മുറിക്കുന്നത്. പകരം കിട്ടിയവയ്ക്ക് ജീവിതത്തിന്റെ വിലയുണ്ട്. അബ്ദുവിന് ഗൗളികളോട് വല്ലാത്ത സ്നേഹം തോന്നി. നബിയെ ശത്രുക്കൾക്ക് ഒറ്റിയവൻ എന്ന് ഉമ്മ രാത്രിയിൽ പറഞ്ഞുതന്നത് കേട്ട് വാല് മുറിക്കുംമുമ്പ് അടിച്ചുകൊന്ന ഗൗളികളെകുറിച്ചോർത്തപ്പോൾ കുറ്റബോധവും...

വാലുകൾ പിന്തുടർച്ചകളാണ്. കഴിഞ്ഞുപോയവയുടെ വിടാതെ പിന്തുടരുന്ന ഓർമ്മപ്പെടുത്തലുകൾ. എത്ര എളുപ്പത്തിലാണ് ഗൗളികൾ ഇന്നലെകളെ മുറിച്ചുകളയുന്നത്. ഭൂമിയിൽ അനുഗ്രഹിക്കപ്പെട്ടവരാണ് ഈ വാലുമുറിയൻമാർ. അബ്ദു നിശ്വസിച്ചു.

വീട്ടിലേക്കുള്ള വഴിയിൽ മീൻകാരനോട് പേശി പൊരുതുന്നതിനിടയിൽ ശാരദേച്ചി ചോദിച്ചു:

"ന്റബ്ദോ... എബട്യേനു... കണ്ട്റ്റ് കൊറച്ചായല്ലടാ ശെയ്ത്താനേ..."

തിരിഞ്ഞു നോക്കി. പിറകിലാരുമില്ലല്ലോ. പകപ്പ് അവരെ കാണിക്കാതെ അബ്ദു വേഗത്തിൽ മുന്നോട്ട് നടന്നു. ഉമ്മറത്തിരുന്ന് പത്രം തിന്നുന്ന ഉപ്പ കാണാതെ കുൽസു പതുങ്ങി വന്നു.

"അബ്ദ്വാക്കാ... ഇങ്ങളെ കാണാണ്ട്..."

പെണ്ണിന്റെ കണ്ണിലെ പുഴയെ നോക്കി... ഒന്നും മിണ്ടാതെ മുന്നോട്ട് നടന്നു. പിൻവിളികൾ പിടിച്ചു വലിക്കേണ്ട. അബ്ദു വാലു മുന്നോട്ടു ഇട്ടു.

ചോറു വിളമ്പുമ്പോൾ ഉമ്മ ചോദിച്ചു.

"അബ്ദോ കറണ്ട് ബില്ല് അടച്ചോ? പാലിന്റെ പൈശ കൊടുത്ത്വോ?"

മറുപടി കിട്ടാഞ്ഞപ്പോൾ ഉമ്മ അലറി

"എന്താണ്ടാ നായെ അന്റെ മുണ്ടാട്ടം മുട്ടിപ്പോയാ...?"

പതിഞ്ഞ ശബ്ദത്തിൽ അബ്ദു തിരുത്തി.

"ശ്...ശ്...നായ്ല്ല നായര്..."

മൂന്നു ലോകവും കണ്ട പോലെ ഉമ്മ അബ്ദുവിന്റെ വായിലോട്ട് പകച്ചു നോക്കി. കീശയിൽ നിന്ന് നാലഞ്ച് വല്യ നോട്ടുകൾ എടുത്ത് ഉമ്മാന്റെ കയ്യില് വെച്ച് അവൻ പറഞ്ഞു.

“വായടക്ക്യാ... ഇതങ്ങട്ട് വാങ്ങ്വാ... അഞ്ച് ലക്ഷം കിട്ടീന്ന് കരുതി അതിനുമാത്രം ചെലവുംണ്ട്...”

ഉമ്മ വിളമ്പിയ ഇറച്ചിക്കറിയിലേക്കും പൊരിച്ച മീനിലേക്കും അറപ്പോടെ നോക്കി അബ്ദുനായര് അകത്തോട്ട് കയറി. മച്ചിൽ ഗൗളികൾ ഒരുമിച്ച് വാലുകൾ മുറിച്ചു ചിലച്ചു.

– മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 മാർച്ച് 22

# സ്നേഹമാപിനി

അനഘ ടി ആർ

ശാഖകളായി പിണഞ്ഞു പോവുന്ന വഴികൾ എല്ലായ്പ്പോഴും എന്നെ പരിഭ്രമിപ്പിക്കാറുണ്ട്. ചിലപ്പോൾ ദംഷ്ട്രകൾ കാട്ടി ഭീകരൂപിയായി, മറ്റു ചിലപ്പോൾ തിരിഞ്ഞുനിന്ന് കൊഞ്ഞനംകുത്തി, ചിലത് സൗമത്യയോടെ വരവേൽക്കും. ദൂരമേറെ ചെല്ലുമ്പോഴാണ് പുറംപൂച്ച് വെളിപ്പെടുക. ഇപ്പോഴിതാ മൂന്ന് വഴികൾ തലങ്ങും വിലങ്ങും കിടന്ന് എന്നെ അങ്കലാപ്പിലാക്കുന്നു. ഇതിലേതു വഴിയാണ് മരിയ ജോസഫിന്റെ വീട്ടിലേക്ക് നീളുന്നതെന്ന് കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഫോൺ വിളിച്ചപ്പോൾ വഴി കൃത്യമായി പറഞ്ഞുതന്നതാണ്. അപ്പോൾ ഗൂഗിൾ മാപ്പിലേതുപോലെ ചിത്രം മുന്നിൽ തെളിയുകയും ചെയ്തു. അമ്മ പറയാറുള്ള എന്റെ അരണബുദ്ധി ഇത്തരം സന്ദർഭങ്ങളിലാണ് മറനീക്കി പുറത്തു വരുന്നത്. ഒരാഴ്ചയായി ചാനൽ ചർച്ചകളിലെ സ്ഥിരസാന്നിധ്യമായ മുഖം എന്റെ പ്രിയ സുഹൃത്തിന്റേതാണെന്നെനിക്ക് തിരിച്ചറിയാനേ സാധിച്ചില്ല. കോടതിക്ക് പുറത്ത് അഡ്വ. വിമലയുടെ പക്കൽ നിന്നും ഒരു സ്റ്റോറിക്കായി വിവരങ്ങൾ ചികയുമ്പോഴാണ് മീര എന്ന വിളിക്കൊപ്പം നനുത്ത കൈ എന്റെ ചുമലിൽ പതിഞ്ഞത്. ഒൻപത് വർഷങ്ങൾക്കിപ്പുറവും അവളെന്നെ വളരെ പെട്ടെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. മുടി തോളറ്റം മുറിച്ചിരുന്നുവെങ്കിലും മരിയയ്ക്ക് കാര്യമായ മാറ്റമൊന്നുമില്ല. തിളങ്ങുന്ന നിഷ്കളങ്കഭാവം സ്ഫുരിക്കുന്ന കണ്ണുകൾ, കൊലുന്നനെയുള്ള എന്റെ നീണ്ട മുടി കയ്യിലെടുത്ത് അമ്മ ഉണ്ടാക്കിയ കാച്ചെണ്ണയുടെ മണം ആസ്വദിച്ച് അവൾ പരിഭവം പറഞ്ഞു:

“നിന്റെ എണ്ണ കിട്ടുന്നത് തീർന്നതോടെ എന്റെ മുടിയുടെ കോലം കെട്ടു. നോക്ക് മുറിച്ചുകളയേണ്ടിവന്നു”.

ഇവൾക്ക് യാതൊരു മാറ്റവുമില്ലല്ലോ എന്ന അന്ധാളിപ്പിലായിരുന്നു ഞാൻ അപ്പോഴും.

അവളെല്ലാം ഓർത്തിരിപ്പുണ്ട്. അവധിക്കാലം കഴിഞ്ഞ് ചെല്ലുമ്പോൾ ഞാൻ സമ്മാനിക്കാറുണ്ടായിരുന്ന പലഹാരങ്ങളുടെയും പുഴുക്കിന്റെയും മണവും രുചിയും വരെ. എന്റെ വാക്കുകളെല്ലാം

നാടുവിട്ടുപോയികഴിഞ്ഞിരിക്കുന്നു. മൗനം എന്നിൽ നിന്ന് അവളിലേക്കും പടർന്നു. എന്നിട്ടും നിശ്ശബ്ദമായി എന്തെല്ലാം പറഞ്ഞു തീർത്തു. സമയത്തെ പിടിച്ചുകെട്ടാൻ ഒക്കില്ല. സമയനിഷ്ഠ ജേണലിസ്റ്റിന് പ്രധാനമാണ്. ബിസിനസ്സുകാരിക്ക് സമയത്തിന് പൊന്നിന്റെ വിലയും, എന്നിട്ടും... ഓർമ്മകളുടെ കുത്തൊഴുക്ക് ഞങ്ങളെ സമയത്തിന്റെ പിടിവള്ളികളിൽ നിന്നകറ്റി. ഞങ്ങൾ അപ്പോൾ കുട്ടികളായിരുന്നു. വർത്തമാനത്തിന്റെ കെട്ടുപൊട്ടിച്ച് ഭൂതകാലത്തിലേക്ക് നൂണ്ടിറങ്ങിയവർ.

മരിയയുടെ കോടതിസന്ദർശനത്തെകുറിച്ച് ഒരു വാക്കുപോലും ആ സമയത്തിനിടെ ഞാൻ ചോദിച്ചില്ല. മാധ്യമശ്രദ്ധ നേടിയ ബിസിന സ്സുകാരിയാണെന്ന് ഓർക്കുകപോലും ചെയ്തില്ല. അരവിന്ദന്റെ റിപ്പോർട്ട് ചാനലിൽ ഇടയ്ക്കും മുറയ്ക്കും വന്നുപോയികൊണ്ടിരുന്ന പ്പോൾ മാത്രമാണ് എനിക്ക് ആ വഴി ഓർത്തെടുക്കാനായത്. ഈ കാത്തിരിപ്പ് പ്രായശ്ചിത്തത്തിന്റെ ഭാഗമാണ് ഒരു ഇന്റർവ്യൂ എന്ന വിജയേട്ടന്റെ നിർദ്ദേശത്തെ രണ്ടും കല്പിച്ച് ഏറ്റെടുത്തു. ക്യാമറ പിടിച്ചുള്ള ഇന്റർവ്യൂവിന് മുമ്പ് അല്പമൊന്ന് സംസാരിക്കണമെന്ന് തോന്നി. പഴയ ബന്ധങ്ങളുടെ ഇഴ ചേർക്കാൻ കിട്ടുന്ന അവസരമല്ലേ.

ആതിഥേയ ചമഞ്ഞ് മരിയ അകത്തേക്ക് ക്ഷണിച്ചു.

‘‘വരൂ, ഇരിക്കു. എന്തേ ഒരു സംഭ്രമം? ”

ഞാൻ വാക്കുകൾ കണ്ടെത്തും മുമ്പേ അവൾ തുടർന്നു...

‘‘വാർത്തയാണോ? ഇതിന്റെ ബാക്കി അറിയണോ? ഒരാളെ വലുതാക്കാനും ചെറുതാക്കാനും ജേണലിസ്റ്റുകൾക്ക് കഴിയുമല്ലേ?”.

എന്റെ തല നിഷേധാർത്ഥത്തിൽ ചലിച്ചു.

“ഇല്ല ഞാനത് വിശ്വസിച്ചിട്ടില്ല, വിശ്വസിക്കില്ല”.. ഞാൻ ഉറപ്പിച്ചു പറഞ്ഞു.

‘‘നീ വിശ്വസിക്കണം ആരു വിശ്വസിച്ചിട്ടില്ലെങ്കിലും. നീ മാത്രം വിശ്വസിച്ചാൽ മതി”. ശാന്തമായാണ് അവൾ പറഞ്ഞുതീർത്തത്.

‘‘എന്തു ഭ്രാന്താണ് നീ പറയുന്നത് മരിയാ, നിനക്കെങ്ങനെ കഴിഞ്ഞു.? എനിക്ക് മനസ്സിലാവുന്നില്ല. നിനക്ക് മനസ്സിലായില്ലെങ്കിൽ ആരെന്നെ മനസ്സിലാക്കും.? ഹോസ്റ്റലിൽ എന്റെ തലയിണകൾ കണ്ണീരിൽ കുതിർന്ന രാത്രികളിൽ നീ ഉറങ്ങിയിരുന്നില്ലെന്ന് എനിക്കറിയാം. എന്റെ കണ്ണീര് കാണാൻ വയ്യാത്തതിനാൽ നീ എപ്പോഴും പുറം തിരിഞ്ഞ് കിടന്നു ഞാൻ കണ്ണടച്ച് കിടക്കുമ്പോൾ ഉറങ്ങി എന്നു കരുതി. നെറുകയിൽ ചുംബിച്ച് നീയെന്റെ കണ്ണീരിനെ

ഇല്ലാതാക്കി. നീ മാത്രമേ എനിക്ക് സ്നേഹം സമ്മാനിച്ചുള്ളു". എന്റെ ഏക കൂട്ടുകാരി ഭാവവ്യത്യാസമില്ലാതെ അവൾ എങ്ങനെ പൂർത്തി യാക്കുന്നുവെന്ന് ഞാൻ അത്ഭുതപ്പെട്ടു. എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പാറായിരുന്നു.

"നിന്റെ അമ്മ ഒരു പാവമായിരുന്നു. നിന്നെ ഹോസ്റ്റലിലാക്കി മടങ്ങുന്നേരം എത്ര കണ്ണീരൊഴുക്കി. എനിക്കോ? പപ്പയ്ക്കും മമ്മയ്ക്കും ഞാനായിരുന്നു പ്രതിബന്ധം. പഴയ ബന്ധങ്ങൾ മുറിച്ചുചേർക്കാനും പുതിയത് കൂട്ടിചേർക്കാനും ഞാൻ ജീവപര്യന്തം തടവിലായിരുന്നു. 15 വർഷത്തെ ഹോസ്റ്റൽ ജീവിതം നീ കൊണ്ടുതന്ന ഉണ്ണിയപ്പത്തിന്റെയും കാച്ചെണ്ണയുടെയും രുചിയും മണത്തിലുമാണ് ഞാൻ അമ്മയുടെ സ്നേഹം അറിഞ്ഞത്. നീ എനിക്ക് പകുത്തുതന്ന സ്നേഹം". പറഞ്ഞവസാനിക്കുമ്പോൾ അവളുടെ കണ്ണുകൾ വിദൂര തയിലായിരുന്നു.

ഹോസ്റ്റലിലെ പണക്കാരി ലേബൽ അവൾക്ക് സ്വന്തമായിരുന്നു. എന്താവശ്യത്തിനും ഇഷ്ടംപൊലെ പണം. വിലകൂടിയ ചോക്ലേറ്റുകൾ എന്നിട്ടും അവളെപ്പോഴും ചിമ്മിനി വെട്ടത്തിലുണ്ടാകുന്ന ശർക്കര ഉപ്പേരിയും കായ വറുത്തതും തട്ടി പറിച്ചെടുത്ത് മിഠായിപൊതികൾ എനിക്ക് നേരെ നീട്ടി. അമ്മയുടെ ഗർഭപാത്രം മുറിച്ചുമാറ്റിയ സമയത്ത് അച്ഛൻ കാശിനായി അലയുമ്പോൾ ആയിരത്തിന്റെ പത്തുനോട്ടുകൾ അവളെന്റെ കയ്യിൽ ചേർത്തുവച്ചു എത്ര കുഞ്ഞുങ്ങൾക്ക് കൊടുത്താലും തീരാത്ത നിന്റെ അമ്മയുടെ സ്നേഹം എന്തുചെയ്യുമെന്ന് ചോദിച്ച് പൊട്ടിക്കരഞ്ഞു. അവളെ തന്നോട് ചേർത്ത് കവിളിൽ അമ്മ മുത്തം നൽകിയപ്പോൾ അവളുടെ മുഖത്ത് ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചു. ആദ്യമായും അവസാനമായും.

മൗനം ഭജിക്കാൻ വേണ്ടി ഞാൻ തുടർന്നു.

"നീ എന്താ ഒറ്റയ്ക്ക് ജീവിക്കാൻ തീരുമാനിച്ചേ. പണ്ടത്തെ സ്വഭാവത്തിന് കന്യാസ്ത്രീയാവുമെന്ന് കരുതി അതുണ്ടായില്ല. എന്താ ഉദ്ദേശം?"

"ഭാവവ്യത്യാസമില്ലാത്ത വേഷങ്ങൾ കെട്ടരുത് മീരാ. അമ്മ യുടേതായാലും, ഭാര്യയുടേതായാലും നീ പറഞ്ഞ കന്യാസ്ത്രീയുടേ തായാലും. എന്നെ ജീവിതം പഠിപ്പിച്ച പാഠമാണ്".

"എന്നാലും അമ്മയല്ലേ?"

എന്റെ സ്വരം. ദയനീയമായിരുന്നു. പൊട്ടിച്ചിരിയായിരുന്നു അവളുടെ ഉത്തരം. "അതായിരുന്നോ അമ്മ? മിഠായിപ്പൊതികളും പണവും. ആ കടം ഞാൻ വീട്ടുന്നുണ്ട്. അവർക്ക് സുഖമായി

വൃദ്ധസദനത്തിൽ കഴിയാം. എല്ലാ ഏകാന്തതകളും ഒരുപോലെ യാണ്. ബോർഡിംഗിലായായലും ഓൾഡ്ഏജ്ഹോമായാലും വിതച്ചതേ കൊയ്യു".

"അതേ കൊതിക്കാവൂ. അപ്പോൾ നിനക്ക് കിട്ടുന്നത്". പകുതി വെച്ച് എന്റെ ചോദ്യം മുറിഞ്ഞു.

"ഞാനാരെയും. പട്ടിക്കൂട്ടിലടച്ചിട്ടില്ല. എനിക്ക് അവർ വൃദ്ധസദ നത്തിലാണ് സുരക്ഷിതയെന്ന് തോന്നി. അത്രയേയുള്ളു. ഈ ബഹളങ്ങളും ഇപ്പോൾ തീരും. പ്രശസ്തയായ ഒറ്റത്തടിയായ പെണ്ണ്. അതിന്റെ ആവേശമാണ്".

മരിയയുടെ വീട്ടിൽ നിന്നിറങ്ങുമ്പോൾ ചിന്തകളുടെ ഭാരം എന്റെ ചുവടുവെപ്പ് പതുക്കെയായി. പഴയ കവലയിലെത്തിയപ്പോൾ എനിക്ക് മുമ്പിൽ രണ്ടുവഴികൾ. വീണ്ടും ചോദ്യചിഹ്നമായി മനസ്സിൽ പെരുമ്പറകൊട്ടി. ഗുളികൻതിറ ആടാൻ തുടങ്ങിയപ്പോൾ മറ്റേതോ വഴിയിലൂടെയാണ് ഞാൻ ഓടിയത്. ഇത് അമ്മ യ്ക്കരികിലേക്കുള്ള വഴിയാണ്. സംഭ്രമമേതുമില്ലാതെ ഞാനാ വഴി തിരഞ്ഞെടുത്തിരിക്കു ന്നു. വീടെത്തിയപ്പോൾ നേരം ഏറേ വൈകി. ഉമ്മറകോലായിൽ അമ്മ കാത്തിരിക്കുന്നു. ചോറ് വിളമ്പിതരുമ്പോൾ അമ്മ പറഞ്ഞു.

"നീ ഇന്ന് വരുമെന്ന് എനിക്കറിമായിരുന്നു ഞാൻ ഗോപാലനോട് പറഞ്ഞു മാങ്ങ പറിപ്പിച്ചു. ഇതാ നീ ഇത് കഴിക്ക് നിനക്ക് ചക്ക ക്കുരുവിന്റെയും മാങ്ങയുടെയും കൂട്ടാൻ ഭയങ്കര ഇഷ്ടമല്ലേ". എപ്പോഴാണ് ഞാൻ അമ്മയോട് ഒട്ടിചേർന്നതെന്നും കറിപുരണ്ട ചോറുവറ്റുകൾ അമ്മയുടെ മുഖത്ത് പതിപ്പിച്ചെന്നും അറിയില്ല. പക്ഷെ ഒന്നറിയാം എന്റെ കണ്ണുകളിലൂടെ കുഞ്ഞരുവികൾ ഒഴുകികൊണ്ടേയിരിക്കുകയാണ്.

– മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 ഏപ്രിൽ 26

# ഹിജാബ്

ഷഹന എ

“എനിക്ക് പോയേ തീരു"

വെള്ള സിൽക്ക് ഷർട്ടിന്റെ ഫുൾസ്ലീവ് കയ്യ് ചുളിയാതെ പിറകോട്ട് മടക്കിവെക്കുന്നതിനിടയിൽ നിസാർ അഹമ്മദ് അവളുടെ ആവശ്യത്തെ പുച്ഛിച്ചുകൊണ്ട് താഴോട്ടുള്ള പടികൾ ധൃതിയിൽ ഇറങ്ങിപ്പോയി.

അല്ലെങ്കിലും എങ്ങോട്ടാണ് പോകേണ്ടത്? കാണേണ്ട കാഴ്ചകൾക്ക്, നടക്കേണ്ട വഴികൾക്ക് അതിർത്തി നിശ്ചയിക്കപ്പെട്ട ലോകത്തിൽ മൗനം കുടിച്ചിറക്കി കൊട്ടിയടക്കപ്പെട്ട കൂറ്റൻ വാതിലിനു പുറകിൽ നിസ്സഹായയായി നോക്കിനിൽക്കുന്ന അവൾക്ക് ലോകം ചുറ്റും മതിലുകളാണ്.

“ഈ തറവാട്ടിലെ പെണ്ണുങ്ങളാരും അങ്ങാടി നിരങ്ങാൻ പോയോരല്ല. അന്റെ കെട്ട്യോളായിട്ട് ഓരോന്ന് ണ്ടാക്ക്യാൽ പിന്നെ ഇജ്ജ് വേറെ പെണ്ണിനെ തപ്പിക്കോ. അടങ്ങിയൊതുങ്ങി ജീവിച്ചാൽ ആ ഹറാം പിറന്നോൾക്ക് നല്ലത്”.

ഇവിടെ അസംഖ്യം രൂപങ്ങളുണ്ട്. കയ്യുകളും കാലുകളുമുണ്ട്. പക്ഷെ മുഖങ്ങളില്ല. കണ്ണുകൾ കണ്ണുകളോട് സംവദിക്കുന്നു. വെള്ള നാരുകളെ ഒളിപ്പിച്ച് മൈലാഞ്ചിത്താടി ഉഴിഞ്ഞ് പൂമുഖത്തെ ചാരുകസേരയിൽ നീണ്ടു നിവർന്ന് കിടക്കുന്ന അഹമ്മദ് ഹാജിയുടെ പക്കൽ അകത്തളങ്ങളിലെ പെണ്ണുങ്ങളുടെ ശബ്ദമളക്കുന്ന കുഴലുണ്ട്. ശബ്ദത്തെ പെണ്ണുങ്ങൾ തടവിലിട്ടിരിക്കുന്നു. എങ്ങാനും പൂട്ട് തകർത്ത് അവ പുറത്തെത്തിയാൽ അഹമ്മദ് ഹാജി ഇബ്‌ലീസിന്റെ മന്ത്രം പുറത്തെടുക്കും. ‘ഹലാക്കിന്റെ ത്വലാക്ക്’

“അസ്സലാത്തു അലന്നബി
അസ്സലാമു അലറസ്സൂൽ
അശ്ശഫീതുൽ അബ്‌തഈ
വൽഹബീബി ആറബ്ബീ ”

“നൂർജാത്താ ഇങ്ങളെ അമ്മായി വിളിക്ക്ണ്ട്. മൗലവീം കൂട്ടരും ബന്ന്ക്ക്. ഇങ്ങള് ബക്കം അടുക്കളേക്ക് ബരീൻ ” മൂത്ത നാത്തൂന്റെ മകൾ ആയിശ തിരക്കിട്ട് പറഞ്ഞ് ഓടിപ്പോയി

അടുക്കളയിൽ അടുപ്പുകളോടൊപ്പം പെണ്ണുങ്ങളും എരിഞ്ഞു കത്തുന്നു. ഉരുളിയിൽ കിടന്ന് കാമവെറിയോടെ തിളയ്ക്കുന്ന വെളിച്ചെണ്ണയ്ക്കായി കൂട്ടിയിട്ടിരിക്കുന്ന മാംസങ്ങളെ ജീവനുള്ള മാംസങ്ങൾ കൊത്തിനുറുക്കുന്നു. പെട്ടെന്നാണ് അതവളുടെ ശ്രദ്ധയിൽപ്പെട്ടത്. കിടക്കവിരിക്കിടയിൽ ഒളിച്ചുവച്ച ഷേക്സ്പിയർ കൃതികളും പുറംലോകം കാണാതെ പ്രസവിച്ച അവളുടെ സൃഷ്ടികളുമാണ് ബിരിയാണി ചെമ്പുകളെ ചുട്ടുപൊള്ളിക്കുന്നത്.
നൂർജയ്ക്ക് ദേഷ്യം അരിച്ചുകയറി.

"എന്റെ പ്രിയപ്പെട്ട പുസ്കങ്ങൾ. ആരാണീ ഈ ചതി ചെയ്തെ?"

"ഓ വന്നല്ലോ അറേലെ ബീവി. അന്റെ പുയ്യാപ്ല തന്ന്യാ അതൊക്കെ ബാരികൂട്ടി കത്തിക്കാൻ പറഞ്ഞേ. കണ്ണിക്കണ്ട ചബറ് ബായിച്ച് പെണ്ണ് കേടായാലോ"

ഷേക്സ്പിയർ, മതനേതാക്കന്മാരുടെ ആമാശയങ്ങളെ നിറയ്ക്കാനായി താങ്കളും എന്നോടൊപ്പം മറ്റൊരു ഇരയായി. തീർന്നിരിക്കുന്നു. അങ്ങയുടെ നായകന്മാരെല്ലാം വേട്ടക്കാരനിൽ നിന്നും ഇരകളായി മാറ്റപ്പെട്ടവരാണ്. തെറ്റിദ്ധാരണയുടെ പുകമറയിൽ പ്രതികാരദാഹികളായ അവർ സ്വന്തം സ്നേഹഭാജനങ്ങളുടെ രക്തത്തിൽ കൈകഴുകി സംതൃപ്തരായെങ്കിലും, പിന്നീട് അവർ ദുരന്തനായകന്മാരായി മാറി. പക്ഷെ ഇവിടെ ദുരന്തനായകനില്ല. ആകെയുള്ളത് എച്ചിലുകൾ പേറി, മൂടുപടത്തിനുള്ളിൽ ശ്വാസം മുട്ടുന്ന, നിരന്തരം പ്രസവിക്കേണ്ട യന്ത്രങ്ങളായ സ്വത്വമില്ലാത്ത ഏണിപ്പടികളാണ്. പുരുഷന് ചവിട്ടികയറേണ്ട ഏണിപ്പടികൾ.

"ഓൾക്കേ കുത്തികുറിച്ചിലിന്റെ ചൊറിച്ചിലാ ബാപ്പയെങ്ങാനും അറിയാണേൽ തലയറുക്കും".

നൂർജാക്ക് തല പെരുത്തു വന്നു. തല അറുക്കുംപോലും. അറുക്കട്ടെ. പക്ഷെ അതിന് മുമ്പ് കെട്ടി നിർത്തിയ ശബ്ദങ്ങളെ തുറന്ന് വിട്ട് കൂവിയാർക്കണം. പെണ്ണിനുവേണ്ടി ഇരുട്ടിനെ പരിപാലിക്കുന്ന ഈ കോട്ടയുടെ മേൽകൂരയെ ശബ്ദം കൊണ്ട് തകർക്കണം. വീർപ്പുമുട്ടിയ നിശ്വാസത്താൽ മുറി ചൂട് പിടിച്ചപ്പോൾ അവളുടെ സർഗാത്മകത ഭിത്തികളിൽ പോലും തുളച്ചുകയറി. ആ ശക്തിയുടെ സമ്മർദ്ധത്തിൽ ഇഷ്ടികയും കുമ്മായക്കൂട്ടും ഞെരുങ്ങിയമർന്നു. ഒടുവിൽ ഭിത്തി തകർന്ന് വീഴുമോ എന്ന ഭയത്തിൽ അവളാ ശക്തിയെ പേനയിലോട്ട് ആവാഹിച്ചു. അതിനാണിപ്പം തലയറുക്കാൻ പോണത്. അറുക്കട്ടെ. അപ്പോ തകർന്നുവീഴുമല്ലോ ഈ ശൈത്താൻ കൊട്ടാരം.

നൂർജ മുന്നിലിരുന്ന സവാളയെ കൊത്തിനുറുക്കി. അടുക്കളയിൽ നിന്ന് കൊതിപിടിപ്പിക്കുന്ന മസാലക്കൂട്ടിന്റെ ഗന്ധം ഒഴുകിയൊഴുകി ഉമ്മറത്ത് എത്തിയപ്പോൾ 'സ്വലാത്തി'നിടയിൽ മൗലവിമാർ മൂക്ക് വിടർത്തി.

വിഭവങ്ങൾ മേശയിലോട്ട് ഒഴുകുകയാണ്. ബിരിയാണി, നെയ്ച്ചോറ്, ചട്ടിപ്പത്തിരി, ഇറച്ചിപ്പത്തിരി തേങ്ങാച്ചോർ, നെയ്പ്പത്തിരി .ഇവയ്ക്ക് പുറമെ അലീസ, പാലക്ക, പിഞ്ഞാണത്തപ്പം.

"മൃഗങ്ങളെ പോലെ പണിയെടുത്ത് ഈ പെണ്ണുങ്ങൾ ചത്തൊടുങ്ങുല്ലോ ന്റെ റബ്ബേ...."

"നൂർജാ അന്റെ അഹമ്മതി കൊറച്ച് കൂടണ്ണ്ട്. ഹിജാബ് ഇടാണ്ടെ അറേന്ന് എറങ്ങരുതെന്നല്ലേ അന്നോട് പറഞ്ഞെ. എന്ത്ന്ള്ള ചാട്ടാ അന്റെത്?"

പച്ച, മഞ്ഞ, ചുവപ്പ് ഹായ്... എത്ര വർണ്ണങ്ങളായിരുന്നു. ചുളിവു വീഴാതെ അവളടുക്കിവെച്ച അലമാരയിൽ. അകത്തളങ്ങളിലെ കറുപ്പ് ശരീരവും അടക്കി ഭരിക്കാൻ തുടങ്ങിയപ്പോൾ ആ സുഗന്ധമുള്ള നിറങ്ങൾ തെക്കേ പറമ്പിൽ കത്തിയമർന്നു.

അഹമ്മദ് ഹാജിയെ കൊഞ്ഞനം കുത്താനും, മൗലവിമാരെ പല്ലിളിച്ചുകാട്ടാനും, കെട്ടിയവന് നേരെ മൂക്കും ചുണ്ടും വക്രിച്ച് കാട്ടി പ്രതിഷേധിക്കാനും ഹിജാബ് അവൾക്കൊരു മുതൽകൂട്ടാണ്.

വെളിച്ചത്തിന്റെ ഞരമ്പുകളിൽ ഇരുട്ട് കടിച്ചുതൂങ്ങി അധികാരം പിടിച്ചെടുത്തിട്ട് സമയം ഏറെയായിരിക്കുന്നു. പേന താഴെ വച്ച് അവൾ എഴുന്നേറ്റു. അവൾക്ക് വല്ലാത്ത അസ്വസ്ഥത തോന്നി. വാക്കുകളെ അളന്ന് മുറിച്ച് നൽകി, കാലിന്റെ വേഗതയെ കൂട്ടികുറച്ച് തിട്ടപ്പെടുത്തികൊടുത്ത്, ശരീരത്തെ ഇരുട്ട്കൊണ്ട് പൊതിയാൻ ചട്ടംകെട്ടി പെണ്ണിന് ജീവിക്കാൻ അവസരം നൽകിയ മതത്തിന്റെ കാവൽഭടന്മാർക്ക് നേരെ വിലങ്ങിട്ട നാവ് പുറത്തേക്കിട്ട് ഉറക്കെ ഛർദ്ദിക്കാൻ അവൾക്ക് തോന്നി. മഴ നനഞ്ഞ് ഉറക്കെ പാട്ടുപാടി തെരുവുകളിൽ ഓടി നടക്കണം. തൊണ്ട പൊട്ടുംവരെ പൊട്ടിച്ചിരിക്കണം. പെട്ടെന്നാണ് നിസാർ അഹമ്മദ് മുറിയിൽ പ്രത്യക്ഷപ്പെട്ടത്. മനസ്സിൽ ഇരമ്പിയാർത്ത കടലിനെ അവൾ അയാൾക്ക് നേരെ തുറന്നു വിട്ടു.

"തുറന്നു വിടൂ എനിക്ക് പോണം, ആട്ടിത്തെളിക്കാൻ ഞാൻ നിങ്ങളുടെ വളർത്തുമൃഗമല്ല".

"ശൈത്താനെ ഒച്ചയടക്ക് അന്റെ ഒച്ച ഈ മുറിവിട്ട് പൊറത്തു പോയാൽ കഴുത്തറക്കും ഞാൻ. അനക്ക് എന്തിന്റെ കുറവാ ഇബടെ. നക്കാനും, ഇടാനും കിട്ടണില്ലേ?"

"എനിക്ക് വേണ്ടത് എന്റെ സൗന്ദര്യത്തെയാണ്, സ്വാതന്ത്ര്യത്തെയാണ്".

നൂർജ ഹിജാബ് വലിച്ചൂരിയെറിഞ്ഞ് മുന്നോട്ടാഞ്ഞു. അയാൾ അവളെ തള്ളി വീഴ്ത്തി. അവൾ കട്ടിലിൽ ചെന്ന് വീണതും അയാൾ അവളുടെ മേൽ ചാടി വീണു. തണുത്തുറഞ്ഞ മഞ്ഞിൽ നിന്നും ശരീരം പൂഴ്ന്ന് പോകാതെ അവൾ സർവ്വശക്തിയുമെടുത്ത് ആഞ്ഞു വലിച്ചു.

"എനിക്ക് പോണം, ഈ മതിലുകൾ ചാടിക്കടന്ന്....."

"....ച്ചീ, നിർത്തെടി , ന്റെ തറബാടിന്റെ നെലേം വെലേം കളഞ്ഞ് ഈ പടി ജ്ജ് കടക്കണത് ഇക്കൊന്ന് കാണണം".

തലയണക്കടിയിൽ അമർത്തപ്പെട്ട അവളുടെ കിതപ്പുകളിൽ പിടഞ്ഞുകൊണ്ടിരിക്കുന്ന അവസാനശ്വാസത്തിന്റെ ചൂടിൽ നിസ്സാർ അഹമ്മദ് പുളകം കൊള്ളവെ, അയാളുടെ മനസ്സിൽ മറ്റൊരു നൂർജ മണിയറ വാതിൽ തള്ളി തുറക്കുകയായിരുന്നു.

–അങ്കണം കഥാപുരസ്ക്കാരം 2015

# പ്രണയത്തിന്റെ ഉടലറിവുകൾ

**ദിൽഷ ഡി**

ഒടുവിൽ അടിച്ചമർത്തപ്പെട്ട ആത്മസത്ത വീണ്ടും തലപൊക്കി യിരിക്കുന്നു. സ്വാതന്ത്ര്യം നിഷേധിച്ച് മൗനമുറഞ്ഞ തടവറയിൽ ആത്മാവിനെ തളച്ചിട്ടപ്പോൾ ഒരിക്കലും ഇരുമ്പഴി കളഴിച്ചുമാറ്റി പുറത്തുവരരുതെന്നാഗ്രഹിച്ചു, പക്ഷെ...... വീണ്ടും....

ആത്മവഞ്ചനയുടെ ഈ കാലയളവിൽ ഞാനൊരു നടിയാ യിരുന്നു. മുഖത്ത് ചായങ്ങളണിഞ്ഞ് അരങ്ങുതകർത്താടിയ നടി. ഇനിയെനിക്കു വയ്യ... ആ നാട്യക്കാരിയുടെ ചായക്കൂട്ടുകൾ ഇന്നി പ്പോൾ എന്റെ മുഖത്തുനിന്നടർന്നു വീണിരിക്കുകയാണ്. എനിക്കു ജീവിക്കണം... ഞാനായി ജീവിക്കണം.

"ഹിമേ നീയെവിടെയാ..."

പാതി ചാരിവെച്ച വാതിലിനിടയിലൂടെ തുളച്ചുകയറിയ ശബ്ദം ഹിമയുടെ ചിന്താധാരയെ തച്ചുടച്ചു. തൊട്ടുപിന്നാലെ ഉത്ക്കണ്ഠ നിറഞ്ഞ് കനപ്പെട്ട മുഖവുമായി വെളുത്തു തടിച്ചെങ്കിലും ചേതന വറ്റിയ ഒരു രൂപം അവളുടെ അരികിൽ വന്നു നിന്നു.

അമ്മ... താൻ തിരഞ്ഞെടുത്ത വഴികൾ കനൽ കോരിയിട്ടത് ചൂടുപകർന്നു തന്ന ആ നെഞ്ചിലാണ്. ആ കണ്ണിൽ നിന്നടരുന്ന ഓരോ തുള്ളിയും എന്റെ ശിരസ്സിലേറ്റുവാങ്ങാൻ വിധിക്കപ്പെട്ട ശാപത്തിന്റെ താപമാണ്.

"ഹിമേ... നീയെവിടെയിരിക്ക്യാ... ഒരു കാര്യം പറയാനുണ്ട്. കേൾക്കുമ്പോൾ കടിച്ചുകീറാൻ വരരുത് ".

"കേൾക്കാൻ പറ്റാത്തതാണെങ്കിൽ പറയണ്ട". എടുത്തടിച്ചതു പോലെയായിരുന്നു ഹിമയുടെ മറുപടി.

ആ മുഖം വിവർണ്ണമായോ...? അമ്മയുടെ മുഖത്ത് തന്നെ നോക്കി നിൽക്കാൻ ഹിമക്കായില്ല. കണ്ണുകൾ അവിടെ നിന്ന് പറിച്ചെടുത്ത് അവൾ സ്വന്തം പാദാഗ്രത്തിൽ ദൃഷ്ടിയൂന്നി.

ഒരു പ്രായം കഴിഞ്ഞാൽ പെൺമക്കൾ വീട്ടിൽ നിൽക്കുന്നത് അച്ഛനമ്മമാരുടെ നെഞ്ചിലെ തീയാ.. എത്ര ആലോചനകളായി വരുന്നു ഇനിയും ഒഴിവുകഴിവു പറയാൻ പറ്റില്ല. എല്ലാവരും ചോദി ച്ചുതുടങ്ങി.

“അച്ഛൻ പറഞ്ഞിരുന്നല്ലോ ഒരു പയ്യൻ നിന്നെ കാണാൻ വരുന്നുണ്ടെന്ന്. ദുബായിൽ സോഫ്റ്റ്‌വെയർ എഞ്ചിനിയറാണത്രെ”.

“ഒന്നുവന്നു കണ്ടുനോക്കാനുള്ള മനസ്സെങ്കിലും കാണിക്ക്... ഇനിയും ഞങ്ങളെ ഇങ്ങനെ തീ തീറ്റിക്കല്ലേ ഹിമേ”.

നിരാശ നിഴൽ തീർത്ത ആ വാക്കുകൾക്ക് ആജ്ഞാശക്തിയില്ല. ആവർത്തന വിരസത സൃഷ്ടിച്ച തളർച്ചയുടെ സ്വരമായിരുന്നു അത്. അപേക്ഷയുടെ, അനുനയത്തിന്റെ സ്വരം...

പക്ഷെ ശരീരത്തിനും മനസ്സിനും പ്രഹരമേറ്റപോലെയാണ് ഹിമയ്ക്ക് തോന്നിയത്. ഉള്ളിന്റെ ഉള്ളിൽ എന്തോ കൊളുത്തിവലിക്കുന്നപോലെ നീറുന്ന വേദന.

ആ വാക്കുകൾ കേട്ടില്ലെന്ന ഭാവത്തിൽ നിന്നിട്ടും അവളുടെ കണ്ണിൽ നിന്നും അവജ്ഞയുടെ തീക്ഷ്ണ രശ്മികൾ പുറത്തേക്ക് വമിച്ചു.

ചുട്ടുപഴുത്ത കനൽക്കട്ടകൾ തട്ടിതെറിപ്പിക്കുന്ന കോമരത്തെ പോലെ ഉറഞ്ഞുതുള്ളാനാണ് ആദ്യം തോന്നിയത്. പക്ഷെ വിവേകം വികാരത്തെ ഒരു നിമിഷത്തേക്ക് കടിഞ്ഞാണിട്ടുനിർത്തി.

“അമ്മേ...” ഇരമ്പുന്ന നെഞ്ചകം മറച്ചുവെച്ച് ഹിമ ആർദ്രമായി വിളിച്ചു.

“നിന്നോടല്ലേ പറഞ്ഞത് പെട്ടെന്ന് ഒരുങ്ങി താഴേക്ക് വരാൻ”. അവരു വന്നിട്ട് കുറച്ചു സമയമായി. ചായയൊക്കെ എടുത്തുവച്ചിട്ടുണ്ട്. കൊണ്ടുപോയി കൊടുക്ക്.” അമ്മയുടെ വാക്കുകൾ പരുക്കനായി ചിതറിവീണു.

ഇരുണ്ടധൂമങ്ങളെ പുകച്ചുതള്ളുന്ന കറുത്ത ചുണ്ടുകളെ ഞാനറയ്ക്കുന്നു. ഓരോ മണൽതരിയും കാൽചുവട്ടിൽ പിടഞ്ഞുതീരുന്ന നിർവൃതിയിൽ ഉണർന്നെണീക്കുന്ന രോമകൂപങ്ങളെ ഞാൻ വെറുക്കുന്നു.

“ഇല്ല.., എനിക്കുവയ്യ...”

ചിന്തകൾ വിഷസർപ്പത്തെപോലെ ചുറ്റിവരിയുന്നതായും ദംശിക്കുന്നതും ഹിമയെ അസ്വസ്ഥയാക്കി. സാങ്കല്പിക അച്ചുതണ്ടിൽ ഭൂമിയെ തളച്ചിട്ടപോലെ അദൃശ്യമായ ചട്ടക്കൂടിൽ സദാചാരത്തിന്റെ മേമ്പൊടി തേച്ച് തന്നെയും, തന്നെ പോലെ ചില മനുഷ്യാത്മാക്കളെയും ബന്ധിതരാക്കിയ സമൂഹത്തെയോർത്ത് അവൾക്ക് മനം പുരട്ടലുണ്ടായി.

ജാതിയുടെയും മതത്തിന്റെയും ഇരുമ്പടരുകളടർത്തിമാറ്റി ഭൂലോകത്തെ മുഴുവൻ വെല്ലുവിളിച്ച് പ്രണയത്തിന്റെ മതം തീർത്ത വിശ്വനാഥൻനായരുടെയും റോസമ്മയുടെയും മകൾക്ക്

വല്ലവന്റെയും മുന്നിൽ ചായക്കപ്പും പിടിച്ച് നമ്രശിരസ്ക്കയായി നിൽക്കേണ്ടതില്ല. ഇഷ്ടപ്പെട്ട ആണൊരുത്തനെ ചൂണ്ടികാണിച്ചാൽ ആ ജീവിതത്തിലേക്ക് തന്നെ നിറഞ്ഞ മനസ്സോടെ യാത്രയയക്കാൻ അവർ തയ്യാറാവുമെന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

പക്ഷെ... ഞാൻ തെറ്റുചെയ്തുപോയി. ഈ അണ്ഡകടാഹത്തിൽ ആരും ചെയ്യരുതാത്ത തെറ്റ് പ്രണയത്തിന് ജാതിയും മതവും മാത്രമല്ല ശരീരശാസ്ത്രവും വിലങ്ങുതടിയല്ലെന്ന് വിശ്വസിച്ച ഒരു വിഡ്ഢിയുടെ ഒരു മഹത്തായ തെറ്റ് .

ഓ... ഹസീനാ... നീയെവിടെയാണ്? എന്റെ പ്രണയത്തിന്റെ അവസാനതുള്ളി രക്തവും ഊറ്റിയെടുത്ത് എന്റെ ശാസ്വോച്ഛാസത്തിന്റെ ഓരോ മിടിപ്പും ഏറ്റുവാങ്ങിയവളെ. നമ്മൾ തെറ്റു കാരാണ്, മനുഷ്യമാംസം നുണയുന്നവരെക്കാളും രക്തം ലഹരിയാക്കിയവരെക്കാളും നികൃഷ്ടജീവികളാണ് നമ്മൾ.

പക്ഷെ നമുക്ക് ജീവിക്കണം. ആത്മാവിന്റെ കണ്ണാടിയിൽ അതൊരു തെറ്റായി പ്രതിഫലിക്കാത്ത കാലത്തോളം നമുക്കൊന്നായി ജിവിക്കണം.

ബാഹ്യനിശബ്ദതയെയും മനസ്സിന്റെ അകത്തളത്തിലെ വാചാലതയെയും അലോസരപ്പെടുത്തി. കിടക്കയിൽ കിടന്ന് സെൽഫോൺ കരയാൻ തുടങ്ങി. പ്രാണന്റെ ആദ്യവായു തന്നിലേക്കെടുക്കുവാൻ വിതുമ്പികരയുന്ന കുഞ്ഞിനെപ്പോലെ ...

ഹിമ പതിയെ കിടക്കയിൽ നിന്ന് ഫോണെടുത്ത് ചെവിയോട് ചേർത്തുവച്ചു.

“ഹിമാ...”

ഓർമ്മയുടെ വിളിപ്പാടകലെ നിന്ന് ഹസീനയുടെ സ്വരം.

അതിന്നും തന്റെ കാതിൽ നിന്നും മാഞ്ഞുപോയില്ലേ?. ഹിമ അത്ഭുതപ്പെട്ടു.

“ഹസീനാ... നീ...” കലങ്ങിയ കണ്ണുകൾ നനച്ചെടുത്ത വിറയാർന്ന ചുണ്ടുകളിൽ ഹിമയ്ക്ക് പറയാനുള്ളത് ഞെരിഞ്ഞമർന്നു.

“അടുത്ത മാസം ഇരുപത്തൊൻപതിന് എന്റെ നിക്കാഹാണ്. എനിക്ക് ആകെകൂടെ ഒരു കൂട്ടുകാരിയേയുള്ളൂ... അത് ഹിമയാണ്. നീ വരണം വരാതിരിക്കരുത്, കിട്ടുമെന്ന് പ്രതീക്ഷിച്ചതല്ല., ഈ നമ്പർ മാത്രമേ കൈയ്യിലുണ്ടായിരുന്നുള്ളു”. ഒറ്റശ്വാസത്തിൽ ഇത്രയും പറഞ്ഞ് ഹസീന ഹിമയുടെ മറുപടിക്കായ് കാത്തു.

കാതടപ്പിക്കുന്ന ശബ്ദത്തിൽ പുറത്തെന്തോ വീണുടഞ്ഞതവ

ളറിഞ്ഞു.

"ഹലോ... ഹിമാ... ഹലോ..."

തകർന്നടിഞ്ഞ സ്വപ്നങ്ങൾക്കുമേൽ പ്രണയത്തിന്റെ രാഷ്ട്രീയം മനസ്സിലാവാതെ ഹിമ പകച്ചുനിന്നു.

കുഴിച്ചുതോണ്ടിയെടുക്കാൻ കഴിയാത്തത്ര ആഴത്തിൽ ആരും കാണാതെ ആത്മാവിനെയും പ്രണയത്തെയും കുഴിച്ചുമൂടി. ഹിമ നിലക്കണ്ണാടിക്കുമുമ്പിൽ നിന്ന് ചന്തം ചാർത്തി കറുപ്പും വെളുപ്പും നിറങ്ങളിണചേർന്ന സാരി ചുറ്റി അവൾ താഴെക്കിറങ്ങി. ചായക്കപ്പുകൾ വെച്ച ട്രേ കയ്യിലേന്തി അയാളുടെ മുന്നിലെത്തി. ആ കണ്ണുകൾ ഉടലളവുകളെടുത്തപ്പോൾ അവളൊഴിഞ്ഞുമാറിയില്ല, ലജ്ജിച്ചില്ല. കാരണം അവൾ ശരീരം മാത്രമായിരുന്നു. ആത്മാവില്ലാത്ത വെറും ശരീരം.

# ബിനാമി

രജ്ന കെ

ചത്തത് കീചകനെങ്കിൽ... മീഡിയ ചോദിച്ചു.
കൊന്നത് ഭീമൻ തന്നെ. പോലീസ്
നാലു ക്ലോണുകളെ അങ്ങോട്ടയച്ചിട്ടുണ്ട്.
ഫോണിലൂടെ യഥാർത്ഥ ഭീമന്റെ പൊട്ടിച്ചിരി ചിതറി...
സന്തോഷമായി. പോലീസ് മേധാവി ചിരിച്ചു.
നിയമത്തിന് പ്രതിയെ വേണം.
പഴഞ്ചൊല്ലിൽ നിന്നായാലും പതിരിൽനിന്നായാലും.
പല കീചകന്മാർ ഒരുമിച്ചാർത്തു ചിരിച്ചു.

# മഞ്ഞ ഇലകൾ

മൃദുല പി

വെയിൽ മങ്ങിതുടങ്ങിയിരിക്കുന്നു. ചൂടേറ്റു തളർന്ന അന്തരീക്ഷ ത്തിന് ഒരു മയക്കത്തിന്റെ ആലസ്യമാണ്. മണം നഷ്ടപ്പെട്ടു തുടങ്ങിയ ഉതിർമുല്ല പൂക്കളാണ് മുറ്റം നിറയെ ചിതറി കിടക്കുന്നത്. ആരും വന്ന് ഉണർത്താനില്ലാത്തതുകൊണ്ട് മൂന്ന് ദിവസങ്ങളിലെ പത്രം ഇപ്പോഴും ഉമ്മറത്തെ കസേരയിൽ കിടന്ന് ഉറങ്ങുകയാണ്. അമേരിക്കയിൽ നിന്ന് നാട്ടിലെത്തിയതുമുതൽ തുടങ്ങിയതാണ് ഈ അടുക്കിപെറുക്കലു കൾ. എത്ര വൃത്തിക്കു മടക്കിയാലും അയഞ്ഞിരിക്കുന്ന സിൽക്കു സാരിപോലെ മൊത്തത്തിലൊരു അയവാണ്.

ഫ്രെയിം ചെയ്ത ചില്ലുകണ്ണാടിക്കുള്ളിലിരിക്കുന്ന കിളവന്റെയും കിളവിയുടെയും രൂപത്തിനപ്പുറം അമേരിക്കയിലെ ഫ്ളാറ്റ് ഞങ്ങൾ ക്കൊന്നും നൽകിയില്ല. ആ കണ്ണാടിക്കുപുറത്തള്ള ആകാശത്തിന്റെ അനന്തത തുടക്കവും ഒടുക്കവും ഒരേ ബിന്ദുവിലെത്തിച്ച ഭൂമിയെ വെറുമൊരു വട്ടപൂജ്യം മാത്രമായി തോന്നിച്ചു. ഹരണങ്ങളിൽ അന ന്തത നൽകി കൂട്ടലുകളെയും കുറയ്ക്കലുകളെയും നിന്നിടത്തു തന്നെ നിർത്തിച്ച പൂജ്യം വയസ്സുകാലത്ത് മക്കളെയും പേരക്കു ട്ടികളെയും കണ്ട് അവിടെത്തന്നെ നിൽക്കാമെന്ന് പറഞ്ഞിട്ടും ഭാനു വഴങ്ങിയില്ല. എന്റെ മനസ്സ് ഇപ്പോഴും ശൂന്യമാണ്. അവളൊരു കൊച്ചുകുട്ടിയെപോലെ ഉത്സാഹത്തിലുമാണ്. കണ്ണുകളിൽ കുസൃ തിയും ആകാംക്ഷയും നിറഞ്ഞുനിൽക്കുന്നു. ഇവിടെ വന്നതുമുതൽ ഒരു തള്ളക്കോഴിയെപ്പോലെ എന്തൊക്കെയോ ചിക്കിച്ചിനക്കി നടക്കുന്നുമുണ്ട്. മക്കളോടൊത്ത് അമേരിക്കയിലേക്ക് പോകുമ്പോൾ ഉപേക്ഷിച്ച ഓർമ്മകൾ പൊതിഞ്ഞുനിൽക്കുന്ന ഈ വീട്ടിൽ നിന്നും ഓരോ ദിവസവും ഓരോന്നായി അടർത്തിയെടുക്കാനുള്ള ശ്രമത്തി ലാണ് അവളെന്നുതോന്നി. ഇത്തരമൊരു പരിശ്രമത്തിനിടെയാണ് നിലത്തുവീണുപൊട്ടിയ ചില്ലുകഷണങ്ങളുടെ നിലവിളികേട്ടത്.

ചെന്നുനോക്കുമ്പോൾ വേദനകൊണ്ട് അലറിയത് ചില്ലുകഷ ണങ്ങളാണെങ്കിലും ഭാനുവിന്റെ കണ്ണിൽ നിന്നാണ് കണ്ണീരു വരുന്ന ത്. പൊട്ടിയ ചില്ലുകഷണങ്ങളിൽ തെറിച്ച ചുവന്ന മഷിപ്പൊട്ടു

കൾപോലെ കിടക്കുന്ന മഞ്ചാടിക്കുരു ഒരു കുരുതിക്കളത്തെ ഓർമ്മിപ്പിച്ചു. റബ്ബർബാന്റ് കെട്ടിവെച്ച ചോക്ലേറ്റ് കവറുകൾ, പണ്ട് നാട്ടിൽ വരുമ്പോൾ കൊണ്ടുവരാറുള്ള ബ്രാൻഡാണ് എല്ലാം. തീപ്പെട്ടിക്കൂടുപോലുള്ള നാലുപെട്ടി നിറയെ സ്റ്റാമ്പുകൾ, ഞങ്ങളുടെ മോൻ ആദ്യമായി ഇട്ട കുഞ്ഞുടുപ്പുകൾ, മോളുടെ കുഞ്ഞുവളകളും, കമ്മലും എല്ലാം വൃത്തിയായി തരംതിരിച്ച് വെച്ചിട്ടുണ്ട്. പുള്ളി പാവാടയിട്ട ഭാനു നിൽക്കുന്ന ഒരു പഴയ ഫോട്ടോയും ആ കൂട്ടത്തിൽ നിന്നെന്നെ എത്തി നോക്കി.

എന്നെ കണ്ടതും സങ്കടം കൂടി.

“എന്റെ... ന്റെ മഞ്ചാടിക്കുരു ഒക്കെ പോയി...” തേങ്ങിത്തേങ്ങി അവൾ പറഞ്ഞൊപ്പിച്ചു.

“നമ്മക്ക് ഇതിപ്പോ ശരിയാക്കാം”

പറഞ്ഞുശീലിച്ച ആശ്വാസവാക്കുകൾകൊണ്ട് ഞാനവളെ സമാധാനിപ്പിച്ചു. വീണ്ടും ഒരു പരീക്ഷണം എന്ന പോലെ നിറം നഷ്ടപ്പെട്ടുതുടങ്ങിയ കുഞ്ഞുടുപ്പുകളും മിഠായികവറുകളും കാണിച്ച് ഞാൻ ചോദിച്ചു.

“ഇതൊക്കെ എന്താന്ന് ഭാനുവിന് ഓർമ്മയുണ്ടോ”.

എന്റെ ചോദ്യം അവളെ കുഴക്കി. കുറച്ചു നാളായിട്ട് അവൾക്ക് ചോദ്യങ്ങളെ പേടിയാണ്. ഒരു ഉത്തരത്തിനായി അവളെന്റെ കണ്ണുകളിലേക്ക് തുരന്നുകയറി. ഇല്ല എന്നിട്ടും കിട്ടിയില്ല...

ചാരനിറം വീശിതുടങ്ങിയ ആ ഫോട്ടോ കൈയിലെടുത്ത് ഞാൻ പറഞ്ഞുതുടങ്ങി.

“ഇത് പണ്ട് ഭാനുവിന്റെ വീടിന്റെ ഉമ്മറത്തു തൂക്കിയിട്ടതായിരുന്നു. ഞാൻ ആദ്യം കണ്ടതുതന്നെ ഈ ഫോട്ടോയാണ്. പിന്നെ അമ്മകൂടി മരിച്ച് തറവാട് വിറ്റപ്പോൾ നമ്മളിതിങ്ങോട്ട് കൊണ്ടുവന്നതോർക്കുന്നില്ലേ”.

“അമ്മ... അമ്മ കാത്തിരിക്കും വാ... നമുക്ക് പോകാം”.

ഞാൻ പറഞ്ഞതൊന്നും ശ്രദ്ധിക്കാതെ ഇന്നും ഓർക്കുന്ന ഒരു വാക്കുമാത്രം അവളതിൽനിന്ന് പെറുക്കിയെടുത്തു. ഇനി ഒരു രക്ഷയുമില്ല. കൂട്ടിലിട്ട കിളിയെപോലെ ചിറകടിച്ച് ബഹളമാണ്. ഭാനുവിന്റെ ഈ കുറുമ്പു കുറച്ചായി തുടങ്ങിയിട്ട്.

അൽഷിമേഴ്സ് എന്നൊരു പേരിനപ്പുറം ഡോക്ടേഴ്സിനും മറ്റാർക്കും ഒരുത്തരം നൽകാനായില്ല. സ്മൃതിനാശം. ആദ്യമൊക്കെ മനസ്സ് പറഞ്ഞത് വർത്തമാനത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണിത് എന്നായിരുന്നു. പിന്നെ തോന്നി അവൾക്കിതൊരു ഒളിച്ചോട്ടമല്ല, മറിച്ച്

പുതിയ കണ്ടെത്തലുകളിലേക്കോ, ഓർമ്മപ്പെടുത്തലുകളിലേക്കോ ഉള്ള തിരിച്ചുവരവാണെന്ന്. തലച്ചോറിനപ്പുറം വേറെ എന്തോ ഒന്നിന്റെ ഉള്ളറകളിലേക്കുള്ള തിരച്ചിലിലാണ് അവൾ.

നാലുഗ്ലാസ്സ് കട്ടൻകാപ്പികൊണ്ട് ഞാൻ സമയത്തെ കണ്ണുരുട്ടി ഓടിപ്പിച്ചു. അസഹനീയമായ ചൂട് റൂഫിൽ കറങ്ങുന്ന ഫാനുമായി എന്നെ ഒരു നേർവരയിൽ എത്തിച്ചു. ഉറക്കത്തിലേക്കു വഴുതിയ ഏതോ നിമിഷത്തെ തട്ടിയുണർത്തിയത് മോന്റെ ഫോണായിരുന്നു. മൂന്നുമാസം കൂടി കഴിഞ്ഞാൽ സിറ്റിസൺഷിപ്പ് എക്സ്പയറി ആകും. അതിനുമുമ്പേ തിരിച്ചുവരില്ലേ എന്നു ചോദിച്ചു. ഒട്ടും ആലോചിക്കേണ്ടിവന്നില്ല.

ഇല്ല. ഓർമ്മകളുടെ നാശം ഒരു രോഗാവസ്ഥയാണെന്ന് ഞാൻ വിശ്വസിച്ചു. എന്നാൽ പുതിയ ഓർമകളുടെ കണ്ടെത്തിക്കൊണ്ടേ ഇരിക്കുന്ന ഭാനുവിനെ ഞാനിപ്പോ അറിയുന്നു. മരിക്കാൻ കാത്തുകെട്ടികിടക്കുന്ന വയസ്സൻ ഓർമ്മകളെ കൊന്ന് പുതിയ ഒന്നിനു ജന്മം നൽകാനാവാത്ത എനിക്കാണ് രോഗം.

ഉറക്കത്തിന്റെയും വിയർപ്പിന്റെയും ഉപ്പുമണം തളംകെട്ടി നിൽക്കുന്ന കാറ്റിന്റെയും ആലസ്യത്തിൽ ഞാൻ പറഞ്ഞുനിർത്തി. അപ്പുറത്തുനിന്ന് എന്തോ പറയുന്നുണ്ടായിരുന്നു. ചിലപ്പോൾ അച്ഛനും ഭ്രാന്തായോ എന്നായിരിക്കും. പാതിവഴി നിന്ന ആ ഉറക്കത്തിലേക്ക് വീണ്ടുമെപ്പോഴോ ഞാൻ വഴുതിപോയി.

വെയിൽ കൺപോളകളിലൂടെ തുളച്ചുകയറുകയാണ്. മഴവില്ലിന്റെ നിറം കൊടുത്ത കണ്ണാടിയുമായി ഭാനു ജനലരികിലുണ്ട്. മങ്ങിയ മഞ്ഞവെളിച്ചത്തിൽ തിളങ്ങുന്ന മുടി അവളെ കൂടുതൽ സുന്ദരിയായി തോന്നിച്ചു. വിറങ്ങലിച്ചു നിന്നിരുന്ന ആ കൈകൾ കൂടുതൽ ആരോഗ്യത്തോടെ ഉണർന്നിരിക്കുന്നു. ചുണ്ടുകൾക്കും കവിളുകൾക്കും ആകസ്മികമായ തുടിപ്പ്. അവൾക്കു മുന്നിൽ നീണ്ടുമെലിഞ്ഞ ശരീരമുള്ള എന്റെ മനസ്സിലേക്കുകൂടി വാർധക്യം ബാധിച്ചിരിക്കുന്നു എന്ന സത്യം എന്നെ വേദനിപ്പിച്ചു.

"എഴുന്നേൽക്ക്, നമുക്ക് അമ്മയെ കാണാൻ പോവണ്ടേ" ചുളിവുവീണ എന്റെ കൈ വലിച്ചുകൊണ്ടവൾ നടന്നു. കുറുക്കു വഴികളെല്ലാം കൃത്യമാണ്. പിന്നിലെ പറമ്പിൽ നിന്ന് ഹാജ്യാരുടെ ഇടവഴിക്കൂടെ കയറി മുൻസിപ്പൽ റോഡിലേക്ക്, വഴികൾ മുഴുവൻ അമ്മയും വരിക്കച്ചക്കയും ഉറിഞ്ചിമാങ്ങയുമെല്ലാം ഭാനുവിന്റെ ഓർമ്മയിൽനിന്ന് നിറഞ്ഞാടി.

'ഭാനുവിലാസം' എന്നെഴുതിയ ആ പഴയ ഗെയ്റ്റ് തുറന്നപ്പോൾ അവളൊന്നു നിശബ്ദമായി. ചെരിഞ്ഞുവീഴാറായ ഒരു കൊമ്പന്റെ പ്രൗഢി ആ വീടിനിയും നഷ്ടമായിട്ടില്ല. മുറ്റം വെയിൽ തട്ടിക്കാതെ പന്തലിച്ചു നിന്ന വയസ്സൻ മാവുകൾ ഇലകൾകൊണ്ട് ഒരു പായതന്നെ വിരിച്ചിട്ടുണ്ട്. ചുണ്ടിലും നാവിലും കൈകളിലും മധുരം നുണയ് ക്കാൻതന്ന ആ കറുത്ത മൂവാണ്ടനെ കണ്ടില്ലെന്നു നടിക്കാനായില്ല. മുണ്ടിന്റെ തലപ്പിൽ വീണുകിടന്ന ആ മധുരത്തെ പെറുക്കിയെടുക്കു മ്പോൾ കുറെ നേരത്തെ നിശബ്ദതയിൽ നിറഞ്ഞ വേറെന്തോ പെറുക്കിയെടുത്തപ്പോലെ അവൾ മൂക്കു കൂർപ്പിച്ചു. മുഖം വിടർത്തി.

"അമ്മ മാമ്പഴപ്പുളിശ്ശേരിയിൽ കടുകൊഴിക്കുന്ന മണമാണ്. ഓ വേഗം ചെല്ലാം".

എന്റെ മുണ്ടിൽ പെറുക്കിയ മാങ്ങകൾ വീണുപോകാതെ അവളെന്റെ കൈ പിടിച്ചുനടന്നു.

വീടിനകത്തേക്കുള്ള കരിങ്കൽപടികൾ എണ്ണികൊണ്ട് ഞങ്ങൾ കയറി. ഒന്ന്... രണ്ട്...

മാമ്പഴപുളിശ്ശേരിയിൽ കടുകൊഴിക്കുന്ന മണത്തിനായി ഞാൻ മൂക്കു കൂർപ്പിച്ചു. ഞങ്ങൾക്കു പിറകിൽ മഞ്ഞച്ച മാവിലകൾക്കൊപ്പം പഴുത്ത മാങ്ങകൾ കൊഴിഞ്ഞുകൊണ്ടേയിരുന്നു.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 2015

# പോത്ത്

കൃഷ്ണേന്ദു വി

അപ്പൻ ആ കടയ്ക്ക് എന്തിനാണ് അമ്മച്ചിയുടെ പേരിട്ടതെന്ന് എത്രയാലോചിച്ചിട്ടും ആനിയ്ക്ക് മനസ്സിലായില്ല. അലക്കുകല്ലിലെ തുണികളോടും അടുപ്പിലെ വിറകിനോടും മാത്രം മത്സരിക്കുന്ന അമ്മച്ചിയുടെ പേര് 'അന്നമ്മ ഇറച്ചിക്കട'. അപ്പൻ ഒരു പക്ഷെ ആദ്യം അറുത്ത പോത്ത് അമ്മച്ചിയായിരിക്കും.

"നോക്കി നിക്കാണ്ട് പീസൊക്കെ തൂക്കി കവറിലാക്കി കൊട് ക്കെടീ..."

അപ്പന്റെ ചൂര് മൂക്കിലേക്കടിച്ചു കേറി. വെട്ടിയിട്ട കഷ്ണങ്ങൾ അപ്പന്റെ കണ്ണുകളാണെന്നവൾക്കു തോന്നി.

"ഞാനും പോത്താണമ്മച്ചി. അപ്പനു ഞാൻ മോളല്ല..."

കിണറ്റിൽ കരയിൽ നിന്നു കട്ട പിടിച്ച കറകളെ ഉരച്ചുകളയാതെ ആനി വെള്ളംകോരിയൊഴിച്ചുകൊണ്ടേയിരുന്നു.

ലില്ല്യേ അവളപ്പൻ എത്ര സ്നേഹായിട്ടാ കെട്ടിപിടിക്കണേ... പക്ഷേ അപ്പൻ കെട്ടിപ്പിടിയ്ക്കുമ്പോ... ഇങ്ങന്യാണോ സ്നേഹം...? അപ്പനെക്കുറിച്ചോർത്തപ്പോൾ അവൾ തലവഴി പിന്നെയും വെള്ളം കോരിയൊഴിച്ചു.

"പോത്ത് പോല്യായി എന്നിട്ടും പെണ്ണിനു കെണറ്റിങ്കരേന്നാ കുളി"

മുഴുവനാക്കും മുമ്പ് വലിവ് അമ്മച്ചിയെ മുന്നോട്ടുവളച്ചു. രാത്രി ഉറക്കത്തിൽ നിറയെ പോത്തുകളായിരുന്നു. അനങ്ങാൻ പോലു മാവാതെ തിങ്ങിനിറഞ്ഞ് തലയില്ലാത്ത പോത്തുകൾ അവയ്ക്കു പിന്നാലെ ഇലക്കെട്ടുകളുമായി തീറ്റകൊടുക്കാൻ ധൃതിപ്പെടുന്ന അമ്മച്ചി.

ചോരച്ചൂര് മേലിഴഞ്ഞു കയറിയപ്പോൾ ആനി കണ്ണു തുറന്നു. അപ്പന്റെ സ്നേഹത്തിനിത്ര ശക്തിയോ? സ്വപ്നത്തിലെ പോത്തുകൾ അവൾക്കു മുകളിലൂടെ പരക്കം പാഞ്ഞു.

അപ്പൻ കിതച്ചു.

ആനി കരഞ്ഞു.

അമ്മച്ചിയുടെ ഏങ്ങിയുള്ള ഉയർച്ച അപ്പന്റെ കുളമ്പിൽ അടങ്ങി.

അമ്മച്ചിയുടെ കടുകിൻ പാത്രത്തിലെ അവസാനത്തെ അഞ്ചു രൂപയെടുത്ത് ആനി അവറാച്ചന്റെ കടയിൽനിന്ന് സ്റ്റാമ്പ് വാങ്ങി.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ

“അപ്പന് ജയിലിലോട്ട് അയക്കാനാണോ കൊച്ചേ”. അയാൾ ചിരിച്ചു.

അപ്പന്റെ കടയിൽ നിന്നും ആനി കെട്ടഴിച്ചുവിട്ട പോത്തുകൾ രക്ഷപ്പെടാനറിയാതെ പകച്ചുനിന്നു. ആനി ചിരിച്ചു.

സ്വാതന്ത്ര്യം ഒരു കുടുക്കാണ്. എന്തിനുവേണ്ടി എന്നു ചിന്തിക്കുമ്പോൾ പിന്നെയും മുറുകുന്ന കുടുക്ക്.

അപ്പന്റെ കണക്കു പുസ്തകത്തിൽ നിന്നൊരു പേജ് പറിച്ച് അവൾ എഴുതി.

‘‘രണ്ടുലക്ഷമൊന്നും വേണ്ട, കയറിന്ററ്റം പിടിച്ചാൽ മതി. അനക്കം നിൽക്കുന്നതുവരെ മുറുക്കെ പിടിച്ചാൽ മതി”.

ആനി

വയസ്സ് 12

ആരാച്ചാർഅപേക്ഷ സ്റ്റാമ്പൊട്ടിച്ച് പോസ്റ്റ് ചെയ്ത് ആനി ജയിലിലോട്ട് വണ്ടി കയറി. തീവണ്ടിക്ക് അപ്പന്റെ കിതപ്പിന്റെയും അമ്മച്ചിയുടെ വലിവിന്റെയും ഏങ്ങിയും കുറഞ്ഞുമുള്ള താളമായിരുന്നു.

– മാതൃഭൂമി ആഴ്ചപ്പതിപ്പ് 2015

– അങ്കണം കഥാപുരസ്ക്കാരം 2015

# യുദ്ധവും സമാധാനവും

രജ്‌ന കെ

തെക്കേപറമ്പിലെ മാവ് വീഴുന്ന ഒച്ചയും അവളെ എഴുന്നേൽപ്പിച്ചില്ല.

"കുളിപ്പിക്കാനെടുക്ക്വാണ്".

അവൾ ഉരുകാതെ കല്ലായി തന്നെ നിന്നു.

ഇങ്ങനൊരു പെണ്ണുണ്ടോ കല്ലുകൊണ്ടൊരു പെണ്ണ്. ആളുകൾ അടക്കം പറഞ്ഞു.

"പൂവും നീരും കൊടുക്ക്വാ..."

ആരോ താങ്ങിപിടിച്ചപ്പോഴും കല്ലായിരുന്നവൾ.

പെട്ടെന്ന് അണപൊട്ടിയൊഴുകി എല്ലാ കെട്ടുകളും തകർത്തു കുലം കുത്തിയൊഴുകി.

"സങ്കടം കാണാതിരിക്ക്വോ". പെണ്ണുങ്ങൾ കുശുകുശുത്തു.

പിന്നേ... അവൾ ഉള്ളിൽ പറഞ്ഞു. ജീവിതം മുഴുവൻ വീറോടെ എതിർക്കളത്തിൽ പോരാടാമെന്ന് വാക്ക് തന്നിട്ട്.

പാതിയിൽ പോര് നിർത്തി പോയിരിക്കുന്നു.

ഭീരു... ഈശ്വരാ... ഒരു ശത്രു പോലുമില്ലാതെ.

അവൾക്ക് കരച്ചിലടക്കാനാവുന്നതെങ്ങനെ.

# കീറിപ്പറിച്ച ചിത്രങ്ങൾ

അനഘ ടി ആർ

ഞാനും ഓർമ്മയും ഒരു ദ്വന്ദ്വയുദ്ധത്തിലാണിപ്പോൾ. ആര് ജയിക്കുമെന്ന് തീർച്ചയായിട്ടില്ല. എന്റെ ഓർമ്മകൾ എനിക്കു മുമ്പിൽ ഒന്നു തോറ്റുതരണമെന്നാണ് ഇപ്പോഴത്തെ പ്രാർത്ഥന. നാണംകെട്ട വിജയങ്ങളെക്കാൾ പൊരുതി തോൽക്കുന്നതാണ് നല്ലതെന്ന് അറിയാഞ്ഞിട്ടല്ല. ഇത് മിക്കവാറും എന്റെ അവസാനത്തെ കളിയാവും. ചിത്രങ്ങളുമായി കടന്നുകളഞ്ഞ ഓർമ്മയെ കീഴ്പ്പെടുത്തി തിരിച്ചു കൊണ്ടു വരാനാവാത്തപക്ഷം ഞാനീ കളിയിൽ തോറ്റുപോകും. അങ്ങനെയെങ്കിൽ അതെന്റെ എന്നന്നേയ്ക്കുമായുള്ള തോൽവി യായിരിക്കും. എനിക്ക് ഈ കളി ജയിച്ചേ മതിയാവൂ. എനിക്ക് ഈ ചിത്രം വരച്ചുതീർത്തേ തീരൂ. പക്ഷെ എങ്ങനെയെന്ന് ഇപ്പോഴുമെ നിക്ക് ഒരു രൂപവുമില്ല. തോറ്റുതരാൻ മടിച്ച് ഓർമ്മകൾ ഓടിയൊ ളിക്കുകയാണല്ലോ.

മുഖങ്ങൾ വരയ്ക്കാൻ ഞാൻ പക്ഷെ മിടുക്കിയായിരുന്നു. ഒരിക്കൽ മനസ്സിൽ പതിഞ്ഞത് മാഞ്ഞുപോവുക എളുപ്പമായിരുന്നില്ല. ക്ഷണനേരംകൊണ്ട് വരച്ചിടും. ഇലക്ട്രിക് പോസ്റ്റിലേക്ക് തല ഇടിച്ച പ്പോൾ ഉണ്ടായ മുറിവിലൂടെ ചോര മാത്രമല്ല ഓർമ്മകളും ഒഴുകി പോയെന്നു തോന്നുന്നു. അല്ലെങ്കിൽ ഈ ചിത്രം എത്ര പെട്ടെന്ന് തീർക്കേണ്ടതാണ്. കണ്ണുകൾ– കാമത്തിന്റെ വിഷംകൊണ്ട് നീലിച്ചവ, അവ മാത്രമേ മനസ്സിൽ തെളിയുന്നുള്ളു. കട്ടിമീശയായിരുന്നെന്ന് തോന്നുന്നു. ദേഹം നിറയെ രോമങ്ങളായതിനാൽ കട്ടിമീശ തന്നെ യായിരിക്കണം. എത്ര വട്ടമാണ് ശരീരത്തിലേക്ക് തുളച്ചുകയറി അവ എന്നെ അലോസരപ്പെടുത്തിയത്. എന്നിട്ടും എനിക്കു മുമ്പിൽ ഒരു നിഴലായാണ് അവശേഷിക്കുന്നത്. അപ്പോഴും ആ കണ്ണുകൾ എന്നെ നോക്കി ചിരിക്കുകയാണ്. അവയെ മനസ്സിലേക്ക് ആവാഹിച്ചെടു ക്കുമ്പോഴാണ് വരയ്ക്കാനുള്ള ഊർജ്ജം വിരൽത്തുമ്പിൽ നിറയു ന്നത്. അയാളുടെ കൂർത്ത നഖങ്ങൾ തീർത്ത ചോരച്ചിത്രങ്ങളുണ്ട് ദേഹമാസകലം. വെളിച്ചത്തിൽ നിന്ന് ഇരുണ്ട മൂലയിലേക്ക് വലിച്ചി ഴച്ചപ്പോഴുണ്ടായ പോറലുകളും. എത്ര തവണയാണ് എന്റെ മുഖത്ത യാൾ അടിച്ചത്. ഒരു ദയയുമുണ്ടായില്ല. ഞാനെന്റെ രക്ഷാശ്രമ

ങ്ങളെല്ലാം അവസാനിപ്പിച്ച് നിശ്ചലമായപ്പോഴാണ് അയാളുടെ കലി അടങ്ങിയത്. എന്നിട്ടും വേദന തന്നെ. അയാളുടെ കനത്ത ശരീരത്തിനടിയിൽ ഞാൻ വിങ്ങുകയായിരുന്നു. അപ്പൂ ഞാനെത്ര വട്ടം നിന്നെ വിളിച്ചു കരഞ്ഞു. നിന്റെ ചെവിപൊട്ടി പോയോ. ഓ! നാണക്കേട്. ഒരടി കിട്ടുമ്പോഴേക്കും താഴെ വീഴുന്ന ബോഡിഗാർഡിനെ ആണല്ലോ അമ്മമ്മ കൂട്ടുവിട്ടത്. കഷ്ടം തന്നെ. ഇവിടെ ഞാൻ എത്തിയിട്ട് ഏറെ ദിവസങ്ങളായെന്നു തോന്നുന്നു. ആശുപത്രിയാണെന്നു തിരിച്ചറിയാൻ കുറെ സമയമെടുത്തു. എത്ര വൈകുന്നേരങ്ങളാണ് അതിനുശേഷം കടന്നുപോയത്. അതൊരു അമാവാസി രാത്രി ആയിരുന്നെന്നറിയാം. എന്റെ നഗ്നതയെ കറുപ്പുകൊണ്ട് മൂടിയ രാത്രി. അതെ ഇരുട്ട് ഒരു മറതന്നെയാണ്.

ഉറക്കമുണർന്നപ്പോൾ എനിക്ക് വസ്ത്രങ്ങളുണ്ടായിരുന്നു. എന്നിട്ടും അവനെ അന്വേഷിച്ചലയാൻ കഴിഞ്ഞില്ല. മരുന്നുകളുടെ തടവറയിലാണ് ഞാനിപ്പോൾ. എന്റെ കണ്ണുകളിപ്പോഴും എന്റെ കളിക്കൂട്ടുകാരനെ തിരയുകയാണ്. ചെറുപ്പത്തിൽ എല്ലാ യാത്രകളിലും ഒപ്പം അവനുണ്ടായിരുന്നു. വലുതായപ്പോൾ തനിച്ചായി യാത്ര. ഏകാന്തതയെ കൂട്ടുപിടിച്ച് അങ്ങനെ. പക്ഷെ ഒറ്റയ്ക്കാവുന്നതും ബോറടി തന്നെ. ആ വിരസതയിലാണ് ഞാനിപ്പോൾ. ഒന്നും സംസാരിക്കാൻപോലുമറിയില്ല. എനിക്കൊന്നു പൊട്ടിക്കരയണമെന്നുണ്ട്. നിവൃത്തിയില്ല. കണ്ണുകൾ ഏന്തിവലിഞ്ഞ് എന്നിലേക്ക് ഒളിഞ്ഞുനോക്കുകയാണ്. കണ്ണുകൾ എത്ര വികാരങ്ങളെയാണ് അവ പ്രതിഫലിപ്പിക്കുന്നത്. ഒരു ലക്കും ലഗാനുമില്ലാതെയാണ് ചിന്തകളുടെ പോക്ക്, വഴിയറിയാതെ. എന്തിനാണ് പതിവില്ലാതെ ഞാനവനെ കൂട്ടുവിളിച്ചത് എന്തിനാണ് എളുപ്പവഴിയെന്നു ചൂണ്ടികാട്ടിയ വഴിയിലൂടെ ഞങ്ങൾ യാത്ര തുടങ്ങിയത്. ഉത്തരങ്ങളും ഒളിവിലാണ്.

മരണത്തോട് മല്ലിട്ടാണ് ഓരോ നിമിഷവും തള്ളിനീക്കുന്നത്. ഐ സി യുവിൽ അവനുണ്ടാവാം. അതല്ല മോർച്ചറിയുടെ തണുപ്പിലേക്ക് അവൻ കൂടുമാറിയോ?. എന്തായാലും ഞാനത്ര പെട്ടെന്നൊന്നും തണുത്തുപോവില്ല. സിരകളിൽ പ്രതികാരദുർഗ ആഞ്ഞുചവിട്ടുന്നു. എന്നെ ചൂടുപിടിപ്പിക്കുന്നു. ഞാൻ വിയർത്തൊലിക്കുന്നത് കണ്ടില്ലേ. എന്റെ വിയർപ്പിനും അയാളുടെ ഗന്ധമാണ്.

ഇതേവരെ അയാൾ പെണ്ണിനെ അറിഞ്ഞിട്ടില്ല. പെണ്ണിന്റെ പ്രതികാരതീവ്രത അറിഞ്ഞിരുന്നുവെങ്കിൽ അയാൾ എന്നെ കൊല്ലാതെ വിടുമായിരുന്നോ? എനിക്ക് ചിത്രം വരച്ചുതീർക്കണം. എന്നിട്ട് ഉയർത്തിപിടിക്കണം. ഉറക്കെ വിളിച്ചുപറയണം. എന്നിട്ട് ഭൂമി പിളർന്ന്

അപ്രത്യക്ഷയാകണം. അല്ലെങ്കിൽ കോടതിമുറിയിലെ ചുവന്നതും കറുത്തതും തിളങ്ങുന്നതുമായ കണ്ണുകൾക്ക് ഞാനൊരു വിനോദമാവും. വീട്ടുകാർക്ക് വിങ്ങലും. വേണ്ട!. എനിക്കു മറുപടിക്കുള്ള സമയം മാത്രം മതി. എന്റെ വേദനകൾ, അവന്റെ വേദനകൾ എല്ലാം ചേർത്ത് തിരികെ നൽകാനുള്ള സമയം. സ്ട്രെയിൻ ചെയ്യരുതെന്ന താക്കീതോടെയാണ് നഴ്സ് പുറത്തുപോയത്. ഒന്നു മയങ്ങട്ടെ. കണ്ണുകൾ താനെ അടഞ്ഞുപോവുന്നു.

നഴ്സ് ഏതോ മരുന്ന് എന്റെ ശരീരത്തിലേക്ക് കുത്തിക്കയറ്റുകയാണ്. ആ വേദനയിലാണ് ഞാൻ ഞെട്ടിയുണർന്നത്. വേദന ഇപ്പോഴും അറിയാം. ഞാൻ കരുതിയത് എന്റെ ശരീരം ആകെ മരവിപ്പിലാണെന്നാണ്. എന്നെ തലോടുന്ന കൈകൾ ആരുടേതാണെന്നറിയാമോ അയാളുടേതുതന്നെ. ആ കണ്ണുകൾ, ഗന്ധം, സ്പർശം എല്ലാമെനിക്ക് സുപരിചിതമാണ്. എന്നിട്ടും ഞാനെന്താണ് മിണ്ടാതിരിക്കുന്നതെന്നാണോ? പൊട്ടിത്തെറിക്കാതെ, അനങ്ങാതെ നിശ്ചലമായി കിടക്കുന്നതെന്നാണോ? എനിക്ക് മരിക്കുന്നതിനുമുമ്പ് ഈ ചിത്രം വരച്ചുതീർക്കണം. സുഹൃത്തേ, എന്നിട്ട് വിശ്വസ്തനായ ഒരാളുടെ കയ്യിൽ ഏല്പിക്കണം. അതിനുള്ള ഇടവേള കിട്ടാൻ ഞാൻ മൗനം തുടർന്നല്ലേ പറ്റു.എന്റെ തിരിച്ചറിവുകൾ മരണത്തിലേക്കുള്ള പാത എളുപ്പമാക്കും. മരുന്നു കുത്തിക്കയറ്റി ഉറക്കുക എന്തെളുപ്പമാണ്.

ഓ.. സമയമില്ല. ഞാൻ പണി തുടങ്ങട്ടെ. എവിടെയാണ് പേന വച്ചത്. ഇല്ല എന്റെ കൈ അനങ്ങുന്നില്ലല്ലോ. എന്റെ കണ്ണുകളിൽ ഇരുട്ടു കയറുകയാണ്. നിങ്ങൾ എന്തു മരുന്നാണ് കുത്തിക്കയറ്റിയത്? അയ്യോ! ശബ്ദം പുറത്തേക്കു വരുന്നില്ല. എനിക്ക് വരയ്ക്കണം. അപ്പൂസിനുള്ള അവസാന സമ്മാനമാണ്. എനിക്ക്... എനിക്ക്... പിറുപിറുക്കലുകൾക്കും ഏങ്ങലടികൾക്കുമൊപ്പം അവളുടെ ശ്വാസഗതികൾ ഉയരുകയും താഴുകയും നേർരേഖയിൽ അവസാനിക്കുകയും ചെയ്തു. കണ്ണുകൾ മുഖമില്ലാതെ കടലാസിൽ അവശേഷിച്ചു.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 2015 ജൂൺ 7

# മഴയിലേക്ക് തുറക്കുന്ന ജാലകങ്ങൾ

മൃദുല പി

കണ്ണുകെട്ടിയുള്ള യാത്രകൾ ബുദ്ധിമുട്ടേറിയവയാണ്. അതു ചിലപ്പോൾ നമ്മെ ലക്ഷ്യസ്ഥാനത്തുതന്നെ എത്തിക്കും. പക്ഷെ തുടക്കവും ഒടുക്കവും പരസ്പരം ബന്ധിപ്പിക്കുന്ന മാർഗ്ഗത്തെക്കുറിച്ചുള്ള അജ്ഞത ഓരോ നിമിഷവും ഞാനെന്റെ ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു എന്ന് നിർവൃതികൊള്ളാനുള്ള അവസര നിഷേധം കൂടിയാണ്. ഷട്ടറുകളെല്ലാം അടച്ചിട്ടിരിക്കുന്ന ഈ ബസ്സിലിരിക്കുന്നതും ഇത്തരത്തിലൊരു നിഷേധമായി തോന്നി.

ഇത്ര മഴയുള്ള ദിവസമായിട്ടും ഒരു തരം വീർപ്പുമുട്ടലാണ്. ഈ യാത്ര ശരിക്കും ചരടുകെട്ടിയ ബലൂൺ പോലെയാണ് എന്നുതോന്നി. ഉയരങ്ങളിൽ കാറ്റിനെ തൊട്ടങ്ങനെ നിൽക്കാമെങ്കിലും നിശ്ചിത സ്ഥലത്തുമാത്രം ആടികളിക്കുമ്പോൾ വലിച്ചുകെട്ടിയ ചരടിനെ ദുഃഖത്തോടെ നോക്കാം. ഇനിയൊരു വീർക്കലിനു സാധ്യതയില്ലാത്ത ചുരുങ്ങലിലേക്കുള്ള കാത്തിരിപ്പ്. എന്നിട്ടും സഹിക്കാൻ പറ്റാതെ ഷട്ടറിന്റെ ഒരിത്തിരി ഭാഗം ഉയർത്തിയപ്പോഴേക്കും മഴത്തുള്ളികൾ ആവേശത്തോടെ ആശ്ലേഷിച്ചുകൊണ്ടിരുന്നു. ആ സ്നേഹപ്രകടനം തൊട്ടടുത്തിരുന്ന യുവതിയുടെ സാരിയോടുകൂടിയായപ്പോൾ അവരെന്നെ തുറിച്ച് നോക്കുമോ എന്നു പേടിച്ച് ഞാൻ ഷട്ടർ താഴ്ത്തി താഴോട്ട് നോക്കിയിരുന്നു. പറഞ്ഞാലും പറഞ്ഞാലും തീരാത്ത മഴതുള്ളികളുടെ കിന്നാരം പുറത്തുകേൾക്കുന്നുണ്ട്. പച്ചമരത്തടികളിലൂടെ ഒലിച്ചിറങ്ങി വേരിനോടോപ്പം മണ്ണിലേയ്ക്കൂർന്നിറങ്ങുന്ന മഴയുടെ നനുത്ത ഗന്ധമാണ് എന്റെ മൂക്കുകളിൽ.

മണ്ണിലേക്ക് വേരു താഴ്ത്തിയ മരങ്ങളെ തൊട്ടുണർത്തുന്ന മഴയെ കാണാതിരിക്കാൻ വേണ്ടിയാണ് ബസ്സുകളിൽ ഇത്തരം ഷട്ടറുകൾ ഉള്ളതെന്ന് തോന്നി. എന്നിട്ടും കാതുകളിൽ ഇരമ്പിയും മൂക്കിനെ ത്രസിപ്പിച്ചും മഴ പെയ്തുകൊണ്ടിരുന്നു. മറവുകളില്ലാത്ത തുറന്ന ആകാശവും കാറ്റും വെളിച്ചവും വലിയൊരു വട്ടപൂജ്യമായി നിലനിൽക്കുന്നു. തുടക്കവും ഒടുക്കവും ഒരേ ബിന്ദുവിലെത്തിക്കുന്ന വട്ടവും പൂജ്യവും പുതുതായൊന്നും കാണിച്ചുതരാൻ സാധിക്കാതെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ നിന്നു. എന്നാൽ തുണ്ടു

കഷണങ്ങളായി ആകാശത്തെകാണിച്ചുതന്ന മരങ്ങളും ജാലകങ്ങളും പുതിയ കാഴ്ചകളും ചിത്രങ്ങളും നൽകി. ഇവിടെ അടച്ചിട്ട ജനലുകളും ഓരോരുത്തർക്കും ഓരോ കാഴ്ചകൾ കൊടുത്തിട്ടുണ്ടാവും.

കുറച്ചുദൂരം കഴിഞ്ഞപ്പോൾ എന്റെ അടുത്തുണ്ടായിരുന്ന യുവതി ഇറങ്ങി. ഈ സീറ്റിലേക്കിനി ആരാണ് വരുന്നതെന്ന് ഞാൻ കൗതുകത്തോടെ നോക്കി. കുറച്ചുകഴിഞ്ഞപ്പോൾ മധ്യവയസ്കനെന്നു തോന്നിക്കുന്ന ഒരാൾ എന്റെ അടുത്തു വന്നിരുന്നു. മറ്റേത് യാത്രക്കാരെ പോലെയുമല്ല ഇക്കൂട്ടർ എന്നുതോന്നിയിട്ടുണ്ട്. പുറമെ പ്രകടമായ പ്രത്യേകതയൊന്നും ഇല്ലാത്ത ഇവർ എങ്ങനെ പെരുമാറുമെന്നോ എന്തു ചിന്തിക്കുന്നുവെന്നോ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കില്ല. കൂടാതെ 'Sugar Daddies' എന്ന പ്രയോഗം എന്നിലൊരു പേടിയുണ്ടാക്കിട്ടുണ്ട്. ഞാൻ പതുക്കെ ആ ഷട്ടറൊന്നു പൊക്കി. ആവേശത്തിന്റെ അലകളെല്ലാം മണ്ണ് ഊറ്റി ഊറ്റി കുടിച്ചുകൊണ്ടിരുന്നു.

"മോളു മഴ കാണുകയാണോ?"

എനിക്കയാളോട് പ്രത്യേകിച്ച് ഒന്നും പറയാൻ തോന്നിയില്ല.

എന്റെ മറുപടി പ്രതീക്ഷിക്കാതെ അയാൾ തുടർന്നു.

"മഴയെ എല്ലാവർക്കും ഇഷ്ടമാണ്...

ദുഃഖവും കണ്ണീരുമെല്ലാം ആ വലിയ ചിരിയിൽ അലിയിച്ചുകളയുന്നു."

എനിക്കും എന്തോ ഒന്ന് പറയാൻ തോന്നി. പിന്നെ വേണ്ടെന്നു വച്ചു. വെയിൽ തുളച്ചുകയറി വിണ്ടുകീറിയ മണ്ണിന്റെ ആഴങ്ങളിൽ തണുത്ത ഉറവകളെ നിലനിർത്തുന്ന മഴയെപ്പറ്റി ഞാനും ആലോചിച്ചു.

"മോള് പഠിയ്ക്ക്യാണോ?"

"അതെ"

"എന്താ പഠിയ്ക്കുന്നത്?"

"ലിറ്ററേച്ചർ"

"വാക്കുകളെക്കുറിച്ച് അല്ലേ, മോൾക്കൊരു കാര്യമറിയോ?

വാക്കുകളെന്നത് ഉപേക്ഷിക്കപ്പെട്ട രൂപകങ്ങളാണ്. അവയെപേറി നടക്കാനാണ് നമ്മുടെ വിധി. ഒരു ആർക്കിയോളജിസ്റ്റ് ഫോസിലുകൾ കണ്ടെത്തുന്നതുപോലെ .ജീവനില്ലാത്ത അവശിഷ്ടങ്ങൾ കണ്ടെത്തി ഒരു സയന്റിസ്റ്റിനെപ്പോലെ അവയെ പുതുതായി സൃഷ്ടിക്കുകയാണ് നാം. ഒന്നിനെയും ദഹിപ്പിച്ചുകളയാതെ മനുഷ്യർ ബുദ്ധിമുട്ടുന്നു".

എനിക്കൊന്നും പറയാൻ തോന്നിയില്ല. ഞങ്ങൾക്കിടയിലെ നിശബ്ദതയെ പരിഗണിക്കാതെ മഴപെയ്തുകോണ്ടേയിരുന്നു. ബസ്സ് വീണ്ടും നീങ്ങി. പിന്നെയും ചിലർ കയറി ഇറങ്ങി രണ്ടുമൂന്നു സ്റ്റോപ്പു കഴിഞ്ഞപ്പോൾ അയാളും ഇറങ്ങി.

പിന്നീടെന്റെ സീറ്റിലാരും വന്നില്ല. ബസ്സിൽ തന്നെ വളരെ കുറച്ചുപേരേയുള്ളു എന്നു തോന്നുന്നു. ആരെയും വ്യക്തമായി മനസ്സിലാക്കാൻ പറ്റിയില്ല. തണുപ്പു മരവിപ്പിച്ച കുന്നിനു മുകളിലേയ്ക്ക് യാത്ര നീണ്ടു. പൊളിജനാലകളിലൂടെ പുതിയ പുതിയ കാഴ്ചകൾ നീങ്ങി. ഞാനെവിടെയും ഇറങ്ങിയില്ല, എനിക്കു കാണേണ്ട സ്ഥലങ്ങളിലെല്ലാം ഈ ജനാലകൾ എന്നെ കൊണ്ടുപോകുന്നുണ്ടായിരുന്നു. പിന്നിട്ട വഴികളെക്കുറിച്ചോ, പിന്നിടേണ്ട വഴികളെക്കുറിച്ചോ ഒരു രൂപവുമില്ല. പകലിന്റെ വെളിച്ചം മങ്ങാൻ തുടങ്ങിയിരിക്കുന്നു... അപ്പോഴാണ് വെള്ള ക്യാൻവാസിൽ വരച്ചിട്ട പോലെ കിളികൾ പറന്നകലുന്നത് ഞാൻ ശ്രദ്ധിച്ചത്.

സ്ട്രീറ്റ് ലൈറ്റുകൾ തെളിഞ്ഞുതുടങ്ങി. ആളുകൾ... പകലിനേക്കാൾ തിരക്ക് രാത്രയിലാണെന്നു തോന്നി. ബസ്സ്സ്ററാന്റിലും മാർക്കറ്റിലും എല്ലാം ബഹളം. പകലിന്റെ നുണകളെയെല്ലാം കുഴിച്ചുമൂടാനുള്ള ധൃതിയാണ് എല്ലാവരിലും. പകൽ മുഴുവൻ സൂര്യൻ എന്നെ നോക്കി പുഞ്ചിരിച്ചിട്ടും തിരിച്ചുചിരിക്കാത്ത ഞാൻ മുഖം വീർപ്പിച്ചു നിൽക്കുന്ന ചന്ദ്രന്റേതു പാൽപ്പുഞ്ചിരിയാണെന്നു തെറ്റിദ്ധരിച്ച് ഒളിഞ്ഞുനോക്കി. കൊലുന്നനെ ചിരിക്കുന്ന നക്ഷത്രക്കൂട്ടങ്ങൾ ആ ക്യാൻവാസിന് തിളക്കം കൂട്ടി വെളിച്ചം എന്റെ കുപ്പായത്തിൽ തിളങ്ങുന്നതുനോക്കി നിൽക്കെ ബസ്സ് ഇരുട്ടിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. എന്റെ ജനാലകളെ പൊതിഞ്ഞുകൊണ്ട് ഇരുട്ട് ഇരച്ചുകയറി.

– മാതൃഭൂമി ആഴ്ചപ്പതിപ്പ് 2015 മാർച്ച് 29

# മക്കൊണ്ട

കൃഷ്ണേന്ദു വി

പ്രധാന കഥാപാത്രത്തിന് പേരില്ല. പേരെടുത്ത് വിളിച്ച് തിരിച്ചറിയാൻ ആ സ്ക്കൂൾ കോമ്പൗണ്ടിൽ അദ്ദേഹത്തെ കൂടാതെ മറ്റൊരാൾ ഉണ്ടായിരുന്നില്ല, എന്നതുമാത്രമല്ല ആ പൊതു പേരിന്റെ ഔചിത്യം. തൂത്തുവാരലുകൾക്കിടയിൽ ഒറ്റയ്ക്കവിടെ പിടിച്ചു നിൽക്കുന്നതിലെ രാഷ്ട്രീയത്തെ ആ പേരോളം മറ്റൊന്നിനും വെളി പ്പെടുത്താനാവുകയില്ല എന്നതുകൂടിയാണ്.

ഒരു വല കെട്ടാനുള്ള സൗകര്യം കിട്ടാഞ്ഞിട്ടുപോലും മറ്റെ ങ്ങോട്ടും പോവാനാകാതെ ഒരു നൊസ്റ്റാൾജിയയിൽ ഉഴറി നടക്കു കയാണ് എട്ടുകാലി. അപ്പനപ്പൂപ്പന്മാരുടെ കാലം മുതൽ വലവീശി നടന്ന ഇടങ്ങളാണ്. കാലുകൾ കുറച്ചധികമുളളതുകൊണ്ട് നിൽപ്പുസമരം നടത്തിയാലോ എന്നൊരാലോചനയുണ്ട്. ഭൂമി കിട്ടിയില്ലെങ്കിലും നിൽപ്പങ്ങനെ നിർത്താതെ തുടരേണ്ടി വന്നാലോ എന്നാലോചിച്ചപ്പോൾ വെച്ച കാല് പിൻവലിച്ചു. പെയിന്റടിച്ചു മിനുക്കിയ ചുമരിൽ ഒരു വല കെട്ടാനുള്ള സ്കോപ്പില്ല. കളിക്കു പോലും തട്ടിത്തെറിപ്പിക്കാൻ എവിടെയുമില്ല പൊടി.

പെയിന്റടിക്കാൻ വന്ന ഔസേപ്പ് യാതൊരു കരുണയുമില്ലാതെ യാണ് ഉറുസ്വല ഉമ്മുമ്മച്ചിയേയും അമരാൻറമ്മച്ചിയേയുമൊക്കെ വലയോടെ തൂത്തെറിഞ്ഞത്. ചൂലിന്ററ്റത്തുനിന്നും ഡെസ്കറിലേക്ക് വന്നു വീണതുകൊണ്ട് എട്ടുകാലും ഒടിയാതെ കിട്ടി. ആ വീഴ്ചയെ ക്കുറിച്ചോർത്തപ്പോഴാണ് ഓർമ്മയുടെ അടുക്കിൽ നിന്നും തെറിച്ചു പോയ പേരിനെ പറ്റി എട്ടുകാലി ബോധം ഉണർന്നത്. എന്തായിരുന്നു അത്. തുടക്കം `A' വച്ചായിരുന്നോ?... നിഷേധിക്കാനാവാതെ ഏകാന്തത ആ പേരിന്റെ പ്രസക്തി ഇല്ലാതാക്കിയെങ്കിലും ആ പേരോർമനഷ്ടം എട്ടുകാലിയെ തെല്ലൊന്നുമല്ല പരിഭ്രാന്തനാക്കി യത്. സ്ക്കൂളിന്റെ നീണ്ട വരാന്തയിലെ ഓരോ തൂണിനോടും ചേർന്ന് അശോകമരങ്ങളുണ്ട്. മടക്കിവെച്ച കുടപോലെ അടഞ്ഞു കൂമ്പിയി രിക്കുന്ന അവയ്ക്ക് വിരിഞ്ഞു നിൽക്കുന്ന ചെമ്പൻ കൊന്ന കളോടസൂയയാണ്. പക്ഷെ ക്ലാസ്സ് മുറികളോട് ചേർന്നുനിന്ന് നിങ്ങൾ കേട്ടൊളിപ്പിച്ച കടംകഥകൾ അകന്നുമാറി നിൽക്കുന്ന

വിരിഞ്ഞ നെഞ്ചുകാർക്കറിയില്ലല്ലോ എന്നവയോടു ചോദിച്ചുനോക്കു എന്നു പറഞ്ഞ് എട്ടുകാലി അശോകമരത്തെ ആശ്വസിപ്പിച്ചു. എന്നിട്ടും തെളിയാത്ത അവളുടെ മുഖത്തുനോക്കിയപ്പോൾ നായകൻ എട്ടുകാലിക്ക് തനിനാടൻ ഭാഷയിൽ പറഞ്ഞാൽ കലിപ്പാണ് ഇരച്ചുകയറിയത്. വർഷങ്ങളുടെ വലക്കണ്ണികൾ അറ്റുപോയി ഒറ്റപ്പെട്ട എന്നെക്കാൾ എന്തുവലിയ ദുഃഖമാണ് നിനക്കുള്ളതെന്ന് ചോദിക്കാൻ നാവുയർത്തിയപ്പോഴേയ്ക്കും അശോകം പരിഭ്രാന്തി കലർന്ന ഗൗരവത്തോടെ പറഞ്ഞു.

"തൊട്ടുനിൽക്കാതെ നീയങ്ങോട്ട് മാറി നിൽക്കുന്നുണ്ടോ? വർഗ്ഗവ്യത്യാസമൊന്നും ഇപ്പോൾ കണക്കിലില്ല. ക്യാമറയിലെങ്ങാൻ കുടുങ്ങിയാൽ അതു മതി നാണം കെടാൻ".

കഥാനായകൻ ഞെട്ടി. ഇങ്ങനെയൊരപമാനം ആദ്യമാണ്. അസഹനീയമാണ്. നെറ്റിചുളിച്ചുനിന്ന എട്ടുകാലുകാരന് അശോകമരം കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു.

എല്ലായിടത്തും ക്യാമറയാണ്. ക്ലാസ്സ്റൂമുകളിലും സ്റ്റാഫ്റൂമിലും രണ്ടു തൂണുകൾ കൂടുമ്പോഴും നാലുപാടും കണ്ണുകളാണ്. ആൺകുട്ടികളും പെൺകുട്ടികളും അല്പം അടുത്തുനിന്നു സംസാരി ച്ചാൽ പറഞ്ഞുകൊടുക്കുന്ന കണ്ണ്. നിർദ്ദേശങ്ങളിൽ പെടാത്ത ഒരു ചെറിയ ചലനമെങ്കിലുമുണ്ടായാൽ കൂർമബുദ്ധിയോടെ നോക്കി യിരുന്നു കണ്ടുപിടിക്കുന്ന കണ്ണ്. എട്ടുകാലിയുടെ കണ്ണുകൾ മുന്നോട്ട് തള്ളി. തൂണിന്റെ വശത്തുനിന്ന് മുകളിലോട്ട് നോക്കിയ പ്പോൾ കണ്ടു, കാക്കനോട്ടവുമായി ക്യാമറ. എട്ടുകാലി ചൂളിപ്പോയി. നായകന് ആദ്യമായി തന്റെ നഗ്നതയിൽ നാണം തോന്നി. എട്ടുകാലു
കൾ കൊണ്ട് എവിടെയൊക്കെയാണ് മറയ്ക്കേണ്ടത് എന്നറിയാതെ അവൻ പരുങ്ങി. കാലുകൾ വെച്ചുപൊത്തി പുറകോട്ടു ചാടി തൂണു മറഞ്ഞു നിന്ന് എട്ടുകാലി ശ്വാസം വിട്ടു. അശോകമരത്തിന്റെ കുണുങ്ങിച്ചിരി കണ്ടപ്പോൾ ദേഷ്യം പതഞ്ഞു പൊന്തിയെങ്കിലും പുറത്തുകാണിച്ചില്ല. അവൾക്കു നീണ്ടൊരു പച്ചഗൗണുണ്ടല്ലോ. പരിണാമഘട്ടത്തിൽ എവിടെയെങ്കിലും വെച്ച് നാണം മറയ്ക്കാൻ ശീലിച്ചുതുടങ്ങാതിരുന്ന കാര്യത്തിൽ എട്ടു കാലിക്ക് പൂർവ്വികരോട് അരിശം വന്നു.. നാണംകെട്ട വർഗ്ഗങ്ങൾ അണുവിട അനങ്ങിയാൽ ക്യാമറക്കണ്ണിൽപ്പെട്ടതുതന്നെ.

എട്ടുകാലി നേരെ മുകളിലോട്ടുകയറി. അശോകമരം പറഞ്ഞതു വെച്ച് ക്യാമറയ്ക്കു മുകളിൽ ചെന്നൊളിയ്ക്കുകയേ നിവൃത്തിയുള്ളു. തീയ്യതി എത്രയായെന്നറിയില്ല. ഇപ്പോൾ ദിവസങ്ങൾക്കു

ഇരുപത്തിനാലുമണിക്കൂർ എന്നതിനപ്പുറത്തേക്ക് പേരെടുത്ത് പറയാനുള്ള പ്രസക്തി നഷ്ടപ്പെട്ടുപോയിരിക്കുന്നു. ക്യാമറയുടെ മുകളിൽ കയറിനിൽക്കുമ്പോൾ ഒരു സാമ്രാജ്യാധിപന്റെ ഭാവം കൈ വരുന്നുണ്ട്. അഹങ്കാരംകൊണ്ട് കണ്ണുകാണാതാവും മുമ്പ് വിശപ്പ് കഥാനായകന്റെ കാഴ്ചയെ ഇട്ടുകളിപ്പിച്ചു.

ക്യാമറയിലേക്കു നോക്കി വായും പൊളിച്ചു വന്ന കുമ്പള പ്പൊറ്റനെ വായിലാക്കാൻ ശ്രമിച്ചതാണ്. വലയിൽ കുടുങ്ങിയ ഇര യുടെ കീഴടങ്ങിത്തരൽ പോലെയായിരുന്നില്ല. കുതറി മാറിയ പ്രാണി തിരിഞ്ഞുപോലും നോക്കാതെ അതിന്റെ പാട്ടിനുപോയി.

നേരം വെളുക്കുംമുമ്പ് തപ്പിപിടിച്ചു കുട്ടികൾ സ്ക്കൂളിലേക്കു വന്നു കയറികൊണ്ടിരുന്നു. സൂര്യനെ പറ്റിച്ചു ക്യാമറകൾ ഒരുമിച്ചു കണ്ണു കത്തിച്ചു. ആ വെളിച്ചത്തിൽ മഞ്ഞളിച്ച കണ്ണിന് ബോധം വന്നപ്പോഴാണ് ഞെട്ടിയത്. കനംകൂടിയ ബാഗുകൾക്ക് താഴെ നീണ്ടു നിൽക്കുന്ന ഓരോ പന്നിവാല്...! കോട്ടിനടിയിലൂടെ എത്തിനോക്കി അവ പതുക്കെ വിറച്ചുകൊണ്ടു നിന്നു. അദ്ധ്യാപകർക്കൊന്നും ഈ അസാധാരണ വാൽപ്രതിഭാസത്തെകുറിച്ച് യാതൊരാശങ്കയും ഉണ്ടായിരുന്നില്ലേ. പന്നിവാല് സ്വപ്നത്തെപറ്റി അശോകമരത്തോട് പറഞ്ഞാലോ എന്നു രാവിലെ തോന്നി. പിന്നെ വേണ്ടന്നുവച്ചു. കുട്ടിക ളുടെ ഒച്ച കേട്ട് എട്ടുകാലി സന്തോഷത്തോടെ ഗേറ്റിലേക്കു നോക്കി. ശരിക്കും ഞെട്ടിയത് അപ്പോഴായിരുന്നു.

കുട്ടികൾക്കെല്ലാം കോട്ടുണ്ടായിരുന്നു. മടക്കിയൊതുക്കിയ പച്ചഷാളിനു പകരം വന്ന കോട്ടിന് താഴെ ആർക്കും വാലില്ലെന്നു കണ്ടപ്പോഴാണ് എട്ടുകാലിക്ക് ശ്വാസം നേരെ വീണത്. ഗൗരവത്തിൽ ക്ലാസ്സിലേക്ക് കയറിപ്പോകുന്ന കുട്ടികളൊന്നും തമ്മിൽ സംസാരി ക്കുന്നുണ്ടായിരുന്നില്ല.. ക്യാമറയുടെ മുകളിലേക്ക് കാലൂന്നി എട്ടുകാലി ക്ലാസ്സിലേക്ക് എത്തിനോക്കി. ഗോപിമാഷാണ് ക്ലാസ്സെടു ക്കുന്നത്. സൂര്യകാന്തിയാണ്. ഇക്കൊല്ലത്തെ ആദ്യ കവിതാ ക്ലാസ്സ്. ആർക്കറിയാം തനിയ്ക്കിവിടെ എത്ര കവിത ബാക്കിയുണ്ടെന്ന്?. കവിത ചൊല്ലുമ്പോഴുള്ള മാഷിന്റെ മുഖം കാണാനാണ് ഏറെ രസം. കവിത കരയുമ്പോൾ മാഷും കരയും. പുത്തൻ കലവും അരി വാളും ചൊല്ലിയ ദിവസമാണ് വിശന്നു കണ്ണു കയറിയിട്ടും വലയിലന്നു വീണ പ്രാണികളെ പശ വിടുവിച്ചു രക്ഷപ്പെടുത്തിയത്. അന്നത്തെ സന്തോഷം ഓർക്കുമ്പോൾ ഏതു വിശപ്പിലും നമ്മുടെ എട്ടുകാലി അദ്ദേഹത്തിന്റെ വയറു നിറയും.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ

മാഷ് ചൊല്ലിക്കത്തി. ഓർക്കരുതെന്ന് എത്ര ശഠിച്ചിട്ടും എട്ടുകാലി മനസ്സ് പിന്നെയും അന്നക്കുട്ടിടീച്ചറിന്റെ കസേരകാലിൽ വലകെട്ടി. ടീച്ചറിനെ കാണുമ്പോൾ മനസ്സിനൊരു കുളിരാണ്. മകന്റെ ചിന്തയുടെ സദാചാരവിരുദ്ധമായ പോക്കുകണ്ട് എട്ടുകാലിയമ്മച്ചി ഞെട്ടി. വലക്കണ്ണി നെയ്തുകൊണ്ട് അമ്മച്ചി നൂറാവർത്തി ചൊല്ലികൊടുത്തിട്ടും അന്നക്കുട്ടിടീച്ചർ വരുമ്പോൾ പത്തു സിയിലേയ്ക്കൊന്നു നോക്കാൻ തോന്നും, ആരും കാണാതെ ഇടയ്ക്കു വല്ലപ്പോഴും ടീച്ചറും മച്ചിലേയ്ക്കൊരു നോട്ടം തരും. ആ നോട്ടത്തിനുവേണ്ടി വല കെട്ടി പഠിച്ചതുപോലും പത്തു സിയുടെ മൂലയിലാണ്. ട്രാൻസ്ഫർ വാങ്ങി പോകുന്ന ദിവസം ടീച്ചർ ഒരു വാക്കുപോലും പറഞ്ഞില്ല. നിറഞ്ഞ കണ്ണുകളോടെ കുറെ നേരം നോക്കി നിന്നിട്ടും ഒരു തവണ പോലും തിരിഞ്ഞുനോക്കിയില്ല..

ടീച്ചറിന്റെ പോക്കിനു പിന്നാലെ സ്ക്കൂളും നിശബ്ദമായി; എട്ടുകാലി അദ്ദേഹത്തിന്റെ വിരഹം ആചരിച്ചു. അതിന്റെ മൂന്നാമത്തെ ദിവസം മുതലാണ് ഔസേപ്പും കൂട്ടരും കൃത്യമായി എത്തി മച്ചിലെ ചേരികളെല്ലാം ഒഴിപ്പിച്ചു തുടങ്ങിയത്. രണ്ടുമാസംകൊണ്ട് ഘട്ടം ഘട്ടമായൊരു പ്രാണിസമൂഹം ആയുഷ്കാലം കൊണ്ടുണ്ടാക്കിയതെല്ലാം ഒരു ചൂലിന്റെ അറ്റത്തു തീർന്നു. ക്ലാസ്സിൽ നിന്ന് വരി വരിയായി ഇറങ്ങിപ്പോവുന്ന കുട്ടികളെല്ലാം ബഹുമാനത്തോടെ മുകളിലേയ്ക്കു നോക്കി. എട്ടുകാലി അദ്ദേഹം തിരിഞ്ഞുനോക്കി. പുറകിലാരുമില്ലല്ലോ? ശീലമോ അത്ഭുതമോ കൊണ്ട് നോക്കിപ്പോയതാണ്. അല്ലെങ്കിൽ നായകനു തന്നെ അറിയാമല്ലോ ആ മച്ചിൽ ജീവനോടെ താനല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ലെന്ന്. അപ്പോൾ തന്നെത്തന്നെയാണ്. എട്ടുകാലി ഞെളിഞ്ഞു.

പഴയ ജെ. ആർ. സി. റൂമിന്റെ പെയിന്റടിച്ച പുതിയ വാതിലു കണ്ടപ്പോൾ സുന്ദര സുരഭിലമായ ഭൂതകാലം എട്ടുകാലിമനസ്സിൽ തികട്ടി. പുസ്തകക്കെട്ടുകൾക്കിടയിൽ വിഹരിച്ചു നടന്ന കൂറകൾ... പേടിച്ചോരിക്കലും വാലു മുറിക്കേണ്ട വന്നിട്ടില്ലാത്ത പല്ലികൾ... പല വലകളിലെങ്കിലും ഒരൊറ്റ മനസ്സോടെ ജീവിക്കുന്ന എട്ടുകാലി കോളനിയിലെ അന്തേവാസികൾ... ഈ സുന്ദര ജനാധിപത്യ അന്തരീക്ഷത്തിലേക്കാണ് നമ്മുടെ എട്ടുകാലി അദ്ദേഹം ജനിച്ചുവീണത്. വെള്ള കുപ്പായമിട്ട കുട്ടികൾ ഫസ്റ്റ്എയ്ഡ്ബോക്സ് എടുത്തു കൊണ്ടുപോകുമ്പോഴൊക്കെ പ്രാണി സമൂഹമാകെ അൽപ നേരത്തെ ഇരപിടുത്തം നിർത്തി മുറിവുപറ്റിയ ആൾക്ക് വേണ്ടി പ്രാർത്ഥിക്കും. എന്നിട്ടും വാമദേവൻസാർ നിർദ്ദയം ഔസേപ്പിന് തൂത്തുവാരലിന് ഓർഡർ കൊടുത്തു.

പുതിയ പെട്ടിയിലെ മരുന്നുകളുമായി കുട്ടികൾ പുറത്തേക്ക് പോവുമ്പോൾ അമ്മച്ചിയുടെ കൂടെ നിന്നല്ലാതെ ആദ്യമായി എട്ടുകാലി മുറിവു പറ്റിയ ആൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ഉൾക്കണ്ണിൽ അമ്മച്ചി ചിരിച്ചു.

റൊഡ്രിഗോ. എന്റെ കുഞ്ഞേ കുലാന്തകയോഗത്തെ വലകണ്ണിയിൽ കുരുക്കിക്കൊന്ന് നിന്നെ രക്ഷിക്കാൻ അമ്മച്ചിക്കായില്ല. പെറ്റുകൂട്ടലിന്റെ പന്നിശാസ്ത്രം. അറ്റുപോവലിന്റെ പന്നിവാൽ ശാസ്ത്രം! അമ്മച്ചി ചിരിച്ചുകൊണ്ടു കരഞ്ഞു.

എല്ലായിടത്തും നിശബ്ദതയാണ്. വിശന്നു വലഞ്ഞൊരു രാക്ഷസൻ ആർത്തലച്ചു വന്നു ശബ്ദങ്ങളെയെല്ലാം ആർത്തിയോടെ വിഴുങ്ങിയപോലെ . കൈവിരലുകളിൽ പറ്റിക്കിടന്ന ശബ്ദത്തിന്റെ എച്ചിലുകളെപ്പോലും അവൻ നക്കിയൂമ്പിയെടുത്തിരിക്കുന്നു. കാതുകൂർപ്പിച്ചാൽ പോലും ഒന്നും കേൾക്കാനില്ല. പഴയതൊന്നും ഓർക്കാതിരിക്കാൻ നായകൻ ശ്രമിച്ചു. വെറുതെ വിടുമ്പോഴാണ് ഭൂതകാലത്തിന് ഭംഗിയെന്ന് ഗോപിമാഷിന്റെ ക്ലാസ്സിൽ നിന്നൊരിക്കൽ കേട്ടിട്ടുണ്ട്. ഇനിയെന്ത് എന്ന ശൂന്യത മുന്നിൽ തങ്ങി നിൽക്കുകയാണ്... സ്വകാര്യതക്കു മാത്രം നൽകാൻ കഴിയുന്ന ഒരു വല്ലാത്ത സൗന്ദര്യമുണ്ട് ജീവിതത്തിന്. രഹസ്യങ്ങൾ ഓരോരുത്തരുടെയും സ്വകാര്യസ്വത്തുക്കളാണ്. വരാന്തയിലും, ക്ലാസ്സ്മുറികളിലും, സ്റ്റാഫ്റൂമിലും ഗ്രൗണ്ടിലുമെല്ലാം ശവങ്ങളാണ്. ഓരോരുത്തന്റെയും സ്വകാര്യതയുടെ ചത്തുമലച്ചു ചീഞ്ഞുനാറുന്ന ശവങ്ങൾ. കഥാനായകന്റെ വലിപ്പമില്ലാത്ത മൂക്കുകൾക്ക് ആ ദുർഗന്ധം അസഹനീയമായിരുന്നു. പരിപൂർണ്ണമായ ഏകാന്തതയും വിശപ്പും കൂടിച്ചേർന്നപ്പോൾ എട്ടുകാലുകൾക്ക് പിടിച്ചു നിൽപ്പിന്റെ പരിധി നഷ്ടപ്പെട്ടു. ക്യാമറക്കഴുത്തിൽ ശ്രമപ്പെട്ട് അള്ളിപ്പിടിച്ചിരിക്കാൻ എട്ടുകാലി കിണഞ്ഞു. നിവൃത്തിയില്ലായ്മയിൽ കഥാനായകൻ പതുക്കെയൊരു വല നെയ്യാൻ തുടങ്ങി. തന്നെത്തന്നെ കുരുക്കിയിടാൻ ക്യാമറക്കഴുത്തിനോട് ചേർന്ന് ഒരു വല. എട്ടുകാലുകളിൽ ഓരോന്നിനേയും ചേർത്തെടുത്തു വെച്ച് വലക്കണ്ണികൾ നെയ്തു. പ്രകൃതി നേരത്തെ പറഞ്ഞുവെച്ചിട്ടുള്ള ഇരപിടുത്തക്കാരനെന്ന ലേബലിൽനിന്ന് എട്ടുകാലിയെ രക്ഷിച്ചെടുക്കാനാവാതെ തോറ്റുപോയ വലക്കണ്ണികളിൽ നിന്നും, ക്യാമറയ്ക്കു മുന്നിലൂടെ, കാറ്റിനുപോലും ഭാരമാവാതെ ഈ കഥയിലെ നായകൻ എട്ടുകാലി താഴേക്ക് ഊർന്നു വീണു.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ

സ്കൂളിന്റെ പരിഷ്ക്കാരങ്ങളും അഭിനന്ദനാർഹമായ ക്യാമറാ സംവിധാനവും നേരിട്ട് കണ്ട് മനസ്സിലാക്കാനാണ് അയൽവാസിയും പൂർവ്വവിദ്യാർത്ഥിനിയുമായ ഈയുള്ളവൾ ഇവിടെ എത്തുന്നത്. എല്ലാവരും മോളിലോട്ടു നോക്കി നടക്കുന്നതെന്തേ എന്നു തപ്പിയപ്പോഴാണ് ക്യാമറാരാജനെയും അതിനു മുന്നിലൂടെ തണ്ടൊടിഞ്ഞു താഴേയ്ക്കു വീഴുന്ന എട്ടുകാലിയേയും ഞാൻ കാണുന്നത്. ശീലമില്ലാത്തതുകൊണ്ട് എല്ലാം കാണുന്ന കണ്ണിനെ ശ്രദ്ധിയ്ക്കാതെ അദ്ദേഹത്തെ കയ്യിൽതാങ്ങിയെടുത്തു. തളർന്നുപോയ എട്ടുകാലുകളെ ശുശ്രൂഷിച്ചുകൊണ്ട് അശോകമരത്തെ ചാരി ഞാൻ സ്കൂൾ വരാന്തയിൽ ഇരുന്നു. എല്ലാം നോക്കി മുകളിൽ ക്യാമറ നിൽക്കുന്നുണ്ട്. അന്യവർഗക്കാരനായ ഈ എട്ടുകാലി അദ്ദേഹവുമായുള്ള അവിഹിതബന്ധത്തെ വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഏതു നിമിഷവും പ്രിൻസിപ്പാളിന്റെ മുറിയിൽ നിന്ന് ആളു വന്നേയ്ക്കും. ആ വിളി വരുന്നതിനു മുമ്പ് വാടിത്തളർന്ന എട്ടുകാലിയേയും എടുത്ത് ഞാൻ ഓഫീസിലേക്കു നടക്കുകയാണ്. നിങ്ങൾക്കു വേണ്ടി ഞാൻ സംസാരിക്കാമെന്ന്, കേവലം ഇന്നു മാത്രം കണ്ട്, സംസാരിക്കുക പോലും ചെയ്യാതെ പരിചയപ്പെട്ട ആണൊരുത്തനു വാക്കുകൊടുത്ത് എന്തു ധൈര്യത്തിലാണ് നീ പോകുന്നത് ഒരുമ്പെട്ട പെണ്ണേ എന്നാണ് നിങ്ങൾക്കും ചോദിക്കാനുള്ളതെങ്കിൽ നിങ്ങളോടെനിക്കൊന്നും പറയാനില്ല.

# ചാവുകുളി

മൃദുല പി

പുറംകാഴ്ചകളെ ഫ്രെയിം ചെയ്തു കാണിച്ചുതന്ന ജനാലകളോട് പ്രത്യേകിച്ച് സ്നേഹമൊന്നും തോന്നാത്ത ഒരു യാത്രയാണിന്ന്. മുഷിഞ്ഞവസ്ത്രങ്ങളുടെയും ഉറക്കച്ചടവുള്ള ശരീരങ്ങളുടെയും ഡിക്സിക്കപ്പിലെ കാപ്പിയുടെയും എണ്ണക്കടികളുടെയും മണം നിശ്വസിക്കുന്ന ട്രെയിൻ ബോഗികളെ ആശ്വസിപ്പിക്കാൻ ഓടിവന്ന കാറ്റ് മുടിയിഴകളെ ചിതറിതെറിപ്പിച്ചു.

കൂച്ചുവിലങ്ങുകളാൽ തടഞ്ഞുവയ്ക്കാതെ മറ്റൊരണ്ഡം കൂടി സ്വതന്ത്രയാണെന്നറിയിച്ചു ചൊരിഞ്ഞ രക്തം കാൽതുടകൾക്ക് വിപ്ലവത്തിന്റെ ചൂട് പകർന്നു. തുടയിലേക്കൊലിച്ചിറങ്ങുന്ന വിപ്ലവത്തിന്റെയും കാറ്റിനെ തഴഞ്ഞു കുതിച്ചുപായുന്ന തീവണ്ടി യുടെയും കിതപ്പ് സമരസപ്പെടുകയാണ്. അങ്ങനെയൊരു ഒലിച്ചിറങ്ങലിനു വഴിവെച്ചു കൊടുക്കാതിരിക്കാൻവേണ്ടിയാണ് വശങ്ങളിലും മുൻവശത്തും ഇരുന്നവരുടെ കാലുകളെ വകഞ്ഞുമാറ്റി എഴുന്നേറ്റ് നിന്നത്.

"മോൾക്ക് ഇറങ്ങാൻ ഇനീം മൂന്ന് സ്റ്റേഷൻ കഴിയണ്ടേ. എന്തിനാ ഇപ്പോ തന്നെ എണീറ്റ് നിക്കണേ".

എന്റെയരികിലിരുന്നിരുന്ന അപ്പൂപ്പന്റെ അന്വേഷണത്തിനോട് തുന്നിച്ചേർത്തൊരു ചിരിയല്ലാതെ വേറെ മറുപടിയൊന്നുമുണ്ടായില്ല.

കുഴലിലിട്ടപോലെയുള്ള കാലുകളുടെ വിഭജനത്തിന് ക്രിസ്ക്രാസ് വെട്ടിൽ തുന്നൽക്കാരി ചേച്ചി ഔദാര്യം പോലെ തന്ന അധികതുണി ചുരിദാർ പാന്റിനൊപ്പം വലിച്ചുചേർത്ത് കണ്ണുകൾ കൊണ്ട് പുറത്തെ ബോർഡുകൾ പരതി ഞാനവിടെ നിൽപ്പുറപ്പിച്ചു. ഭൂമി തൊടാതെ പായുന്ന തീവണ്ടികൾ കാലമർത്തി ചവിട്ടാൻ ഒരു തുണ്ട് മണ്ണുതരുമെന്ന് പ്രതീക്ഷിച്ച നിൽപ്പുസമരം.

പ്രത്യേകിച്ച് തീരുമാനങ്ങളൊന്നും ഇല്ലാതെ എണീറ്റ ഒരു പുലർച്ചയിൽ വീട്ടിലേക്ക് വണ്ടി കയറേണ്ടിവന്ന അന്താളിപ്പ് പരിചയമുള്ള വഴികളെല്ലാം ഒരു നിമിഷം കൊണ്ട് അപരിചിതമായി തോന്നിച്ചു. പട്ടാമ്പി സ്റ്റേഷനിൽ കിതപ്പടക്കി ശ്വാസം വിട്ട തീവണ്ടിയിൽ നിന്ന് അകറ്റിവയ്ക്കുന്ന കാലുകളുടെ ഉശിരോടെ നടക്കാനാവാതെ ഞാൻ പമ്മി. കാലുകൾ ഇറുക്കിയിറുക്കിയാണ് ടോയ്‌ലറ്റ് വരെ നടന്നത്. കഴുകുന്തോറും വീണ്ടും വീണ്ടും കിനിഞ്ഞ് വീഴുന്ന

ചോരത്തുള്ളികളെ പാഡുകൊണ്ട് തടഞ്ഞുനിർത്തി പാന്റിട്ടു കെട്ടിയപ്പോൾ മെഡിസിന് ഒന്നാംവർഷമായിട്ടു കൂടി ഒരു ശസ്ത്ര ക്രിയ നടത്തിയ ആശ്വാസമായിരുന്നു.

ഇനി ഒരു ചായ കുടിച്ചിട്ടാവാം എന്തുമെന്ന് കരുതിയപ്പോഴാണ് ഫോണടിച്ചത്. ശങ്കരേട്ടനാണ്. രാവിലെ അച്ഛൻ വിളിച്ചു പറ ഞ്ഞിരുന്നു ശങ്കരേട്ടൻ കൂട്ടാൻ വരുംന്ന്.

ഇതിപ്പോ ക്ലാസ്സുതുടങ്ങി കുറേ തവണ ഞാൻ ഒറ്റയ്ക്ക് വീട്ടിൽ ചെന്നിട്ടുണ്ട്. പിന്നെ ഇന്നിപ്പെന്തിനാ ശങ്കരേട്ടനെ പറഞ്ഞയച്ചത്.

വിയർപ്പു തങ്ങിയ മൊട്ടത്തല തുടച്ച് ശങ്കരേട്ടൻ എന്നെ ഓട്ടോ യിൽ കയറ്റി.

"രാവിലെ അച്ഛൻ വിളിച്ചപ്പോത്തന്നെ വണ്ടികേറീലേ"

"ഉം" ഞാനൊന്നു മൂളി.

പുലർച്ചെ കുളിക്കാതെയാണ് പോന്നത്. കാലുകൾക്കിടയിൽ തടവെച്ച പാഡോ, ഉറക്കച്ചടവുള്ള ശരീരമോ ശങ്കരേട്ടനെ അലോസര പ്പെടുത്തുമോന്ന് വിചാരിച്ച് ഞാൻ കുറച്ചു വിട്ടിരുന്നു.

"മദ്രാസീന്ന് അമ്മായിമാരൊക്കെ ഇന്ന് എത്തോ".

"അറിയില്ല".

"അല്ല ഇതിപ്പോ വച്ചോണ്ടിരുന്നിട്ട് കാര്യല്ലാലോ. ഇന്നന്നെ ഒക്കെയങ്ങ് തീർത്താൽ അതങ്ങ് തീർന്നു. ഇത്ര കാലം തീട്ടോം, മൂത്രോം പോണതറിയാതെ കണ്ണുമിഴിച്ച് കിടന്നനുഭവിച്ചില്ലേ. ഇനീപ്പോ അതിനിങ്ങനെ കിടത്തിമുഷിപ്പിക്കണ്ടല്ലോ".

ഞാൻ ചെന്നിട്ടുവേണം വീട്ടിലെ കാര്യങ്ങൾക്കൊക്കെ ഒരു തീരു മാനമെടുക്കാനെന്ന ഭാവത്തിൽ ശങ്കരേട്ടൻ എന്നോട് അഭിപ്രായ ങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഞാനെല്ലാം മൂളിക്കേട്ടു.

അച്ഛമ്മയുടെ മരണം അപ്രതീക്ഷിതമൊന്നുമായിരുന്നില്ല. ആറു മാസങ്ങൾക്കുമുൻപ് അച്ഛമ്മ കിടക്കയോടുമാത്രം ചേർന്നു കിടക്കാൻ തുടങ്ങിയതുമുതൽ ഇങ്ങനെയൊരു ദിവസം ഞങ്ങൾ ക്കെല്ലാവർക്കും അറിയാമായിരുന്നു. എന്നിട്ടും എല്ലാ മരണങ്ങളും പോലെ ഇതും അപ്രതീക്ഷിതവും, മുൻ ഒരുക്കങ്ങളെ തടഞ്ഞു നിർത്തുന്നതുമായി.

മരണത്തിനുമാത്രമേ ഇനി അച്ഛമ്മയെ രക്ഷിക്കാനാവൂന്ന് പഴുത്തു തുടങ്ങിയ മുറിവുകൾ ഉണങ്ങാതെ വേദന തിന്ന് കിടക്കു ന്നത് കാണാൻ വന്ന ഓരോരുത്തരും പറഞ്ഞു. മരണം ഒരാൾക്ക് ആശ്വാസമാണെന്ന് ഞാനാദ്യമായി കേട്ടറിഞ്ഞത് അന്നാണ്. അച്ഛനുമാത്രം അങ്ങനൊരു അഭിപ്രായം പറയാനുള്ള കരുത്തി

ല്ലായിരുന്നു. അതോണ്ടാണ് അച്ഛമ്മയെ രക്ഷിക്കാൻ ഇനി തെച്ചിക്കാവിലെ ദേവിക്കേ പറ്റൂന്ന് പറഞ്ഞപ്പോൾ അമ്പലത്തിൽ ചുറ്റുവിളക്ക് നടത്തിയതും, പാമ്പുകാവില് വെള്ളാട്ടു നടത്തിയതും, കാർന്നോന്മാർക്ക് കലശം നടത്തിയതും.

ഇതിനൊക്കെ ഓടി നടന്ന അച്ഛനും, വല്ല്യച്ഛന്മാരും, അമ്മായിമാരെല്ലാം കളീടെ അവസാനം തോറ്റു. മരണം മാത്രം ജയിച്ചു.

വേലിക്കലും വഴിയരികിലുമായി തിങ്ങിനിന്ന ആൾക്കൂട്ടം കാരണം ഓട്ടോ തറവാട്ടുപറമ്പിന്റ അരികിൽ നിർത്തി. കരിമ്പനകളുടെ അരികിൽ പൂജിക്കുന്ന കരിങ്കുട്ടികളുടെ ഇടയിലൂടെ നടന്നിറങ്ങിയാൽ എളുപ്പം വീട്ടിലെത്താന്ന് കരുതിയാവണം ശങ്കരേട്ടൻ ആ വഴി വേലിചാടി.

ചുറ്റും നിന്ന് കുശുകുശുക്കുന്ന നാട്ടുകാരുടെ ഇടയിൽ കരിങ്കുട്ടികൾക്ക് കോപം വരുത്തുന്ന അയിത്തക്കാരി പെണ്ണാണ് ഞാനെന്നു പറയാനുള്ള മടി എന്നെ മൗനമായി വളപ്പു ചാടിച്ചെങ്കിലും നെഞ്ചു കിടന്നു പിടച്ചു. കണ്ണുചിമ്മി പറഞ്ഞു

“ന്റെ... കരിങ്കുട്ട്യോളേ... എനിക്ക് വേറെ വഴിയില്ലാത്തോണ്ടല്ലേ... ഇത്തവണ ഒന്നു കണ്ണടക്കണേന്ന്...”

ഞാൻ കൂടി ഉമ്മറത്തേക്ക് കയറ്യേപ്പോ ആർത്തിരമ്പലുകൾ തളർന്നുറങ്ങി കുശുകുശുപ്പുകൾ മാത്രം നിലനിന്ന അകത്തുനിന്നും ഉണർന്ന കരച്ചിലുകൾ ചെവിയെ മരവിപ്പിച്ചു. ഇരമ്പിയിരമ്പി വീഴുന്ന മഴ ഓരോ മരങ്ങളെയും കരയിപ്പിക്കുന്നപോലെ അമ്മേടേം ചെറിയമ്മമാരുടേം കുടുംബക്കാരുടേം ഒക്കെ വിങ്ങിപൊട്ടലുകൾ എന്നിലും ഒരലർച്ച സൃഷ്ടിച്ചു.

കോച്ചിപിടിച്ച ചുണ്ടിനും കവിളുകൾക്കുമിടയിൽ അടഞ്ഞ ചുളിഞ്ഞ കണ്ണുകൾ. ഒരുനോക്കുകണ്ടപ്പോഴേക്കും ആരൊക്കൊയോ വന്ന് എന്നെ പുല്ലായ വിരിച്ച നിലത്തൊരു മൂലയിൽ കൊണ്ടിരുത്തി..

അച്ഛമ്മയുടെ കഥകൾ പറഞ്ഞും പരിഭവങ്ങൾ പങ്കുവച്ചും ആരൊക്കെയോ അലറി കരഞ്ഞു. മരണം നല്ല ഓർമ്മകളെ മാത്രം ജനിപ്പിക്കുന്നുവെന്ന് തോന്നിപോയി. ആരും ക്ഷണിക്കാതെ എത്തിച്ചേരുന്ന ബന്ധുക്കളും നാട്ടുകാരും പരസ്പരം പരദൂഷണങ്ങളോ കുശുമ്പോ പങ്കുവയ്ക്കാതെ നിശ്ചലമായി കിടക്കുന്ന ഒരാളെപ്പറ്റിമാത്രം സംസാരിക്കുന്ന, ചിന്തിക്കുന്ന ഒരു കൂട്ടത്തെ സൃഷ്ടിക്കാൻ ഇത്തരം അവസ്ഥക്ക് സാധിക്കുന്നു.

സാധാരണ വീട്ടിൽ വന്നാൽ രാവിലെ മുതൽ ഒന്നും കഴിക്കാതെ വന്നതല്ലേന്നു ശകാരിച്ച് ശകാരിച്ച് കഴുത്തുനിറയെ ഭക്ഷണം വിളമ്പിതരുന്ന അമ്മ ഇന്ന് എന്നെ കണ്ടതേ ഇല്ല... പ്രതീക്ഷ നശിച്ച കരച്ചിലുകൾ പലരെയും തളർത്തി. പലരും വന്നു പോയിക്കൊണ്ടിരുന്നു. വിളക്കിലെ എണ്ണ വറ്റാതെയും തിരികെടാതെയും ശാന്ത ചെറിയമ്മ ശ്രദ്ധിച്ചു.

ചാരമായ ചന്ദനതിരികൾക്കു പകരം വീണ്ടു വീണ്ടും തിരികൾ തെളിച്ചുകൊണ്ടിരുന്നു. തെളിഞ്ഞുകത്തുന്ന നിലവിളക്കിനുമുമ്പിൽ വെള്ളത്തുണി പൊതിഞ്ഞ് ചെവിയടച്ച് താടികൂട്ടിക്കെട്ടിയ ശരീരം ഓർമ്മകൾകൊണ്ടുമാത്രം എനിക്കുചുറ്റും നിശ്വസിച്ചു.

പറമ്പിൽ നിന്നു പറിച്ച മാങ്ങ തൊലികളഞ്ഞും, ചക്ക ചുള പറിച്ചും മാത്രം തന്നു... കടയിൽ പോയി പായാരം പറഞ്ഞുവരുമ്പാൾ മുണ്ടിൻ തലപ്പിൽ പൊതിഞ്ഞുകൊണ്ടുവന്ന കടലമിഠായികൾ. വളർന്നു വരുന്തോറും എന്റെ തർക്കുത്തരങ്ങൾ കേൾക്കാൻ ചെവി തന്നിട്ടും അമ്മ അടിക്കാനോങ്ങുമ്പോൾ പിറകിലേക്ക് മറച്ചുപിടിച്ചു.

ഞങ്ങൾക്കിടയിൽ ഇങ്ങനെയൊരു വിടപറയൽ ഏതുനിമിഷവും ഉണ്ടാകാമെന്നറിഞ്ഞിട്ടും പൂർണ്ണമാകാതെ തൊണ്ടയിൽ കുടുങ്ങിപോയ ചില വാക്കുകൾ എന്റെ ചങ്ക് കുത്തിത്തുരന്നു. അടക്കിപ്പിടിച്ച വിങ്ങലുകൾ കണ്ണുകളിലൂടെ നിറഞ്ഞൊഴുകി. സമയത്തെ കുറിച്ചറിയാത്ത ഏതോ നേരത്ത് തളർന്നുറങ്ങി.

സന്ധ്യയാവുന്നതോടുകൂടി എത്തിച്ചേർന്ന അമ്മായിമാരുടെ കരച്ചിലാണ് ഞെട്ടിയുണർത്തിയത്. അവിടെയിവിടെയായി ചിതറി കിടന്ന ആളുകളെല്ലാം കൂടി ഇളകിമറിഞ്ഞ് അടുത്തുകൂടിയിട്ടുണ്ട്. അലറിക്കരഞ്ഞ പെണ്ണുങ്ങളുടെ ശബ്ദം തളർന്നപ്പോൾ പുറത്ത് ആണുങ്ങളുടെ ചർച്ച കേൾക്കാം.

“എന്നിട്ട് എന്താ ബാലാ. ഇങ്ങനെ ആലോചിച്ചിരിക്കണ്? - ഇനിയും വച്ച് താമസിപ്പിക്കണോ? ഇന്നനെ അങ്ങട് എടുക്കല്ലേ?”

“എന്താച്ചാ എല്ലാവരും പറയുംപോലെ” ബാലവല്യച്ഛ എവടീം തൊടാതെ പറഞ്ഞു.

‘‘ഇനിപ്പോ എന്ത് തീരുമാനിക്കാൻ. ഇന്നങ്ങ്ട് എടുക്കന്നേ രാവിലെ മുതൽ കുട്ട്യോളാരും കഞ്ഞീടെ വെള്ളം കുടിച്ചിട്ടില്ല്യാലോ... ഇതിന്നങ്ങ് തീർന്നാ തീർന്നു.” ഏതോ തലമൂത്ത കാരണവർ ആ തീരുമാനം അങ്ങ് പറഞ്ഞുറപ്പിച്ചു.

ഒരു പകൽ സൃഷ്ടിച്ച ശൂന്യത അടുത്ത പകലോടുകൂടി കത്തിയമർത്താനുള്ള തീരുമാനം.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ

ഞങ്ങടെ അമ്മയെ ഒരു ദിവസംകൂടി ഞങ്ങൾക്ക് തന്നു കൂടേന്ന് പറഞ്ഞ് അമ്മായിമാർ വീണ്ടും വിങ്ങി.

ഒരു രാത്രിക്ക് ഇത്രയേറെ പ്രതീക്ഷ നൽകാനാവുമോ... ഇല്ല. ഈ വിതുമ്പലൊന്നും ചെവികേൾക്കാനുള്ള സമയമല്ലിത്. മരിച്ച് മരമായി കിടക്കുന്നത് വെറും ശരീരം മാത്രമാണെന്ന് പലരും അംഗീകരിച്ചുകഴിഞ്ഞു.

കുറച്ചുനേരം കൂടെ കൺമുമ്പിലുണ്ടാവൂ എന്ന് ഉറപ്പായ ബന്ധത്തെകുറിച്ചോർത്ത് കരഞ്ഞ ശബ്ദങ്ങളെ വകവെക്കാതെ വളഞ്ഞു. എല്ലൊട്ടിയ ശരീരം ആൺമക്കളും ബന്ധുക്കളും കൂടി പുറത്തേക്കെടുത്തു..ഓരോ കോശങ്ങളിലും അടിഞ്ഞുകൂടിയ അഴുക്കുകളെല്ലാം വിസർജ്ജിച്ച ശരീരം കഴുകി തുടക്കാൻ.

മടക്കിയ കാലുകളെ കൂട്ടിപിടിച്ചുള്ള ഇരുത്തം പാഡിന്റെ സ്ഥാനം തെറ്റിച്ചപ്പോഴായിരുന്നു ഒരു ഞെട്ടൽ നെഞ്ചിലൂടെ പാഞ്ഞത്. ഇറ്റുവീഴാറായ രക്തചൊരിച്ചിൽ താങ്ങിവീർത്ത പാഡ് പച്ചമുറിവിൽ കല്ലുപ്പുതേക്കുമ്പോഴുള്ള നീറ്റൽ നിറഞ്ഞ സുഖമാണ്. അടുത്തിരുന്ന ചെവിയിൽ ഒരു ശങ്കയോടെ ഞാൻ മന്ത്രിച്ചു.

“ചെറിയമ്മ... ഞാൻ ഒഴിവാണ്... ഇന്നാണ് ആയത്”.

വലിയൊരപരാധം ചെയ്തപോലെ ചെറിയമ്മയത് അടുത്തിരുന്ന അമ്മായിയുടെ ചെവിയിലും മന്ത്രിച്ചു. അപായസൂചകമായൊരു വാർത്ത കൈമാറുന്നപോലെ വിഷയം ചെവികളിൽനിന്ന് ചെവികളിലേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു. പൂമുഖത്തിരുന്ന എല്ലാവരും ഒരു കുറ്റവാളിയെ നോക്കുന്നപോലെ എന്നെ ദഹിപ്പിക്കാൻ നെറ്റിചുളിച്ച് കണ്ണുകൾ വിടർത്തി.

“ന്റെ കുട്ട്യേ... ന്നാ ഇത് ആദ്യം പറയണ്ടേ?

ഇനിപ്പോ കാര്യാക്കണ്ട. വേഗം എണീക്ക്”

ഞാനെന്തോ മേലുമൊത്തം ചളിവാരി തേച്ചപോലെ. തൊടാൻ മടിച്ച് മൺപാത്രങ്ങളും പണിയായുധങ്ങളും വെച്ച ചരു റൂം വരെ ചെറിയമ്മ എന്നെ ആംഗ്യം കാണിച്ചുകൊണ്ടുവന്നു.

“ഇവിടെ ഇരുന്നോട്ടോ. ഇനി പുറത്തേക്ക് വരണ്ട.

ഒഴിവായാല് അയിത്താണ്. കൂട്ടിതൊടാൻ പാടില്ല. ശുദ്ധീല് വേണ്ടേ അച്ഛമ്മയെ പറഞ്ഞയക്കാൻ ഒക്കെ കഴിഞ്ഞ് ചെറിയമ്മ വന്ന് കുട്ടീനെ വിളിക്കാം”.

ആയുധങ്ങൾക്കിടയിൽ സിമന്റുതറയിൽ വാതിലടച്ച് ഞാനിരുന്നു. എപ്പോഴും തണുപ്പ് തളംകെട്ടിയ നിലത്തെ ഇരുത്തം ഒരു പുളിപ്പാണ്. ജനലിലൂടെ പരന്ന ഇരുട്ടിന്റെ കൂടെ ആകാശത്ത് അമ്പിളിമാമൻ

വിടർന്നുനിന്നു... എല്ലാ വീടികളിലെയും ജനലുകളെ പറ്റിച്ച് ഒളിഞ്ഞുനോക്കലാണല്ലോ മൂപ്പരുടെ വിനോദം. ഇത്രനേരം മുഖം കനപ്പിച്ച് ഇളകാതെനിന്ന കരിമ്പനകൾക്ക് അവരുടെ കൈപി ടിച്ചുനിന്ന കാമുകന്റെ ഒളിഞ്ഞുനോട്ടത്തിൽ അസൂയ തോന്നിയി ട്ടെന്നപോലെ വിടർന്ന ഇലകൊണ്ടവർ ആ ഇരുണ്ട വെളിച്ചത്തെ മറച്ചുപിടിച്ചു.

തഴുകിപോയ കാറ്റിന്റെ ഇക്കിളിയാക്കലുകളും നക്ഷത്രങ്ങളുടെ കിന്നാരവും കരിമ്പനകളെ ലാസ്യതയോടെ ചിരിപ്പിക്കുന്നു. കുറ്റിക്കോട് പള്ളിയിൽ നിന്ന് കേൾക്കുന്ന ബാങ്കുവിളിക്കൊപ്പം പറമ്പിലെ കവുങ്ങുകൾ നിസ്ക്കരിക്കുകയാണെന്ന് തോന്നും .

ഇടക്കിടക്ക് താഴ്ന്നുപോകുന്ന കരച്ചിലുകൾ പുറംകാഴ്ചകൾ കാണാനുള്ള ആകാംക്ഷയിൽ ഞാൻ ജനൽകമ്പികളെ മുഖത്തോ ടടുപ്പിച്ച് ഏന്തി വലിഞ്ഞു.

കുളിപ്പിച്ച് വെള്ള പുതപ്പിച്ച ശരീരത്തിനുചുറ്റും തോർത്തുടുത്ത് നിൽക്കുന്ന ആൺമക്കൾ  വലം വെക്കുന്നു. നാമജപം വിതുമ്പലു കളോടെയാണ്. പ്രായാടിസ്ഥാനത്തിൽ മുതിർന്നവർ തുടങ്ങി ഇളയവർ വരെ കിണ്ടിയിൽ നിന്നും വെള്ളവും അരിയും പൂവും പുതപ്പിച്ചുകിടത്തിയ ദേഹത്തിലേക്കെറിഞ്ഞ് പ്രാർത്ഥിച്ചു.

കാഴ്ചവെക്കലിന്റെയും  ചടങ്ങുകളുടെയും അലർച്ചയുടെയും കെട്ടിക്കിടപ്പിൽ നിന്ന് ആ ശരീരം സ്വതന്ത്രമാകാൻ പോകുകയാണ്. ഒരു പെട്രോമാക്സിന്റെ വെളിച്ചത്തിൽ മാത്രം കാണാൻ സാധിച്ച കാഴ്ചയായിരുന്നു അത്. കൂട്ടിവച്ച വിറകുകൾക്ക് മുകളിൽ കിട ത്തിയ ശരീരത്തിൽ വീണ്ടും വിറകുകൾ അടുക്കുന്നു. ഓർമ്മ കളിലൂടെ മാത്രം ജീവിക്കുന്ന മരിച്ചവരുടെ ശരീരം കല്ലുകളാണെന്ന് അംഗീകരിക്കുന്നതാണ്. ഓരോ ദഹിപ്പിക്കലും ഒടുവിൽ കത്തിച്ച പന്തവുമായി വലംവച്ച വല്യച്ഛൻ വിറകുകൾക്കിടയിൽ  ആ തീ പകർന്നു. കത്തിപ്പിടിച്ച് പൊട്ടിച്ചിതറുന്ന എല്ലുകഷണങ്ങൾ എന്റെ വയറു കാളിച്ചു.

“ആ ജനലടച്ചിരുന്നൂടേ. ഇതൊക്കെ എന്തിനാ കാണണേ. എല്ലാരടേം കുളി കഴിഞ്ഞു. ചെറിയമ്മ വെള്ളം എടുത്തു തരാ വേഗം കുളിക്ക്... ന്ന്ട്ട് എന്തേലും കഴിക്കണ്ടെ”.

സുജ ചെറിയമ്മ വീണ്ടും  എന്നെ ആംഗ്യം  കാണിച്ച് നടത്തിച്ചു. അതിശയിപ്പിക്കും വിധം മുറ്റത്തൊക്കെ പന്തലും ട്യൂബ് ലൈറ്റുകളും കെട്ടിയിട്ടുണ്ട്. ടേബിളുകളിട്ട് എല്ലാവർക്കും ചോറും മോരുകറിയും ഉപ്പേരിയും വിളമ്പുന്നു. അവസാനം മരണമെന്ന ശൂന്യത അപ്രത്യ

ക്ഷമായി. എല്ലാവർക്കും ഭക്ഷണം വിളമ്പുന്ന ഓരോ അവസരങ്ങളും പോലെ മരണവീടും നാട്ടുകാരുടെയും വീട്ടുകാരുടെയും ഒത്തുചേരലായി മാറി.

"അവടീം ഇവടീം നോക്കിനിക്കല്ലേ. അതൊന്നും തൊടല്ലേ... വേഗം നടക്ക്"

ഇങ്ങനോരോന്ന് പിറുപിറുത്ത് ചെറിയമ്മ എന്നെ കുളിമുറിയിലേക്ക് കൊണ്ടുപോയി. അതിന്റെ ഉള്ളിലെ എല്ലാ സാധനങ്ങളും പുറത്തേക്ക് വെച്ച് ഒരു വലിയബക്കറ്റ് നിറയെ വെള്ളവും ഒരു കപ്പും തന്ന് ചെറിയമ്മ പതുക്കെ പറഞ്ഞു

"വേഗം കുളിക്ക്. ന്ന്ട്ട് ബക്കറ്റും കപ്പും കമ്ഴ്ത്തി വയ്ക്കണം. അപ്പോഴേക്കും ചെറിയമ്മ മാറാൻ കുപ്പായം കൊണ്ടുവരാം".

പാറയിൽ നിന്ന് ഉറവ വരുന്ന കിണറ്റിലെ വെള്ളത്തിന് ത്രസിപ്പിക്കുന്ന തണുപ്പാണ്. കിനിഞ്ഞുനിറഞ്ഞ് പറ്റിപിടിച്ച പാഡിനെ മാറ്റിയപ്പോൾ നഗ്നമായ തുടകൾ ഇക്കിളികൂട്ടി. കുളികഴിഞ്ഞിട്ടും തണുത്ത വെള്ളത്തിനോട് മത്സരിച്ച് കഴുകുന്തോറും ഇറ്റിവീഴുന്ന ചോരതുള്ളികളെ മറ്റൊരു പാഡുകൊണ്ട് തടഞ്ഞുനിർത്തി വീണ്ടും ഞാൻ വിജയിച്ചു.

കപ്പും ബക്കറ്റും കമിഴ്ത്തിവെച്ച് ആരു കാണാതെ ചെറിയമ്മ കൊണ്ടുവന്നു തന്ന ഒരടപ്പ് മണ്ണെണ്ണയും തീപ്പെട്ടിയും കൊണ്ട് ഞാൻ വേഗം കുളിമുറിയുടെ പുറകിൽ പോയി. പഴുത്തളിഞ്ഞൊടുവിൽ വരണ്ടുണങ്ങിമരിച്ചഅണ്ഡത്തെ താങ്ങിനിർത്തിയ പാഡിനെ ദഹിപ്പിക്കാൻ ന്യൂസ്പേപ്പർ ചുറ്റി മണ്ണെണ്ണയൊഴിച്ച് കത്തിച്ചു. ആളികത്തിയ തീ പൊട്ടിത്തെറികളില്ലാതെ ഒറ്റ നിമിഷംകൊണ്ട് ചാരമായി. തെക്കേപറമ്പിലെ പേരമരത്തെ ചുട്ടുപൊള്ളിച്ച തീയും കത്തിത്തീരാറായി. ശരീരത്തിൽ നിന്നും സ്വതന്ത്രമായ രണ്ട് ആത്മാക്കളെ ഇരുട്ടിൽ കരിമ്പനകൾ മാത്രം മാടിവിളിച്ചു.

– അങ്കണം കഥാപുരസ്ക്കാരം 2015 ഒന്നാം സ്ഥാനം
–എ. കെ. ജി. സി. റ്റി. എ. സംസ്ഥാന കഥാപുരസ്ക്കാരം

# ചോരപ്പാടു(ഡു)കൾ

കൃഷ്ണേന്ദു വി

തെറ്റായും കുറ്റപ്പെടുത്തിയും ഞാനൊരു വാക്കുപോലും പറഞ്ഞിട്ടില്ല. എന്നിട്ടും പിണങ്ങിമാറിയിരിക്കുന്നു. എന്റെയീ തിരക്കും ജോലിയെടുപ്പുമൊന്നും ഇഷ്ടമില്ലെന്നറിയാം. അല്ലെങ്കിലും അനങ്ങാത്ത കാലുകൾക്കിടയിലിരുന്ന് ഒട്ടുമനങ്ങാതെ ചോര കുടിക്കാനാണല്ലോ നിനക്കിഷ്ടം.

തിരക്കുള്ള ബസ്സിന്റെ മൂലയ്ക്കലേയ്ക്കു മാറിനിന്നു മൈഥിലി കാലു പിളർത്തി. ചോരകുടിച്ച് മത്ത് കയറി മാറി നിൽക്കുന്നവനെ കാലുപിടിച്ച് വീണ്ടും തുടകൾക്കിടയിലേയ്ക്കു കയറ്റി. തൊട്ടടുത്ത സീറ്റിലിരുന്ന അമ്മച്ചിയുടെ മുഖത്തെ വളിച്ചചിരി കണ്ടപ്പോൾ കലിപ്പാണ് കയറിയത്.

“വറ്റിപ്പോയ കുശുമ്പാണ് സാധനത്തിന്”.

ഓഫീസിലെ ടോയ്‌ലറ്റിൽ നിന്നും കണ്ടെടുത്ത ചോരവിങ്ങി യൊരു നിസ്സഹായതയുടെ പേരിൽ എല്ലാ പെൺപിറന്നവളുമാരു ടെയും തുടകൾക്കിടയിൽ കൈവച്ചുനോക്കി തൂപ്പുകാരി രാധാ മണിച്ചേച്ചി. തന്നേയും ശ്രുതിയേയും മാറ്റിനിർത്തി മാനേജർ സാറി ന്റെ ചോദ്യം.

“ഇതിലാര്ടെയാ അവടെകെടക്കണ സാധനം”.

തുടകളോട് പിണങ്ങി പിന്നേയും പിറകോട്ട് മാറിയവനെ അവൾ തിരിച്ചുവിളിച്ചില്ല. ഊറ്റുന്ന കൈകൾക്ക് വഴങ്ങാതെ പുറത്തേക്ക് ഒലിച്ചിറങ്ങി വെളുത്ത പാന്റിൽ ചുവന്ന ഭൂഖണ്ഡങ്ങൾ തീർക്കുന്ന വിപ്ലവത്തുള്ളികളെ കുറിച്ചോർത്തപ്പോൾ ഉള്ളൽപ്പം തണുത്തു.

കാവിൽ താലപ്പൊലി നോലുമ്പ് തുടങ്ങിയ ദിവസമാണ് താൻ ആദ്യമായി ചുവന്നത്. മുത്തശ്ശി മരിച്ചതിൽ പിന്നെ ആരും കയറി നോക്കിയിട്ടില്ലാത്ത മുറിയിൽ പൂട്ടിയിട്ടു, അമ്മ. അച്ഛൻ കൊണ്ടു വന്ന കടലമിഠായി കൈതൊടാതെ അകത്തേക്ക് എറിഞ്ഞാണ് തന്നത്. മുത്തശ്ശിയുടെ കട്ടിൽക്കാലിനടുത്ത് അതിപ്പോഴും ഉറുമ്പരിക്കാതെ കിടക്കുന്നുണ്ടാവും... ഓരോ മരംകയറ്റത്തെയും പിൻവലിപ്പിച്ച് തന്നെ പെണ്ണാക്കി തീർത്ത ഈ ഘടികാരമണിയെ പിരിയുന്ന കാര്യം വിഷമമാണ്. എന്നാലും ഊറ്റുകാരുടെ അഹന്തയടക്കാൻ എന്നാ ണിതൊന്നു ഉറവ് നിർത്തുക.

ബസ്സ് ചുരം കയറിത്തുടങ്ങിയിരുന്നു. പച്ചത്താഴ്ച്ചയിലേക്കു നോക്കി നിന്നപ്പോൾ തൊട്ടുമുമ്പ് താൻ ഉള്ളിൽ പറഞ്ഞതോർത്ത് അവൾ ഞെട്ടി. നടുപിളർക്കുന്ന വേദനയിലും കുളിമുറിയിൽ കാലുവിടർത്തി നിൽക്കുമ്പോൾ നിലത്ത് പൂക്കൾ പൊടിച്ചിരുന്ന ചോരത്തുള്ളികളെ പ്രണയിച്ചിരുന്ന മൈഥിലി പി. വറ്റലിനെക്കുറിച്ച് ചിന്തിച്ച് തുടങ്ങിയിരിക്കുന്നു. നരച്ചു തുടങ്ങിയോ മനസ്സ്... അവൾ ബസ്സിന്റെ മുന്നിലെ കണ്ണാടിയിൽ നോക്കി. അതിന്റെ തെളിഞ്ഞ മൈഥിലീശരത്തിന്റെ മുഖം കണ്ടപ്പോൾ അവളുടെ നെറ്റിയിൽ അപരിചിതത്വം ചുളിഞ്ഞു.

കവലയിൽ ബസ്സിറങ്ങി നടക്കുമ്പോൾ മനസ്സു നിറയെ ശ്രുതിയായിരുന്നു. നെഞ്ചിൽ പൊടിയുന്ന ചോരയൊപ്പാൻ എവിടെയാണ് പാഡ് വയ്ക്കേണ്ടത്.

“മാഡം ഇന്ന് നേരത്തേയാണല്ലോ?”

ശരത് ഉമ്മറത്ത് തന്നെയുണ്ട്. ശ്രുതിയുടെ കാര്യം അറിഞ്ഞിരിക്കണം.

പുച്ഛച്ചിരിയോടെ അയാൾ വൈകുന്നേരത്തിന്റെ വഴിപാടുകൾ തുടങ്ങി. ഒരിന്ത്യൻ പൗരൻ എന്ന നിലയിൽ ബാത്റൂമിൽ ഉപേക്ഷിക്കപ്പെടുന്ന പാഡുകൾ ഉണ്ടാക്കുന്ന സാമൂഹിക പ്രതിസന്ധികളെക്കുറിച്ച് ശരത്തിന് ഇത്രയധികം ആശങ്കകളോ?

ബാഗും, ഷാളും ഊരിവയ്ക്കുമ്പോൾ റിമോട്ട് കറക്കിക്കൊണ്ട് അയാൾ മൈഥിലിയുടെ അടുത്തേക്കുവന്നു. അവളെ അഭിമുഖമാക്കി നിർത്തികൊണ്ട് ചോദിച്ചു.

“അവളൊക്കെ പെണ്ണാണോടീ”

മൈഥിലി കുറച്ചുനേരം അയാളുടെ കണ്ണുകളിലേയ്ക്കു നോക്കി. പിന്നെ ഊറ്റിശീലിച്ച നീണ്ട കൊക്കുകളുള്ള ചുവന്ന ചിറകുകളുള്ള പക്ഷിയെ പതുക്കെ ഊരിയെടുത്ത് അയാൾക്കു മുന്നിലെ മേശമേൽ വെച്ചു. പിന്നെ ഞെട്ടലിന്റെ മുഖത്തെ ഗൗനിക്കാതെ ഒട്ടും തിരക്കില്ലാതെ ബാത്തുറൂമിലേക്കു നടന്നു. കുളിമുറി യിൽ കാലു വിടർത്തി ഊര നിവർത്തി മൈഥിലി നിന്നു. തുടയിലൂടെ ഒലിച്ചിറങ്ങുന്ന വിപ്ലവച്ചോപ്പിനെ നോക്കി സംതൃപ്തിയോടെ ചിരിച്ചു.

# ഭ്രാന്തൻകുമിളകൾ

ഷഹന എ

സ്വന്തം ജീവിതത്തെകുറിച്ച് സ്വയം വിശ്വസിപ്പിക്കലിന്റെ കാലം കഴിഞ്ഞിരിക്കുന്നു. തന്റെ നിയമങ്ങളെ സമൂഹനിയമങ്ങൾകൊണ്ട് ഹരിച്ചപ്പോഴൊക്കയും ഹാരകം തന്നെ ശിഷ്ടമായി. ഒന്നിനും ഒരു പുതുമയില്ല. വിരസമാർന്ന ആവർത്തനത്തിന്റെ മറ്റൊരു പതിപ്പായി പുതിയ ഒരു ദിവസം കൂടി. മണൽത്തരികളെ ഇറുകിപുണർന്ന് ശ്വാസംമുട്ടിക്കുന്ന ഭ്രാന്തൻ തിരമാലകളെ നോക്കിയിരിക്കുന്ന രേഖയോട് അവൾക്ക് തോന്നി.

"നീ വരുന്നുണ്ടോ. ഞാൻ പോവ്വാ"

"എന്താ നിനക്ക് കടൽ ഇഷ്ടമല്ലേ?"

"അല്ല".

"ഹോ നിനക്ക് പ്രണയം പുഴയോടാണല്ലോ"

പുഴയുടെ ആഴമറിയാത്ത അടിപ്പരപ്പിലെ വിങ്ങലുകൾക്ക് നടുവിൽ കുമിളകൾക്ക് തന്റേതായ ഒരിടം ഇല്ലാതാകുമ്പോൾ അവ പൊങ്ങിവന്ന് പുഴയുടെ തളം കെട്ടിയ മൗനത്തിൽ പൊട്ടിച്ചിതറുന്നു.

"നിന്റെ മുടിഞ്ഞ വായന"

ഓർമ്മകളിൽ നിന്ന് അയാൾ അലറി.

"നിനക്ക് ഭ്രാന്തായിപോയത് വെറുതെയല്ല. കണ്ണിക്കണ്ട ചവറുകളല്ലേ വായന. എന്തൊക്കെ തോന്ന്യാസങ്ങളാ എഴുതിവച്ചിരിക്കുന്നെ?"

പക്ഷെ അവളുടെ സ്വപ്നങ്ങളിൽ പിന്നെയും പറവകൾ വന്നു. ആകാശത്തിലെ പറവകൾ, വിതയ്ക്കാത്ത, കൊയ്യാത്ത പക്ഷികൾ. അവയുടെ ചിറകടി അവൾക്ക് മാസ്മരിക സംഗീതമായിരുന്നു. സ്വപ്നം കാണാൻ പഠിച്ചത് തെറ്റായിപോയി. ഭ്രാന്ത് വന്നത് ഭാഗ്യവും. അവൾ ചിരിച്ചു. താലിച്ചരടിൽ കോർത്തിട്ട അവളുടെ സ്ത്രീത്വത്തെ ഏതുനിമിഷവും അയാൾ ചവിട്ടിയരച്ചേക്കാമെന്ന തോന്നലിൽ കണ്ണുകെട്ടിയെങ്കിലും പെണ്ണായതുകൊണ്ടാവാം നീതിയും പെട്ടന്നവൾക്ക് മോചനം നൽകിയത്.

കൺപീലികളെപ്പോലെയാണ് നാം. നമ്മൾ അടുത്തിരിക്കുമ്പോൾ ലോകം ഇരുട്ടിലാകുന്നു. ലോകത്തിന് വെളിച്ചം നൽകാൻ ഞാൻ നിന്നിൽ നിന്നും പിരിയുന്നു.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ

അവൾ ചിരിച്ചു. അയാളും.

"എടീ എഴുത്തുകുത്തൊക്കെ പെണ്ണുങ്ങളെ ഭംഗില്ല്യാണ്ടാക്കും. നീ കണ്ടിട്ടുണ്ടോ ഏതെങ്കിലും എഴുത്തുകാരീനെ നല്ല കോലത്തില്, പരിഷ്ക്കാരോം, നൃത്തോം ഒക്കെയാ പെണ്ണിനുവേണ്ടത്. നമ്മുടെ ലേഡീസ് ക്ലബ്ബിൽ ഞാൻ നിനക്കൊരു മെമ്പർഷിപ്പ് എടുക്കട്ടെ"

കൊയ്യാൻ വേണ്ടി മാത്രം വിതയ്ക്കുന്നു. രേഖയുടെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ പേടി തോന്നി. അവൾ മനസ്സാലെ പറഞ്ഞു.

"ഭൂമിയിൽ മെമ്പർഷിപ്പെടുക്കാതെ കേറാവുന്ന ഒരിടം എനിക്ക് കാട്ടിതരൂ..."

അവൾ കരഞ്ഞു. പിന്നെയും കരഞ്ഞു. അവളുടെ കണ്ണുകളും പുഴയെ വിഴുങ്ങിയിരുന്നു.

സ്വപ്നങ്ങളിൽ നിന്ന് പറവകൾ പിന്നെയും ചിറകടിച്ചു. പ്രതീക്ഷ വറ്റാത്ത ഒഴുക്കിനടിയിൽ അവൾ കുമിളകളെ സ്വതന്ത്രമാക്കിക്കൊണ്ടിരുന്നു. പരപ്പുകളിൽ പൊട്ടിപോകുന്ന കുമിളകൾ.

# ഇരകൾ

രജ്ന കെ

എന്റെ കണ്ണുകളിലേക്ക് നോക്ക്, ഇര വേട്ടക്കാരനോട് പറഞ്ഞു. ആരവങ്ങളെ പിന്നിലാക്കികൊണ്ട് മറ്റു വേട്ടക്കാരെയെല്ലാം പിന്ത ള്ളികൊണ്ട് യുവാവായ അയാൾ തന്റെ ഇരയെ നഗരത്തിന്റെ വഴികളിലൊന്നിൽ വെച്ച് വളഞ്ഞുപിടിക്കുകയായിരുന്നു, മറ്റൊരു യുവാവിനെ.

എന്റെ കൃഷ്ണമണിയിൽ കാണുന്ന നിന്റെ പ്രതിരൂപത്തെയല്ല. അതിലും ആഴത്തിൽ നോക്കാൻ നിനക്ക് കഴിയുമെങ്കിൽ...

വേട്ടക്കാരൻ കിതപ്പടക്കുകയായിരുന്നു. ഒരു തരം ഉന്മാദം അയാ ളെ പൊതിഞ്ഞു. തനിക്കും ഒരു ഇരയെ കിട്ടിയിരിക്കുന്നു. അല്ലെങ്കിൽ തനിക്ക് മാത്രമായി ഒരിര. അയാൾക്ക് പരിസരം നടുങ്ങുമാറ് അലറണമെന്ന് തോന്നി. അതിനിടയിലാണ് നിന്നെ പോലെ ഒരിരയെ നിനക്കിവിടെ കാണാം. നിസ്സഹായനായ ഒരു വെറും മനുഷ്യനെ ...

ഇരയുടെ ശബ്ദത്തിന് വല്ലാത്തൊരു മൂർച്ചയുണ്ടെന്ന് വേട്ടക്കാ രന് തോന്നി. തന്നിലേക്ക് തുളഞ്ഞുകയറി നോക്കുന്ന ഒരു കുന്തമു നപോലെ.

"നിന്നിൽ നിന്ന് ഞാനെങ്ങനെയാണ് വ്യത്യസ്തനാവുന്നത് ഇര ചോദിച്ചു"

വേട്ടക്കാരൻ നിസ്സഹായനായി. ആദ്യമായാണ് ഒരിര ചോദ്യങ്ങൾ ചോദിക്കുന്നത്... മറ്റ് ഇരകളെല്ലാം നിസ്സഹായരായി പ്രാണനുവേണ്ടി കരയുകയും, ശപിക്കുകയും, അലമുറയിടുകയും ചെയ്തു. സ്ത്രീകളുടെ കണ്ണുകളിൽ ഓളങ്ങൾപോലെ ഭീതിയുടെ അലകൾ കാണുമ്പോൾ ഉന്മാദത്തിന്റെ വേലിയേറ്റമായിരുന്നു ഉള്ളിൽ.

"എന്നെപോലെ നീയും ഒരിരയാണ് സഹോദരാ".

ഇര അലിവോടെ പറഞ്ഞു.

"നീ ക്ഷീണിതനാണ്. ഇതാ ഈ വെള്ളം കുടിക്കൂ"

വേട്ടക്കാരന് ദാഹമുണ്ടായിരുന്നു. വല്ലാത്ത ദാഹം. കുറച്ചുമുമ്പ് സംഘം അവസാനമായി തകർത്ത വീടുകളിലൊന്നിൽ നിന്ന് കയ്യിൽ കിട്ടിയ പണവും ആഭരണങ്ങളുമെല്ലാം കൈവശപ്പെടുത്തുമ്പോഴും സംഘാംഗങ്ങൾ തിരഞ്ഞത് ജലമായിരുന്നു. അതുമാത്രം കണ്ടു കിട്ടിയില്ല.

കലാപം തുടങ്ങിയ നാളുകളായിരുന്നു. ഭീതിയാൽ ആളുകൾ ടാപ്പിനരികിലേക്ക് പോലും പോയിട്ടുണ്ടാവില്ല. എന്നാൽ ഇപ്പോൾ ഈ വെച്ചു നീട്ടുന്ന ജലം സ്വീകരിക്കുന്നയാൾക്ക് ഭയം തോന്നി. കഠിന ദാഹത്തെ മറികടക്കുന്ന ഭയം. ഭയത്തെ മറികടക്കാൻ ശ്രമിക്കുന്ന ദാഹം. വല്ലാത്ത പരവേശം... ഹോ അയാൾ സ്വയം ശപിച്ചു. ഇവനോട് കൊഞ്ചുകയല്ല വേട്ടയാടി ജലം കൈവശ പ്പെടുത്തുക തന്നെയാണ്. വേട്ടക്കാരന്റെ നീതി ശാസ്ത്രം. അയാൾ തന്റെ ആയുധം കയ്യിലെടുത്തു. ഇര, പൊടുന്നനെ അയാളെ പ്രതി രോധിച്ചു. ഒരു കല്ലായിരുന്നു. ഇരയുടെ ആയുധം. അവൻ ചിരിച്ചു.

“നോക്കൂ സഹോദരാ ഇവിടെ ഞാനും നീയും തുല്യരാണ്. അടുത്ത ഒരു നീക്കത്തിൽ വേഷങ്ങൾ പരസ്പരം വെച്ചു മാറാവുന്ന വെറും മനുഷ്യർ. നീ പരീക്ഷണനായ വേട്ടക്കാരൻ, ഞാനോ...? ആത്മവിശ്വാസം കളഞ്ഞു പോവാത്ത ഇര...”

വേട്ടക്കാരൻ പരീക്ഷണനായി. ഒരു തളർച്ച പൊടുന്നനെ അയാ ളെ ബാധിച്ചു.

“സഹോദരാ നീ ഈ വെള്ളം കുടിക്കൂ”

ഇരവെച്ചു നീട്ടിയ വെള്ളം വാങ്ങിക്കുടിക്കുകയല്ലാതെ അയാൾ ക്ക് മറ്റു മാർഗ്ഗമില്ലായിരുന്നു.

സഹവേട്ടക്കാരുടെ ആരവങ്ങളും ആഘോഷങ്ങളും മറ്റേതോ വഴികളിൽ ചിന്നച്ചിതറി പോയതായി അയാളറിഞ്ഞു. പെട്ടന്ന് ശമിച്ച ദാഹം അയാളെ തളർത്തി. ഒടിഞ്ഞുതൂങ്ങിയ കഴുത്തുമായി മതിലിൽ ചാരി അയാൾ മണ്ണിലിരുന്നു.

ഇര ആർത്തു ചിരിച്ചു. ഇതാണ് ദൈവവിധി, അവന് എല്ലാമറിയാം നീ ഇടത്തോട്ടു തിരിഞ്ഞു അവനെ തൊഴുന്നു. ഞാൻ വലത്തോട്ടും.

എന്നാൽ ദൈവം ചിത്രശലഭങ്ങളുടെ ചിറകുകളിൽ നോക്കി യിരിക്കുകയാവും എന്ന് എനിക്കിപ്പോൾ തോന്നുന്നു. മനുഷ്യരുടെ കാപട്യം നിറഞ്ഞ പ്രാർത്ഥനകൾക്ക് നേർക്ക് കണ്ണും കാതുകളും പൊതിഞ്ഞുകൊണ്ട്.

വേട്ടക്കാരൻ ആകാംക്ഷയോടെ ഇരയെ നോക്കി. അല്ലെങ്കിൽ എത്ര പേരാണ് ഈ തെരുവുകളിൽ മരിച്ചു വീഴുന്നത്. ഇടത്തോട്ടു തിരിഞ്ഞു തൊഴുന്നവരും വലത്തു നിന്ന് തൊഴുന്നവരുമെല്ലാം എന്താണിവർക്കിടയിലെ വ്യത്യാസം.?

വേട്ടക്കാരൻ തലയാട്ടി എന്താണ് താൻ പറയുന്നതെന്ന് അയാൾക്ക് തന്നെ അറിയില്ലായിരുന്നു.

"പക്ഷെ ദൈവം ഇവിടെ ഒരു കള്ളക്കളി കളിച്ചു. നീ മരിക്കാൻ പോകുന്നു". ഇര പറഞ്ഞു. വേട്ടക്കാരൻ ഒരു നടുക്കത്തോടെ ഇരയെ നോക്കി.

"ഒരു ഗതിയുമില്ലെങ്കിൽ കുടിച്ചുമരിക്കാനായി. ഞാൻ കരുതിവെച്ച വിഷമായിരുന്നു ആ ജലം. ആരുടെയും ഇരയാവാതെ സ്വയം ഇരയാവാനായി".

താൻ വീണുപോകുമെന്ന് വേട്ടക്കാരന് തോന്നി. വിഷം അതിന്റെ ജോലി ചെയ്തു തുടങ്ങിയല്ലെ.

ഇര പറഞ്ഞത് ഒരു മയക്കത്തിലാണ് വേട്ടക്കാരൻ കേട്ടത്. ആലംബത്തിനായി അയാൾ ഇരയ്ക്കുനേരെ കൈ നീട്ടി. സഹോദരാ കൊല്ലരുത്, എന്റെ നിഷ്കളങ്കരായ കുഞ്ഞുങ്ങൾ അനാഥരായി പോകും.

"നിഷ്കളങ്കതയോ അതെന്താണ് ?"

വേട്ടക്കാരൻ ആയുധമില്ലാതെ വിയർത്തു.

"നീ വേട്ടയാടിയ കുഞ്ഞുങ്ങൾ. സ്ത്രീകൾ, വൃദ്ധർ സ്വപ്നങ്ങളുള്ള യുവാക്കൾ ഇവർക്കൊന്നുമില്ലാത്ത വികാരം".

നെഞ്ചിലൂടെ ഒരു മിന്നൽ പാഞ്ഞുപോകുന്നതായി വേട്ടക്കാരൻ അറിഞ്ഞു. അയാൾ ഇരയുടെ കാൽക്കൽ മുഖമടിച്ച് വീണു.

"സഹോദരാ... ആ കാണുന്നത് ആശുപത്രിയാണ്. താങ്കൾ ദൈവത്തെയോർത്ത് എന്നെ അവിടെ കൊണ്ടുചെന്നാക്കണം"

"ഏതു ദൈവം? "

ഇര ചിരിച്ചു. "ഇടത്തേക്കുള്ള ദൈവമോ വലത്തേക്കുള്ള ദൈവമോ ഏതു ദൈവമാകും നിന്നെ രക്ഷിക്കുക". ഇര വേട്ടക്കാരന്റെ ആയുധം കൈവശപ്പെടുത്തി. വേട്ടക്കാരനെപോലെ രണ്ടടി പിന്നോട്ട് നടന്ന് മുമ്പോട്ട് കുതിക്കാനായി തയ്യാറെടുത്തു.

ഭയം ഒരു മാൻപേടയെ പോലെ വേട്ടക്കാരന്റെ കണ്ണുകളിലൂടെ വിരണ്ടോടി. അയാൾ ഇടത്തെ ദൈവത്തെ വിളിച്ചു. ഒരു വിശ്വാസത്തിനായി വലത്തേ ദൈവത്തെയും. പിന്നീട് മണ്ണിൽ മലർന്ന് കിടന്ന് സ്വയം ഇരയായി.

"സഹോദരാ... എന്റെ പാപങ്ങൾ പൊറുക്കണേ". അയാൾ ഇരയോടു യാചിച്ചു.

"എന്റെ കുഞ്ഞുങ്ങൾ, ലോകമെന്തന്നറിയാത്ത എന്റെ ഭാര്യ അവർ നിഷ്കളങ്കരാണ്".

ഇര അയാളുടെ കൈപിടിച്ചുയർത്തി തന്നോടുചേർത്ത് നിർത്തി.

"നോക്കു എന്റെ ഹൃദയത്തിന്റെ സംഗീതം നീ കേൾക്കുന്നുണ്ടോ?"

"ഇപ്പോൾ എനിക്കത് കേൾക്കാം. എന്റേതുപോലെ തന്നെ" വേട്ടക്കാരൻ കണ്ണീരോടെ പറഞ്ഞു.

"എങ്കിൽ നീ മരിക്കില്ല".

ഇര ആയുധം വലിച്ചെറിഞ്ഞുകൊണ്ട് അവനെ താങ്ങി.

"ആ ജലത്തിൽ വിഷം ഇല്ലായിരുന്നു. നിന്റെ ഭയം തന്നെയായിരുന്നു കൊടുംവിഷം"

വേട്ടക്കാരൻ സ്നേഹത്തോടെ ഇരയെ നോക്കി "ഇപ്പോൾ എന്റെ ഹൃദയത്തിലും വിഷമില്ല".

അവർ ഇറുകെ പുണർന്നു.

"ഈ കഥ എന്റെ ഹൃദയത്തിലെ അവസാനത്തെ കച്ചിതുരുമ്പാണ് ചന്ദ്രാ" അമീറലി പറഞ്ഞു.

"നീയും ഞാനും മരിക്കുകയാണെങ്കിലും ഇത് നമ്മുടെ ഉള്ളിലുണ്ടാവും. അകാലത്തിൽ ഇരയായ ഒരു ഭ്രൂണംപോലെ ദൈവങ്ങൾ സത്യം തേടി ഇടത്തോട്ടും വലത്തോട്ടും നടക്കുമ്പോഴും".

അവർ ഒളിച്ചിരുന്ന തുരങ്കത്തിനുപുറത്ത് അവരെത്തേടി പന്തങ്ങളുംശൂലങ്ങളും എരിഞ്ഞുയർന്നലറുകയായിരുന്നു. ആരൊക്കെയോ കരയുമ്പോഴും മറ്റുള്ളവർ അലറുകയായിരുന്നു

# കണ്ണുകൾ

മൃദുല പി

ചായങ്ങൾ ഒരിക്കലും നിറങ്ങളായിരുന്നില്ല. നിറങ്ങളുടെ രാസക്കൂട്ടുകൾ മാത്രമാണവ. പ്രകാശത്തിനോട് അലിഞ്ഞുചേരാനാവാത്ത വർണ്ണങ്ങളുടെ കെട്ടികിടപ്പ്... എന്നിട്ടും ഒരു സർവ്വാധിപതിയുടെ അഹങ്കാരത്തോടെ ടേബിളിനുമുകളിൽ നിരത്തിവെച്ച ചായങ്ങൾ എന്നെ നോക്കി പുച്ഛിക്കുകയാണ്. ഈ രാസകൂട്ടുകളെയും ബ്രഷുകളെയും അണിനിരത്തി ഒരു ചെറിയ ക്യാൻവാസിനെ വെല്ലുവിളിച്ചിട്ട് ഇന്നേക്കിത് മൂന്നാമത്തെ ദിവസമായി വളരെ ശാന്തമായൊരു വെല്ലുവിളിയായിരുന്നു അത്. ഒരു മഷിക്കുത്തുകൊണ്ട് പോലും ഞാനതിനെ നോവിച്ചില്ല.

ക്യാൻവാസുകളും പെയിന്റ് ബോക്സും, ബ്രഷുകളും ചിതറികിടക്കുന്ന ഈ റും ലഹരി നശിച്ച പടക്കളം മാത്രമാണ്. സെനൈലറിന്റെയും, എം ഗ്രഹാമിന്റെയും ഗന്ധം മൂക്കിനെ ത്രസിപ്പിക്കുകയും തലച്ചോറിനെ മത്തുപിടിപ്പിക്കുയും ചെയ്ത ലഹരിയായിരുന്നു.എന്നിട്ടും കൈകൾക്ക് വഴങ്ങാതെ നിറങ്ങൾ എന്നെ തളർത്തി. പതുപതുപ്പാർന്ന ശരീരം എനിക്കുനേരെ വെച്ചുനീട്ടിയ ഈ ലിനൻ ക്യാൻവാസിനെ ഒന്നുതൊടാൻ പോലും എനിക്ക് സാധിച്ചില്ല.

പോരാട്ടംപിൻവലിച്ച റാണിയെപോലെ നാണംകെട്ട് കീഴടങ്ങാം. കുരിശിലേറ്റിയ ക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ കഥ വല്യമ്മച്ചി ഓർമ്മയിൽ പതിപ്പിച്ചുതന്നതാണ്. ചികഞ്ഞു കിടന്നിരുന്ന ആ ഓർമ്മകൾക്കിടയിലെവിടെയോ ആഴത്തിൽ കുഴിച്ചുമൂടിയ വർണ്ണങ്ങൾ മൂന്നാം ദിവസവും ഉണർന്നില്ല. ചതച്ചെരിയിച്ച ക്യാൻവാസുകൾ ജീർണ്ണിച്ചിരിക്കും. എന്നിട്ടും അഴുകിയ ജീവകോശങ്ങളുടെ ചെറിയ കുത്തിനോവലുകൾ പോലും അനുഭവപ്പെടാത്ത അവസ്ഥ.

കാറ്റിന്റെ പ്രണയത്താൽ ഉറച്ചുപോയ മഷിക്കുപ്പികൾ വാഷ്ബെയ്സിലോട്ടു കഴുകുമ്പാൾ കട്ടപിടിച്ച ചില ഓർമ്മകൾ അലിഞ്ഞലിഞ്ഞ് ചിതറിതെറിച്ച് അരിച്ചരിച്ച് ഒഴുകിപോയികൊണ്ടിരുന്നു. ഒരു നോട്ടം കൊണ്ടുപോലും നോവിക്കാത്ത ആ ക്യാൻവാസിനെ ഒറ്റ നിമിഷം കൊണ്ട് കത്തിചാമ്പലാക്കിയ അടുപ്പിലെ തീയിൽ ഒരു ഗ്ലാസ്സ് കാപ്പി റെഡി. ചൂടുകാപ്പിക്കൊപ്പം പല്ലിറുമ്പിക്കടിച്ചയവിറക്കാൻ മറ്റൊന്നുമില്ലാത്തതുകൊണ്ടാണ് വീണ്ടും പഴയ ചില ക്യാൻവാസുകൾ പെറു

ക്കിയെടുത്തത്. കുഞ്ഞുസാറായുടെ ക്രയോൺസുകൾക്ക് ഇരയായ പേപ്പറുകൾ ലിനന്റെയും കോട്ടന്റെയും ഉറച്ച ശരീരങ്ങൾക്കിടയിൽ കിടന്നു ഞെരങ്ങി മുഷിഞ്ഞ് എന്നെ സഹതാപത്തോടെ നോക്കി.

ജോഷിപാപ്പന്റെ ഹൗസ് വാമിംഗ് കഴിഞ്ഞു വന്നപ്പോഴാണ് വല്യമ്മച്ചിയുടെ ചോദ്യം.

"സാറാമോളെ... എങ്ങനെയുണ്ട് നമ്മുടെ ജോഷിയുടെ വീട്?"

വർണ്ണനകൾക്കൊന്നും വല്യമ്മച്ചിയുടെ സംശയങ്ങൾ തീർക്കാൻ പറ്റാതെ വന്നപ്പോഴായിരുന്നു വരകൾകൊണ്ട് കഥ പറയാനുള്ള ആദ്യ ശ്രമം. ജോഷിപാപ്പന്റെ വീട്ടിലെ പടുകൂറ്റൻ ഗെയ്റ്റും അതുകഴിഞ്ഞ് 'റ' പോലെ പുല്ലു വിരിച്ച പൂന്തോട്ടത്തിലൂടെ വരുന്ന വഴിയും ഗ്രില്ലിട്ട കിണറും മുതൽ അടുക്കളവരെ വല്യമ്മച്ചിക്കുവേണ്ടി വരച്ച സ്റ്റൈലൻ ചിത്രങ്ങളായിരുന്നു.

സാറാമോളെ , സംഗതി കലക്കിന്ന് അപ്പച്ചനും അമ്മച്ചിയും കൂടെ പറഞ്ഞു. അങ്ങനെയാണ് ഇട്ടിരി മാഷിന്റെ ഡ്രോയിംഗ് ക്ലാസ്സിൽ ചേരുന്നത്. ആദ്യമായി ഒരു ക്യാൻവാസ് കയ്യിൽ തന്നത് ഇടവകേലെ അച്ചനായിരുന്നു. പള്ളിയിലേക്കൊരു മാതാവിന്റെ രൂപം വരച്ചുതരണേ സാറാമോളെ എന്നു പറഞ്ഞ് കയ്യിലൊരു ബോംബ് വച്ചുതന്നപോലെയാണ് അന്ന് തോന്നിയത്. അതുവരെ കിട്ടിയതും കിട്ടാത്തതുമായ സമ്മാനങ്ങളുടെ കണക്ക് ഊതിപെരുപ്പിച്ച് അച്ചന്റെ ചെവിയിൽ വല്യമ്മച്ചി ഓതികൊടുത്തതിന്റെ കെണിയായിരുന്നു.

പതിഞ്ഞ, മങ്ങിയ, മൃദുവായ ഒരു മുഖം. ഒരൊറ്റ ഷെയ്ഡിൽ ഒലിച്ചിറങ്ങേണ്ട ആ കവിളുകൾ എന്റെ കൈകൾക്ക് വഴങ്ങിയില്ല. കണ്ണുകളിലെ തിളക്കവും, ശാന്തതയും, എന്റെ പെൻസിലുകളെ തോൽപ്പിച്ചുകളഞ്ഞു. കീറികളയാൻ ക്യാൻവാസുകൾ അധികമൊന്നും ഇല്ലാഞ്ഞിട്ടും പരിശ്രമം തുടർന്നു. ഒടുവിൽ മുൾകിരീടം വെച്ച് കണ്ണുകൾ താഴ്ത്തി ചോര ചിതറിയ മാറുമായി കുരിശിലേറ്റിയ യേശുവിലെത്തി. കുരിശിലോട്ടു തറച്ച ഓരോ ആണിയും എന്നെകൂടി കീറിമുറിച്ചു. പിന്നെയും വരച്ചു എത്രയോ ചിത്രങ്ങൾ. കണ്ണുകൾ മറച്ച വെറും ശരീരങ്ങൾ. ഡിഗ്രിക്ക് ഹോസ്റ്റലിലെത്തി ആദ്യം വരച്ച പെൺകുട്ടിക്കും മുഖമില്ല. പേടിച്ച് പിറകിലോട്ടോടിയ ഒരു പെൺകുട്ടി.

ക്യാമ്പസിലെ ഒരോ ചുവരുകളും എന്നെ വിസ്മയിപ്പിച്ചുകൊണ്ടിരുന്നു. ഡാവിഞ്ചിയും പിക്കാസോയും മൈക്കലാഞ്ചലോയും പുതിയ അനുഭവങ്ങളായി മാറി. അവിടെയും കണ്ണുകളാണെന്നെ തോല്പിച്ചുകളഞ്ഞത്. 'ഗ്രേറ്റ് മാസ്റ്റേഴ്സ്' ഗാലറിയിൽ ഒരു അരികിലിരുന്ന മൊണാലിസയുടെ കണ്ണുകളിലെ നിശബ്ദത എന്നെ കുഴക്കി. പിക്കാ

സോയുടെയും ഗ്രിസിന്റെയും അളന്നു മുറിച്ച കണ്ണുകളിൽ വരെ എന്നെ ദഹിപ്പിക്കാനുള്ള അഗ്നി ഉണ്ടായിരുന്നു. അനശ്വരതയുടെ ഈ വെല്ലുവിളികൾക്കിടയിൽ ആരും ശ്രദ്ധിക്കാനില്ലാഞ്ഞിട്ടും ശാന്തത കൈവിടാത്ത മേരിക്കസറ്റിന്റെ 'അമ്മയും കുഞ്ഞും' വരെ എന്നെ കളിയാക്കുകയാണ്.

രാത്രികളിൽ 'ടാഗോറിന്റെ സുന്ദരികളും' എം എഫ് ഹുസൈന്റെ 'വെള്ള കുതിരകളും' ഉറക്കം കെടുത്തി... വാലിലെ രോമങ്ങൾകൊണ്ട് എന്നെ ആകാശത്തിലേക്ക് ചുഴറ്റി എറിയുന്ന അവറ്റകൾ ഉറക്കച്ചടവുള്ള പകലുകളെ എനിക്ക് സമ്മാനിച്ചു. ക്ലാസ്സിലും ക്യാംപസ് വരാന്തകളിലും പാതിമയക്കത്തിൽ ജീവിച്ചിരുന്ന ഞാൻ വാൻഗോവിന്റെ ഖനിതൊഴിലാളികൾക്ക് അലസതയുടെ രൂപമായിരിക്കാം.

ലൈബ്രറിയിലേക്കിറങ്ങുന്ന വലിയ ചുവരിലെ രണ്ടു ചിത്രങ്ങൾ മാത്രം ഞാൻ വീണ്ടും വീണ്ടും തറപ്പിച്ചുനോക്കി. 'പിയത്തക്കു' കണ്ണുകൾ വരച്ചിട്ടില്ലേ...? ഒന്നുകൂടെ സംശയിച്ചുനിന്നുള്ളു. ഉണ്ട്, പിയത്തക്ക് കണ്ണുകൾ ഉണ്ടല്ലോ...? ഉള്ളിലൊരു അഗ്നിപർവ്വതം ഒളിപ്പിച്ചുവെച്ച ഭാരം മൂലം താഴ്ന്നു പോയ കണ്ണുകൾ. അടുത്തത് കണ്ണുകളടച്ച് ധ്യാനത്തിലിരിക്കുന്ന ബുദ്ധനാണ്. ഇല്ല ബുദ്ധൻ കണ്ണു തുറന്നിട്ടില്ല തീർച്ച.

ഒരു ചെറിയ നോട്ടം കൊണ്ടുപോലും ഭയപ്പെടുത്താതിരുന്ന ബുദ്ധനെ എന്റെ കടലാസുകളിൽ കൂടി പൊതിഞ്ഞു വയ്ക്കാൻ തോന്നി. കൂർത്തതും പതിഞ്ഞതുമായ ലെഡ് പെൻസിലുകൾ കൊണ്ട് ഒരു ചെറിയ ഷീറ്റിലേക്ക് ആ ചിത്രം ആവാഹിച്ചെടുക്കാനുള്ള ശ്രമത്തിനിടെയാണ് പുറകിൽ നിന്നൊരു ശബ്ദം.

"കണ്ണുകൾ വരക്കാൻ ബുദ്ധിമുട്ടായതുകൊണ്ടാണോ ഇങ്ങനെയൊരു ശ്രമം. കറുത്ത രണ്ട് വരകൾക്കിടയിൽ വെള്ളശംഖുപോലെ വരച്ചിടുന്ന ഒന്നല്ല കണ്ണുകൾ. അടഞ്ഞിരിക്കുന്ന കണ്ണിലെ നിഴലുകളെ പ്രതിഫലപ്പിക്കാൻ സാധിക്കണം. ആത്മാവിനെകൂടി അനുഭവിക്കണ്ടെ ?"

ഒന്നും മനസ്സിലാവാതെ മിഴിച്ചുനിന്ന എന്നെ നോക്കി അയാൾ പരിചയപ്പെടുത്തി.

"ഞാൻ അൻവർ, ഇവിടെ ഫിലോസഫി സ്റ്റുഡന്റ് ആണ്". വീണ്ടും എപ്പോഴൊക്കെയോ ആ ശബ്ദം എന്റെ ചിത്രങ്ങളിലേക്ക് ഇറങ്ങിവന്നു.

ആത്മാവ് കണ്ണുകളിൽ ഒളിഞ്ഞിരിക്കും അതിനെ അറിയുന്തോറും ചിത്രങ്ങൾ സ്വതന്ത്ര പിറവികളാവുകയാണ്.

എല്ലാ വികാരങ്ങളും ശക്തമായി പ്രകടിപ്പിക്കുമ്പോഴും അടുക്കും ചിട്ടയുമില്ലാത്ത ഒരുഎക്സ്പ്രഷനിസമാണ് എന്റെ കലയും സ്വഭാവവുമെന്ന് അൻവർ ഇടക്കിടക്ക് പറഞ്ഞുകൊണ്ടിരിക്കും. എല്ലാത്തിലും പുതുമയുള്ള കാഴ്ചകൾ കണ്ടുപിടിക്കുന്ന, നേർത്ത വരകൾകൊണ്ടുപോലും തരംതിരിച്ചെടുക്കാൻ പറ്റാതെ അൻവർ ഇപ്പോഴും മങ്ങിയ നിറങ്ങൾക്കിടയിലെവിടെയോ ഒളിച്ചിരിക്കുകയാണ്.

പിന്നീട് കണ്ണുകൾ മാത്രമായിരുന്നു ക്യാൻവാസുകളെ വിരിയിച്ചത്. ശകുന്തളയുടെ പ്രേമത്തെ വെല്ലുന്ന, എൽസയുടെ പോട്രേറ്റുകളെക്കാൾ ലാസ്യതയുള്ള, മധുരാപുരി എരിച്ചുകളഞ്ഞ കണ്ണകിയേക്കാൾ രോഷമുള്ള കണ്ണുകൾക്ക് ജന്മം നൽകാൻ വർണ്ണങ്ങൾ പരിശ്രമിച്ചുകൊണ്ടേ ഇരുന്നു. ശരീരം ചിതറിത്തെറിച്ച ചായങ്ങൾ മാത്രമായി മാറി.

നിറങ്ങളുടെ വിസ്മയം കണ്ണുകളിലൂടെ ചിതറിവീഴുന്ന തെയ്യങ്ങൾക്കായി ക്യാൻവാസുകൾ ഒരുക്കിതന്നത് അൻവറാണ്. നിറങ്ങൾ ശരീരത്തെയാകെ മത്തുപിടിപ്പിക്കുന്ന ലഹരിയായി. വാട്ടർ പെയിന്റുകളിൽ നിന്നും ഓയിൽ പെയിന്റുകളിലേക്കുള്ള പരിണാമത്തിലും സെനൈലർ ഓയിലും എം ഗ്രാമും തന്നെയാണ് കൈകൾക്ക് വഴങ്ങിയത്.

പുതിയ കണ്ണുകൾക്കും അവയിലൊളിഞ്ഞിരിക്കുന്ന കാഴ്ചകൾക്കും വേണ്ടി മനസ്സ് ദാഹിച്ചുകൊണ്ടേ ഇരുന്നു. സ്റ്റുഡന്റ് എക്സിബിഷൻ ഗാലറിയിൽ 'The color of sight' ന്റെ പ്രദർശനം മുളയ്ക്കാനായി വിങ്ങിയ വിത്തുകൾ പൊട്ടിത്തെറിച്ചപ്പോൾ ബാക്കിയായ തോടുകളുടെ ശൂന്യതയാണ് നൽകിയത്.

അഭിപ്രായങ്ങൾ പലതായിരുന്നു.

നിഗൂഢരഹസ്യങ്ങളെ ഒളിപ്പിച്ച കണ്ണുകൾ.

കടുനിറങ്ങൾകൊണ്ട് ഒപ്പിയെടുത്ത അബ്സേർഡ് ക്യാൻവാസുകൾ

നിറങ്ങളുടെ ഒരു പ്രഹസനം മാത്രമായും ചിലർ അവയെ കണ്ടു എന്നിട്ടും പുതിയ ക്യാൻവാസുകളിൽ ചാർത്തിയിടാനുള്ള കണ്ണുകൾക്കായുള്ള തിരച്ചിൽ തുടർന്നു. മരിക്കാൻ നേരം വല്യമ്മച്ചി വിറങ്ങലിച്ച കൈകൾ അമർത്തിപിടിച്ച് വാക്കുകൾ മുഴുമിക്കാനാവാതെ മലർത്തിയ കണ്ണുകളുടെ നോട്ടത്തിലായിരുന്നു ആ തിരച്ചിലിന്റെ അന്ത്യം. ചുളിഞ്ഞ വെള്ളത്തൊലി ആ കണ്ണുകളെ ഉള്ളിലോട്ട് വലിച്ചു. വീണ്ടും തുറന്നു പിടിച്ച കണ്ണുകളും ക്യാൻവാസും എന്നെ ഭയ

പ്പെടുത്തി. സ്വന്തം ആത്മാവിനെപ്പോലും ഇരുട്ടിൽ തിരഞ്ഞുകൊണ്ടിരുന്ന എനിക്ക് ചൂഴ്ന്ന നോട്ടങ്ങളോട് അറപ്പാണ്. ഇരുട്ട് മാത്രം നിറഞ്ഞ് ചലിക്കാൻ മറന്നുറങ്ങുന്ന കാഴ്ചകളാണ് ഇന്നെന്റേത്. ചുറ്റും നിറയെ ഇരുട്ടാണ്. ഒരു പൊട്ടുവെളിച്ചം പോലും കടന്നു വരാത്ത ഇരുട്ട്.

എന്നിട്ടും ആഴങ്ങളിൽ കിടന്ന് അലയടിക്കുന്ന രണ്ടുശബ്ദങ്ങൾ മാത്രം ചെവിയെ തുളച്ചുകയറുകയാണ്.

അവസാനമായി അൻവർ പറഞ്ഞത്

"പരിണാമമില്ലാത്ത സൃഷ്ടി കലാകാരന്റെ മരണമാണ്. നിറങ്ങൾകൊണ്ട് ശരീരം മറച്ചുപിടിച്ച ഈ കണ്ണുകളെ ഉപേക്ഷിക്കാൻ കഴിയാത്തിടത്തോളം നീ മരണത്തോട് അടുക്കുന്നു".

അമ്മച്ചി പറഞ്ഞു.

"എന്റെ മോള് ഈ പൊട്ടച്ചിത്രങ്ങൾ ഒഴിവാക്ക്, അപ്പച്ചനോട് പറഞ്ഞ് നമ്മക്ക് നല്ല കളറുകൾ വാങ്ങിക്കാം. എന്നിട്ട് അമ്മച്ചിക്കൊരു മാതാവിനെ വരച്ചുതരോ".

മതിയായി... ശരീരത്തെ മറന്ന കണ്ണുകളെ ഇനി എനിക്ക് വേണ്ട. ഒരു നിഴലുപോലെ അവ എന്നെ വേട്ടയാടിയിരുന്നു. പൂഴ്ത്തിവെച്ച ദേഷ്യം ആർത്തിരമ്പിയപ്പോൾ ചായങ്ങൾക്കിടയിൽ ഉന്തിനിന്ന അവറ്റകളെ എരിച്ചുകളയാൻ വേണ്ടി തന്നെയാണ് വാരി പൊത്തി അടുപ്പിലേക്കിട്ടത്. ചിമ്മിനിയിൽ നിന്നും ഉയർന്നുപൊങ്ങിയ പുകയ്ക്കൊപ്പം ഓരോ ചിത്രങ്ങളും സ്വതന്ത്രമായി... ആ തീയിൽ രണ്ട് കപ്പ് കാപ്പി കൂടി തയ്യാർ. കുറുക്കി കുറുക്കി തിളച്ച കാപ്പി ഊതി ഊതി ഇറക്കുമ്പോൾ തൊണ്ടയിൽ പറ്റിപിടിച്ച ചില്ലുകണങ്ങൾ അലിഞ്ഞിറങ്ങുന്ന അനുഭൂതിയാണ്. മുറിച്ചുനൽകിയ ചെവി വാൻഗോവിനു നൽകിയ പരിണാമം എരിച്ചുകളഞ്ഞ കണ്ണുകളിലൂടെ ഞാനും നുകർന്നുകൊണ്ടുരുന്നു.

# മഴയിൽ നനയുന്ന ചിത്രങ്ങൾ

മൃദുല പി

'ഇലപൊഴിയും ശിശിരത്തിൽ
ചെറുകിളികൾ വരവായി'.

ഈ പാട്ടോടുകൂടി ഇഷ്ടഗാനങ്ങൾ അവസാനിക്കുന്നു. കേൾക്കൂ കേൾക്കൂ കേട്ടുകൊണ്ടിരിക്കൂ.

എന്തുകേൾക്കാനാണ്. ഇനി അടുത്ത പരിപാടിയുടെ പേരെന്താണെന്നോ മുത്തുഗൗ, വേറൊന്നും ഇല്ലാഞ്ഞിട്ടാണോ ഇമ്മാതിരി പേരിട്ടത്. കേൾക്കുമ്പോൾ തന്നെ ഒരു തരം വിമ്മിട്ടം. ഇന്നത്തെ പിള്ളേർക്കിതൊക്കെയാണിഷ്ടം. ആസ്തമ വന്നപോലെ ഇടക്ക് കുറച്ചു വലിവുവരുമെങ്കിലും ഇവിടെ ഒരു റേഡിയോ ഉണ്ടായിരുന്നു. രോഹൻ സ്ക്കൂളിൽ പഠിക്കുമ്പോൾ എന്തോ ആവശ്യം പറഞ്ഞുകൊണ്ടുപോയതാണ്. അതിന് ആ അസുഖവുംവെച്ച് അങ്ങോട്ടും ഇങ്ങോട്ടും ഓടാനൊന്നും പറ്റില്ലാന്നൊന്നും അവനും ഓർത്തില്ല... ഒരു ദീർഘനിശ്വാസത്തിൽ അതും അവസാനിച്ചു. രോഹനതിൽ ഒരുപാട് സങ്കടമുണ്ടായിരുന്നു.

അവനറിയാം ആ റേഡിയോ എനിക്കത്ര പ്രിയപ്പെട്ടതാണെന്ന്. ഇല്ല. അങ്ങനെ ആർക്കും പ്രിയപ്പെട്ടതായി ഇവിടെ ഒന്നും നിലനിൽക്കുന്നില്ല... ഒരു ദീർഘനിശ്വാസത്തിന്റെ ഒടുങ്ങിത്തീരലിലേക്കാണ് സർവ്വതിന്റെയും കുതിപ്പ്. എങ്കിലും ഭൂമിയെ പൊതിഞ്ഞുകൊണ്ട് നിലാമഴ പെയ്യുമ്പോൾ നിശാഗന്ധികളെപോലെ ഓർമ്മകൾ നിറഞ്ഞു പതയും.

20 വർഷം മുമ്പ് ഉപേക്ഷിച്ചുപോയ കൊൽക്കത്തയിലേക്ക് തിരിച്ചു വിളിക്കുന്നത് മഹിയും ആ പഴയ റേഡിയോയും മാത്രമാണ്. ഋഷികേശ് തീവാരിയുടെ മുഷിഞ്ഞ പേപ്പറുകൾക്കിടയിലും മഹിയെ എന്നിലേക്കടുപ്പിച്ച് ഒഴിഞ്ഞും മറഞ്ഞും ഞാൻ മൂളാറുള്ള ലതാജിയുടെ പാട്ടുകളും പശ്ചാത്തലത്തിലെ രവീന്ദ്രസംഗീതവുമായിരുന്നു. ശ്വാസം എടുക്കാൻപോലും മറന്നുപോയി. ആറിയ ചായക്കു മുമ്പിലിരുന്ന് വാക്കുകളോടും വാർത്തകളോടും തല്ലുകൂടുമ്പോഴും, കൊൽക്കത്തയിലെ ഫ്ളാറ്റിൽ മഹിയുടെ നെഞ്ചിനോട് ചേർന്നിരുന്ന് നക്ഷത്രങ്ങളെ നോക്കി കിന്നാരം പറയുമ്പോഴും കാതുകളെ തലോ

ടിവരുന്ന സലീൽ ചൗധരിയുടെ പാട്ടുകൾ എ. ഐ. ആറിലെ സ്ഥിരം പശ്ചാത്തലമാണ്.

'ഇത്നാ ന മുജ്സേ തൂ പ്യാർ ബഡാ
കി മേം യേക് ബാദൽ ആവാരാ'.

സംഗീതം തന്നെയായിരുന്നു പ്രണയവും. കടലിന്റെ ആഴങ്ങളിൽ വെളിച്ചത്തെ ഭയന്നു ജീവിച്ച എന്നിലെ ചെറുപുഷ്പങ്ങളെ മഹി ഒരു നേർത്ത കാറ്റുകൊണ്ടാണ് ഉണർത്തിയത്. അന്നെനിക്കു കിട്ടിയ വലിയ സമ്മാനം രോഹനായിരുന്നു. മഴപെയ്തു കോടമൂടിയ കൊൽക്കത്തയുടെ ആകാശത്തിന്റെ മറവിൽ ഞാൻ കാണാതെപോയ ആഴമേറിയ വിണ്ടുകീറലുകളെ ഞാൻ മഹിയുടെ കണ്ണിലൂടെയാണ് നോക്കികണ്ടത്.

തുണ്ടുകഷണങ്ങളായി കീറിമുറിച്ച് തുന്നിചേർക്കാൻ സാധിക്കാതിരുന്ന ജനത, അവർക്കിടയിൽ സ്വന്തം മുഖം നഷ്ടപ്പെട്ട മറ്റു ചിലർ, കൊൽക്കത്തയെകുറിച്ചും ബംഗാളിനെകുറിച്ചും രോഹനോടു പറയുമ്പോൾ ഇതുകൂടി കൂട്ടിചേർക്കേണ്ടിവന്നിട്ടുണ്ട്. ഇതുപോലൊരു മഴയുള്ള രാത്രിയിൽ ഞാനും രോഹനും മഹിയെ കാത്തിരുന്നു. ആ രാത്രി മുഴുവൻ ഞങ്ങളെ തനിച്ചാക്കി മഹി പിറ്റേന്നു രാവിലെ തന്നെ വന്നു. തലേന്നു പെയ്തമഴ അപ്പോഴും തോർന്നിരുന്നില്ല. കൊൽക്കത്തയിലെ ഫ്ളാറ്റിൽ ആളുകൾ തിങ്ങി കൂടി. വെള്ളപുതപ്പിച്ച് മറച്ച ചോര ചിതറിയ മഹിയുടെ ദേഹത്തേക്ക് ഉറുമ്പുകൾ അരിക്കുന്നത് ഞാൻ മാത്രം ശ്രദ്ധിച്ചു. ഇന്നലെ എവിടെയായിരുന്നു എന്നു ഞാൻ എത്ര ചോദിച്ചിട്ടും മറുപടി ഉണ്ടായില്ല. തീവാരി സർ ഫോണിൽ പറഞ്ഞ ഒരു വാചകം മാത്രം ഇന്നും ഓർമ്മയുണ്ട്, 'നക്സലൈറ്റ് ആണെന്നു വിചാരിച്ചത്രെ'.

അന്ന് വെളുത്ത ആകാശത്തോളം ശാന്തമായ ആഴങ്ങളിലേക്ക് മഹി യാത്രയായപ്പോൾ എന്റെയും രോഹന്റെയും സ്വപ്നങ്ങളുടെ ചായം അലിയിച്ചുകളയാൻ വേണ്ടിയാണ് ആ മഴ തോരാതെ പെയ്തതെന്ന് തോന്നി. ഓർമ്മയുടെ പഴുത്തമുറിവുകളെ അവശേഷിപ്പിച്ച് കൊൽക്കത്ത വിടാൻ ഞാൻ തീരുമാനിച്ചു. ഒരിക്കൽ പരന്നു കിടന്നിരുന്ന ആ ചെമന്നചേലയെ വിഴുപ്പുകഷണങ്ങളായി കീറുന്നതുകണ്ട് ഭയന്നിട്ടുതന്നെയാണ് തിരിച്ചുവരാൻ തയ്യാറായത്.

ശ്ശേ... വീണ്ടും വീണ്ടും ഈ കഥ പറഞ്ഞ് ഞനവനെ മുഷിപ്പിക്കും. ഒരുപാട് ദിവസത്തെ അസഹനീയമായ കാത്തിരിപ്പിനൊടുവിൽ അവനൊന്ന് എന്റെയടുത്തേക്ക് വന്നതാണ്. അപ്പോഴാണ് ഈ അടിഞ്ഞുകൂടിയതിനെയെല്ലാം ഞാൻ ഇഴകീറി എടുക്കുന്നത്.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ

പണ്ട് ഭക്ഷണം കഴിക്കാൻ വാശിപിടിക്കുമ്പോൾ ആകാശത്തെ അമ്പിളിമാമനെ നോക്കി പറയാറുണ്ടായിരുന്ന കഥകൾ കേൾക്കുന്ന അതേ തിളങ്ങുന്ന കണ്ണുകളോടെ അവൻ എന്നെതന്നെ നോക്കിയിരുന്നു. ബംഗ്ലൂരുവിൽനിന്ന് എൻജിനിയറിംഗ് കഴിഞ്ഞുവന്നപ്പോൾ ആ മീശയല്ലാത്ത രോഹന്റെ മുഖത്തു കാര്യമായ മാറ്റമൊന്നുമില്ല. വെയിൽ തുളച്ചുകയറി വിണ്ടുകീറിയ മണ്ണിനോടു മഴക്ക് വിശേഷം പറഞ്ഞിട്ടും പറഞ്ഞിട്ടും തീർന്നില്ല. എഫ് എമ്മിൽ മുത്തുഗൗ തീർന്നു. അമ്മയിപ്പോൾ എഫ് എം ആണോ കേൾക്കുന്നത് എന്ന് പറഞ്ഞ് രോഹൻ ബാഗിൽ ഞാൻ കാണാതെ ഒളിപ്പിച്ചുവെച്ച ഒരു പുതിയ റേഡിയോയിൽ ആകാശവാണി ട്യൂൺ ചെയ്തു. പണ്ട് സ്കൂൾ വിട്ട് വരുമ്പോൾ വഴിയിൽനിന്ന് പെറുക്കിയ മിഠായി കടലാസും മഞ്ചാടിക്കുരുവും നെല്ലിക്കയുമെല്ലാം രഹസ്യമായി കാണിച്ചുതരാറുള്ള അതേ ഉത്സാഹമായിരുന്നു അവന്റെ കണ്ണുകൾക്ക്. ആ കണ്ണുകളിൽ ഒരു നിമിഷം അവനെനിക്ക് മഹിയെ കാണിച്ചുതന്നു. ഒരു ബംഗാളിപ്പാട്ടിന്റെ നനുത്ത ഈണത്തോടെ അവനെന്നെ ചേർത്തുപിടിച്ചു. മഴയെ തലോടികൊണ്ടുവന്ന ആ ഇടിയിൽ ഞാൻ പറമ്പിൽ പാകിയ ചീരയും പയറുമെല്ലാം മുളയിട്ടിട്ടുണ്ടാകും.

മഴയുടെ കനത്ത ശബ്ദത്തിനെ ഭേദിച്ച് പുതിയ റേഡിയോയിൽ ശ്രേയയുടെ ശബ്ദം ചിതറി...

– മാധ്യമം 2015 ഏപ്രിൽ 13

# അടിവേരുകൾ

അനഘ ടി ആർ

അതിസാഹസികമായ ഉദ്യമമാണ് ഞാൻ ഏറ്റെടുത്തിരിക്കുന്നത്. ഒരാളെ കൊല്ലുകയെന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ലല്ലോയെന്ന് നിങ്ങൾ പറഞ്ഞേക്കാം. പാലിൽ ഉറക്കഗുളികകൾ ചേർത്തോ, കൊന്ന് കെട്ടിതൂക്കിയോ കൃത്യം നിർവഹിക്കുകയുമാവാം. പക്ഷെ, ഞാനുദ്ദേശിക്കുന്നത് അത്തരമൊരു കൊലപാതകമല്ല. കുടിയിറക്കലാണ്. അതത്ര എളുപ്പമല്ല. ഹൃദയത്തിൽ വേരുകൾ ആഴ്ത്തി പടർന്നു പന്തലിച്ചിരിക്കുന്ന ആ മഹാവൃക്ഷത്തെ ഒറ്റയടിക്ക് എനിക്ക് ഒരിക്കലും പിഴുതുമാറ്റാനാവില്ല. കെട്ടുപിണഞ്ഞുകിടക്കുന്ന ഓർമ്മയുടെ വേരുകളിൽ നിന്ന് ഹൃദയത്തെ അടർത്തിമാറ്റണം. അതെങ്ങനെ എളുപ്പമാകും ?

കുട്ടിക്കാലം മുതലേയുള്ള ഓർമ്മകളിൽ ചികയുകയാണ് അച്ഛന്റെ മറ്റൊരു മുഖത്തിനുവേണ്ടി. അങ്ങനെയൊന്ന് കണ്ടെത്താനാവുന്നില്ല. രൗദ്രഭീമൻ അച്ഛനിൽ സന്നിവേശിച്ചിട്ടില്ലേ, അല്ലെങ്കിൽ ഒരു പിശാച് ... അങ്ങനെയെങ്കിൽ അച്ഛൻ തീർച്ചയായും ഒരു നാട്യക്കാരൻ തന്നെ. ഒരു മിഥ്യ. മുഖംമൂടി അണിഞ്ഞവൻ... ഞാൻ മനസ്സിനെ പറഞ്ഞുപഠിപ്പിച്ചുകൊണ്ടേയിരുന്നു.

അച്ഛന്റെ കോപിച്ച് തുടുത്ത മുഖം ഒരേയൊരു തവണ മാത്രമായിരുന്നു എനിക്കു മുന്നിൽ വെളിപ്പെട്ടത്. അത് അമ്മയുടെ ആണ്ടു ദിവസമായിരുന്നു. പടിഞ്ഞാറ്റകത്തെ മരപ്പലകകളിലേക്ക് ആവാഹിച്ചിരുത്തിയ ആത്മാക്കൾക്കായി പുഴുക്കും ഇളനീരും വീതിക്കുന്ന ദിവസം. ആത്മാക്കളും തത്വചിന്തയും ദൈവങ്ങളും ഉഴുന്നു മറിച്ചിട്ട മനസ്സിലെ നിഷേധി കൂസലില്ലാതെ ചോദ്യമുയർത്തിയ നേരം അച്ഛനിൽ ശബ്ദമുയരുന്നതും ആക്രോശമായി മാറ്റൊലികൊണ്ടതും ആദ്യമായി അറിഞ്ഞു. പതിനെട്ടുകാരിയുടെ പക്വത ചമഞ്ഞ് ചോദ്യങ്ങൾ ചോദിച്ച ഞാൻ എട്ടുവയസ്സുകാരിയെപ്പോലെ കരയുകയാണ് പിന്നീട് ഉണ്ടായത്. എന്റെ കരച്ചിലിന്റെ ഏറ്റക്കുറച്ചിലുകൾ തളംകെട്ടി നിന്ന ആ രാത്രി അച്ഛൻ എന്റെ നിറു കയിൽ വിരലുകൾ ഓടിച്ചുകൊണ്ടേയിരുന്നു. ആ വീടിന്റെ അകത്തളങ്ങളിൽ നിന്ന് ഞാനും ഓടിപ്പോകുമോയെന്നച്ഛൻ ഭയപ്പെട്ടിരിക്കാം. ഏട്ടൻ വീടുവിട്ട് ഇറങ്ങിപോയിട്ട് മൂന്നുവർഷം തികയുന്ന രാത്രിയായിരുന്നു അത്.

അച്ഛനെ മനസ്സിൽ നിന്ന് കുടിയിറക്കാൻ കാരണമിതാ എനിക്കു മുമ്പിൽ വന്നുനിൽക്കുന്നു– ഏട്ടന്റെ തിരോധാനം. എന്തിനായിരുന്നു,

എവിടേക്കായിരുന്നു ആ ഇറങ്ങിപ്പോക്കെന്ന് ഇപ്പോഴും അജ്ഞാതം. ജിപ്സിവേഷത്തിൽ ഏട്ടൻ ഇടയ്ക്കൊക്കെ എനിക്ക് സ്വപ്നദർശനം നൽകാറുണ്ട്. ഏട്ടനും അച്ഛനും രണ്ടു ധ്രുവങ്ങളായിരുന്നു. ഞാൻ അവർക്കിടയിലെ കടലും.

ഏട്ടന്റെ തിരോധാനം ശക്തമായൊരു കാരണമല്ലെന്ന തിരിച്ചറിവിലാണ് ഞാൻ അമ്മ വീട്ടിലേക്ക് നടന്നത്. അച്ചനെ കുറ്റവാളിയാക്കുക എളുപ്പമല്ലെന്ന് എനിക്കപ്പോൾ ബോധ്യമായി. അവിടെയെല്ലാവരും എനിക്ക് അപരിചിതരാണ്. അമ്മൂമ്മ പോലും അവിശ്വാസത്തോടെയാണ് നോക്കുന്നത്. അമ്മയുടെ ഒരു സാമിപ്യവും എന്നിൽ അവശേഷിക്കുന്നില്ലല്ലോയെന്നോർത്ത് എനിക്കാദ്യമായി നിരാശ തോന്നി.

പഴയ വഴക്കുകളെ ചിക്കിച്ചികയാനാണ് അയൽക്കാരെ തേടിയിറങ്ങിയത്. അന്വേഷണം വെറുതെയായില്ല. പെരുപ്പിച്ച് വലുതാക്കാൻ കഴിയുന്ന കുറച്ചുപേരെ തന്നെ ഒത്തുകിട്ടി. അവരാണ് ആ കാരണത്തിലേക്ക് എന്നെ എത്താൻ സഹായിച്ചത്. മാനസിക പീഡനം മൂലം അമ്മ മരിച്ചിരിക്കുന്നു. എല്ലാ അമ്പുകളും അച്ഛനു നേരെത്തന്നെ.

ഇഷാന്തിനോട് നാളെത്തന്നെയാവാം നമ്മുടെ വിവാഹമെന്ന് വിളിച്ചുപറയുമ്പോൾ കാരണം കിട്ടിയതിന്റെ സന്തോഷത്തിലായിരുന്നു ഞാൻ. അത്യാവശ്യം ഡ്രസ്സുകളും എടുത്ത് കോളേജിലേക്കെന്ന ഭാവേന ഇറങ്ങിയപ്പോൾ കുറ്റബോധത്തിന്റെ ഒരണുവും എന്നെ ബാധിച്ചിരുന്നില്ല. എന്നാൽ യാത്രപറച്ചിലിന്റെ ഘട്ടം എത്തിയപ്പോൾ തൊണ്ടയിൽ അക്ഷരങ്ങൾ കിടന്ന് കുരുങ്ങി.

രജിസ്റ്റാർ ഓഫീസിലെ നീണ്ട ബുക്കിൽ പേരെഴുതി ഒപ്പിടുമ്പോൾ നിമ്യദാസൻ നിമ്യഇഷാന്തായതിന്റെ സന്തോഷം കണ്ണുകളിൽ നിറഞ്ഞു.

ഞാൻ എഴുതിവച്ച കത്ത് അച്ഛൻ പൊട്ടിച്ചുവായിക്കുന്നതും കണ്ടാണ് ഞെട്ടിയുണർന്നത്. ബലമുള്ള വേരുകളാൽ അച്ഛനെന്നെ കെട്ടിവരിയുകയായിരുന്നു. ഉറക്കം നഷ്ടപ്പെട്ട് കിടക്കയിലേക്ക് വീണപ്പോൾ വീണ്ടും പൊട്ടിക്കരയണമെന്ന് തോന്നി. അതേ ദിവസമാണിന്ന്. എന്റെ പഴയ പൊട്ടിക്കരച്ചിലിന്റെ ദിവസം.

അച്ഛൻ നെറുകയിൽ രൂപങ്ങൾ വരയ്ക്കുന്നതായി സങ്കല്പിച്ച് കണ്ണുകൾ അടച്ചു. ആവാഹിച്ച് തിരുനെല്ലിയിൽ കൊണ്ടുപോയാൽ ആത്മാക്കളുടെ ശല്യം ഉണ്ടാവില്ല... ഉറക്കത്തിൽ ഇഷാന്തിന്റെ ചിരിയും സംസാരവും. ആത്മാവും സ്നേഹവും പ്രണയവും വീണ്ടുമെന്റെ ഹൃദയവും ഉഴുതുമറിച്ചിടാൻ തുടങ്ങി.

സാഹിത്യവേദി
എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ